UNIVERSITY LIBRARY 6 DEC 1931 MADRAS
187

# ഐകരളി

പുസ്തകം ൧൩ | ൧൧൦൭ തുലാം | ലക്കം ൭.

## സാംസ്കൃതഭാഷാഭ്യസനം.

(തുടച്ച്)

"സതോബന്ധുമസതി നിരവിന്ദൻ ഹൃദിപ്രതീയകവയോമനീഷാ" എന്നു ശ്രുതി ഘണ്ടാവാദനം ചെയ്യുന്നു. ദൃഷ്ടങ്ങളെക്കൊണ്ടുമാത്രം അവർ തൃപ്തിപ്പെട്ടില്ല; ദൃഷ്ടങ്ങളിൽനിന്നു ബുദ്ധികൊണ്ടു് അദൃഷ്ടങ്ങളെ സാക്ഷാൽകരിച്ചു. "തസ്മാദൃഷയോ അവരേഷു ന ജായന്തേ നിയമാതിക്രമാൽ, ശ്രുതർഷയസ്തു ഭവന്തികേചിൽ കമ്മഫലവിശേഷേണ പുനസ്സംഭവേ; യഥാശ്വേതകേതുഃ" ഈ വാക്യങ്ങളിൽ അനന്തരകാലങ്ങളിൽ ഋഷിമാർ സാധാരണമായി ജനിക്കുന്നില്ലെന്നും കമ്മഫലവിശേഷംകൊണ്ടു് ഏതാനും ചിലർമാത്രം പുനജ്ജന്മം സ്വീകരിച്ചു ലോകോപകാരം ചെയ്യുന്നു" എന്നും ആപസ്തംബൻ തൻെറ കാലമായ ക്രി. മു. മൂന്നാംശതകത്തിലെ അവസ്ഥയെ വണ്ണിക്കുന്നു.

"ശിഷ്യോ ഗുരുഗൃഹം യാതി;
നഹിശിഷ്യഗൃഹം ഗുരുഃ"

എന്നു ക്രി. പി. പതിനൊന്നാംശതകത്തിൽ ജീവിച്ചിരുന്ന ക്ഷേമേന്ദ്രമഹാകവി പ്രസ്താവിക്കുന്നതിൽനിന്നു് അക്കാലത്തുപോലും ഗുരുകുലവാസം അവിരളപ്രചാരമായിരുന്നു എന്നനുമാനിക്കാം. വിദ്യാരണ്യൻെറ കാലമായ പതിമ്മൂന്നാംശതകത്തിൽ അപണ്ഡിതന്മാരുടെ സംഖ്യ അധികമായിക്കഴിഞ്ഞിരുന്നു.

"ചതുർവ്വേദവിദേദേയ-
മിതിശ്രുണ്വന്നവോചത;
വേദാശ്ചത്വാര ഇത്യേവം
വേദ്മി; മേ ദീയതാമിതി"

എന്നു് അത്തരക്കാരെ അദ്ദേഹം ഫലിതോക്തിയിൽ അവഹേളനം ചെയ്യുന്നു. ചതുർവ്വേദവിത്തിനു പണക്കിഴി സമ്മാനിക്കാമെന്നു് ഒരു രാജാവു വിളംബരം ചെയ്തു. അതു കേട്ടു് ഒരു മണ്ടശ്ശിരോമണി, "വേദങ്ങൾ നാലാണെന്നു ഞാനറിയുന്നു; ആ കിഴി എനിക്കു തരണേ!", എന്നപേക്ഷിച്ചു. നോക്കണേ ധാർഷ്ട്യം! അജ്ഞാനമാകുന്ന കംബളത്താൽ ആവൃതനായവനു കമ്പമെന്നൊന്നിൻെറ ബാധയേ കാണുകയില്ലല്ലോ. ക്രി. പി. പതിനെട്ടാംശതകത്തിൽ ജീവിച്ചിരുന്ന രാമഭദ്രദീക്ഷിതരുടെ കാലത്തിൽ കഥ പാടേ മാറി. അക്കാലത്തെ ഗുരുശിഷ്യകലഹത്തെപ്പററി അദ്ദേഹം വിശ്വഗർഭസ്തവത്തിൽ,

"കിന്ത്വം മേ നിയതാം ദദാസി ന ഭൃതിം യസ്സമ്യഗധ്യാപ്യസേ?
നിർണ്ണീതാംഭൃതിമപ്यये ന ഭവതേ നാധ്യാപയസ്യേവയഃ"

എന്നു വർണ്ണിക്കുന്നു. ഞാൻ നിന്നെ നല്ലപോലെ പഠിപ്പിക്കുന്നുണ്ടല്ലോ; പിന്നെ നീ എനിക്കു നിശ്ചയിച്ചിട്ടുള്ള വേതനം തരാത്തതെന്തെന്നു ഗുരു; അങ്ങെന്നെ പഠിപ്പിക്കുന്നേ ഇല്ലല്ലോ; അതുകൊണ്ടു ഞാൻ അങ്ങേയ്ക്കു നിശ്ചയിച്ചിട്ടുള്ള വേതനം തരികയില്ലെന്നു ശിഷ്യൻ. അധ്യാപനവും വേതനവുമായുള്ള ബന്ധം ഗുരു ശിഷ്യന്മാരെ എത്രദൂരം അധഃപതിപ്പിച്ചു എന്നു നമുക്കു് ഈ വാഗ്വാദത്തിൽനിന്നു ഗ്രഹിക്കാവുന്നതാണു്. "കുഹകമായാശാഠ്യാഹങ്കാരദംഭാനൃതവർജ്ജിത"ന്മാരും ആപ്തകാമന്മാരുമായ പണ്ടത്തെ മഹർഷിമാരെവിടെ? അവരുടെ അന്ധബുദ്ധികളായ ഇന്നത്തെ അനന്തരഗാമികളെവിടെ? വിപുലമാകുന്നു വിദ്യ. ഭരദ്വാജൻ മൂന്നു ജന്മങ്ങൾകൊണ്ടു് അഭ്യസിച്ച ഭാഗങ്ങൾ മുഷ്ടിത്രയമാത്രപരിമിതങ്ങളാണെന്നും "അനന്താഃ ഖലുവേദാഃ" എന്നും ശ്രുതിതന്നെ ഉൽബോധിപ്പിക്കുന്നുണ്ടു്. ഗഹനമാകുന്നു വിദ്യ.

"വേശ്യാനാമിവ വിദ്യാനാം
ബഹവസ്സന്തി ഭോഗിനഃ;
ഹൃദയഗ്രാഹിണസ്താസാം
വിരളാസ്സന്തി വാ നവാ."

എന്ന ആപ്തവാക്യം എത്രയോ പരമാർത്ഥമാണു്. വിദ്യകൾക്കു വേശ്യകൾക്കെന്നപോലെ ഭോഗികളായ പലരുമുണ്ടെങ്കിലും ഹൃദയഗ്രാഹികളായി എതാനും ചിലരെങ്കിലുമുണ്ടോ എന്നുള്ളകാര്യം സംശയഗ്രസ്തമാകുന്നു. "എന്നിട്ടും വിദ്യായാംവ്യസനം" എന്നുള്ളതു് ഇക്കാലത്തു് അപൂർവ്വമാണു്. "വിദ്യ എത്രയെങ്കിലും വേണമെങ്കിൽ വന്നുകൊള്ളട്ടെ; എനിക്കതിൽ വ്യസനമില്ല, എന്നു് ഒരു ശിഷ്യൻ പരേതനായ പന്തളത്തു കേരളവർമ്മതമ്പുരാനോടു് ഇതിൻെറ അർത്ഥം വ്യാഖ്യാനം ചെയ്തു

തായി അവിടുന്ന് ഒരിക്കൽ എന്നോടു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു മതിയാകയില്ല. ദ്വൈതത്തിൽ രണ്ടുലക്ഷവും അദ്വൈതത്തിൽ ഒരു ലക്ഷവും ഗ്രന്ഥങ്ങൾ വായിച്ചുകഴിഞ്ഞു എങ്കിലും "അദ്ധ്യാപിവിദ്യാലാഭായ ജാഗമ്മ്യേവ ജരന്നപി" എന്നു പറഞ്ഞു വഷീയാനായ പള്ളിപ്പുറത്തു നമ്പൂരി. അത്തരത്തിലുള്ള മഹാന്മാർ—പണ്ഡിതരാജനും സഹൃദയതിലകനുമായ നമ്മുടെ രാമപ്പിഷാരടിയെപ്പോലെയുള്ളവർ—ആണ് നമുക്ക് ആദർശപുരുഷന്മാർ.

അഹോജ്ഞാന മഹോജ്ഞാന-
മഹോസുഖ മഹോസുഖം,
അഹോശാസ്ത്ര മഹോശാസ്ത്ര-
മഹോഗുരു രഹോഗുരുഃ".

എന്നുതന്നെ മറന്ന് ഉന്മത്തഗാനം ചെയ്യുവാൻ നമ്മുടെ രസനാസന്നദ്ധമാകട്ടെ. "ആജീവനാന്തം, ഗ്രഹണാന്തം വാ ജീവിതസ്യാസ്ഥിരത്വാൽ" എന്നു ഗുരുകുലവാസത്തിൻെറ പരിധി മഹർഷിമാർ പണ്ടു നിർദ്ദേശിച്ചിരുന്നു. ഗ്രഹണം വരുത്തുമെങ്കിലും അഭ്യസിക്കാത്ത വിദ്യകൊണ്ട് ആർക്കാണു പ്രയോജനം?

"സംസ്കൃതവിദ്യാർത്ഥികൾക്കു ധനസമ്പാദനം ഇക്കാലത്തു സുകരമല്ലല്ലോ! പിന്നെ അവർ എന്തിന് ആ ഭാഷ അഭ്യസിക്കുന്നു?" എന്നൊരു പ്രശ്നം ഇവിടെ പ്രാസങ്ഗികമായി ഉണ്ടാകാം. ധനസമ്പാദനം ആവശ്യംതന്നെ; സംശയമില്ല. പക്ഷെ സന്തുഷ്ടിദായകമായി ശാന്തിപ്രാപകമായുള്ള വിദ്യാഭ്യാസമാണു സംസ്കൃതദ്വാരാ നമുക്കു ലഭിക്കുന്നത്. ഉപശമഫലാദ്വിദ്യാബീജാൽ" എന്നാകുന്നു അതിനെ ആചാര്യഹേമചന്ദ്രൻ വർണ്ണിച്ചിട്ടുള്ളത്. സംസ്കൃതവിദ്യാഭ്യാസം നമ്മെ ശീലവാന്മാരാക്കും; ധർമ്മിഷ്ഠരാക്കും; ആനന്ദയോഗികളാക്കും; മോക്ഷസാധനസാമഗ്രി സമ്പാദിക്കുവാൻ ശക്തന്മാരാക്കും; കോടീശ്വരന്മാരാക്കുകയില്ല. ആകണമെന്നു നമുക്കു തോന്നുകയുമില്ല. കൈവല്യസൌധത്തിൻെറ കവാടോൽഘാടനത്തിനുള്ള കുഞ്ചികയാകുന്നു സംസ്കൃതശിക്ഷ; അതുകൊണ്ടുപണ്ടത്തെക്കാലത്തും ലോകയാത്രയ്ക്കു അപരിഹരണീയമായ ധനം മാത്രമേ അഭിജ്ഞന്മാർ നേടിയിരുന്നുള്ളു. പ്രവാഹണ മഹാരാജാവ് ആരുണിയോട് അങ്ങേയ്ക്കു ധനംവേണമോ" എന്നു ചോദിച്ചപ്പോൾ "തവൈവരാജൻ മാനുഷം വിത്തം; മനുഷ്യദൃഷ്ടിയിൽ ധനമെന്നുതോന്നുന്ന വസ്തു അങ്ങേയ്ക്കുതന്നെയിരിക്കട്ടെ" എന്ന് ആ മഹാത്മാവു മറുപടി പറഞ്ഞതായി ഛാന്ദോഗ്യോപനിഷത്തിൽ കാണുന്നു. എന്നാൽ ജനകമഹാരാജാവു യാജ്ഞവല്ക്യനോടു "കിമർത്ഥമചാരീഃ പശൂനിച്ഛൻ സീ അണ്വന്താൻ?— അ

ങ്ങെന്തിനുവന്നു? പശുക്കളെ ആഗ്രഹിച്ചോ വേദാന്തവ്യവഹാരത്തി
നോ?" എന്നു ചോദിച്ചപ്പോൾ "ഉഭയമേവസമാഡ്—മഹാരാജാവേ ര
ണ്ടിനും വേണ്ടിത്തന്നെ" എന്നു മറുപടി പറഞ്ഞതായി ബൃഹദാരണ്യ
കോപനിഷത്തിൽ കാണുന്നു. ഈ രണ്ടുത്തരങ്ങൾക്കുമുള്ള ഭേദം ആരു
ണിയുടേയും യാജ്ഞവല്ക്യന്റേയും താൽകാലികമായ കോശസ്ഥിതിയാ
ണ്. ഭാരതീയ ഭരണാധികാരികൾ പ്രത്യേകിച്ചു ഹിന്ദുരാജാക്കന്മാർ—
ഈ വിഷയത്തിൽ പൂർവ്വാധികം ദൃഷ്ടിവെക്കേണ്ട കാലം ആസന്നമായിരി
ക്കുന്നു. 'നിരാശ്രയാ ന ശോഭന്തേ പണ്ഡിതാവനിതാലതാഃ" എന്നുള്ള അ
ഭിയുക്ത വചനം സംസ്കൃതപണ്ഡിതന്മാരെ സംബന്ധിച്ചിടത്തോളം ഇ
ന്നു അക്ഷരം പ്രതി അൎത്ഥവത്താണ്. സംസ്കൃതജ്ഞന്മാൎക്ക് ഹസ്താവ
ലംബം നല്കുവാൻ ഹിന്ദുരാജാക്കന്മാർ പലപ്രകാരത്തിൽ ശക്തന്മാരാ
ണ്. സംസ്കൃതഭാഷ പഠിക്കുവാൻ നാട്ടിലെങ്ങും വേണ്ട സൌകൎയ്യം
ഉണ്ടാക്കുക; പ്രധാന നഗരങ്ങളിൽ ഉൽകൃഷ്ട വിദ്യാശാലകൾ ഏൎപ്പെടു
ത്തുക; പരീക്ഷാ വിജയികളെ അവൎക്കു യോജിച്ച ഉദ്യോഗങ്ങളിൽ നിയ
മിക്കുക; വിദ്വൽ സദസ്സുകളിൽ വെച്ച് ഉത്തമാധികാരികൾക്കു ബിരു
ദം, പണക്കിഴി മുതലായ സംഭാവനകൾ നല്കുക; പ്രാചീന സമ്പ്രദായ
ത്തിൽ ഗുരു കുലം സ്ഥാപിക്കുക; അവിടെ ആത്മവിദ്യ പ്രത്യേകമായി
പരിശീലിപ്പിക്കുക; അന്യരാജ്യങ്ങളിൽ ധൎമ്മപ്രചാരണത്തിനായി പ
ണ്ഡിതന്മാരെ അയയ്ക്കുക, മുതലായ പല പദ്ധതികൾ ഹിന്ദുരാജാക്കന്മാ
രുടെ ചിന്തയ്ക്കു വിഷയീഭവിക്കാം. അവർ ആഡംബരങ്ങൾക്കും ആഘോ
ഷങ്ങൾക്കുമായി ചെലവുചെയ്യുന്ന ഭീമമായ ദ്രവ്യപൎവ്വതത്തിന്റെ ഒരു
പരമാണു ഈ സൽകൎമ്മത്തിനായി നീക്കിവെയ്ക്കാമെങ്കിൽ അവൎക്കു പു
ണ്യവുമായി; ലോകത്തിന്നു അനുഗ്രഹവുമായി. മാതൃഭൂമിയുടെ പേരിനും
പെരുമയ്ക്കും വേണ്ടി തുച്ഛമായ ഈ ത്യാഗം ചെയ്യുന്നതിനു വേണ്ട മാന
സിക സംസ്കാരവും ഭാവനാകുശലതയുമില്ലാത്തവരല്ലല്ലോ ആ അഭ്യസ്ത
വിദ്യർ. സംസ്കൃതജ്ഞന്മാരെ രാജാക്കന്മാർ സംരക്ഷിക്കണം: സംസ്കൃത
ജ്ഞന്മാർ ഭാരത ഖണ്ഡത്തെ രക്ഷിച്ചുകൊള്ളും.

"വിദ്യാസന്തതിവീരുധഃ പരഗുരോർ-
ദൃഷ്ടിഃ പയഃസ്സേചനം;
ഭക്തിസ്സുസ്ഥിരമാലവാല,മധികാ-
ഭ്യാസാഗമോദോഹദഃ;
പാണ്ഡിത്യം നവപല്ലവം; വികസിതം
പുഷ്പം പ്രയോഗജ്ഞതാ;
സ്വാദീയസ്തു ഫലം സഭാസുവിദുഷാം
ഭൂയഃ ശിരഃ കമ്പനം."

എന്നു വിദ്ദ്യയുടെ മറെറാരു പ്രയോജനമായ യശസ്സിനെപ്പററി കവികഠം വൎണ്ണിക്കാറുണ്ടു്. വിദ്ദ്യാലതയ്ക്കു ഗുരുവിൻെറ ദൃഷ്ടിയാണു പയസ്സേകം; ഗുരുഭക്തിയാണു സ്ഥിരമായ തടം; നിരന്തരമായ അഭ്യാസമാണു വളം; പാണ്ഡിത്ത്യമാണു തളിര്; പ്രയോഗിക്കുവാനുള്ള സാമൎത്ഥ്യമാണു പൂവ്; സ്വാദീയസ്സായ ഫലമോ സഭകളിൽ വിദ്വാന്മാരുടെ വീണ്ടുംവീണ്ടുമുള്ള ശിരഃകമ്പനവുമാണ്. കേരളീയരായ വിദ്വാന്മാർ മുൻകാലങ്ങളിൽ കാഞ്ചിപുരം, തഞ്ചാവൂർ, പൂനാ, കാശി മുതലായ വൈദുഷ്യകേന്ദ്രങ്ങളിൽ പോയി അവരുടെ വിദ്ദ്യാലതയെ ഇത്തരത്തിലുള്ള ഫലയോഗത്താൽ ചരിതാൎത്ഥമാക്കിയിരുന്നതായി ഐതിഹ്യങ്ങളുണ്ടു്. ഇന്നും പ്രഭുക്കന്മാരുടെ സഹായമുണ്ടാകുമെങ്കിൽ അവൎക്കു് അതിന്നു പ്രയാസമില്ല.

സംസ്കൃതപണ്ഡിതന്മാൎക്കു് ഒരു ദോഷം അവരുടെ ഹ്രസ്വദൃഷ്ടിയാണെന്നു ആധുനികപരിഷ്കാരികഠം പറയാറുണ്ടു്. ഇതു മുഴുവൻ സത്ത്യമല്ല. ആപസ്തംബൻെറ ധൎമ്മസൂത്രങ്ങഠം, യാജ്ഞവല്ക്യൻെറ സ്മൃതി, വ്യാസൻെറ മഹാഭാരതം മുതലായ ഗ്രന്ഥങ്ങഠം വായിച്ചാൽ നമുക്കു പ്രാചീനഭാരതീയരുടെ വിശാലബുദ്ധിയെപ്പററി അതിരും എതിരും അററ വിസ്മയം സ്വാഭാവികമായി ഉണ്ടായിക്കൊള്ളും. വാസ്തവത്തിൽ അപ്പോഴപ്പോഠം ജീവിച്ചിരുന്ന വ്യാഖ്യാതാക്കന്മാർ ശ്രുത്യാദിപൂൎവ്വഗ്രന്ഥങ്ങഠംക്കു കാലാനുസൃതമായി അൎത്ഥയോജനം ചെയ്യിട്ടുണ്ടു്. "ദുഹിതാ മേ പണ്ഡിതാ ജായേത" എന്ന ബൃഹദാരണ്യകോപനിഷദ്വാക്യത്തിന്നു ഭാഷ്യംചെയ്യുമ്പോഠം ശങ്കരഭഗവൽപാദർ "സ്ത്രീദുഹിതുഃ പാണ്ഡിത്യം ഗൃഹതന്ത്രവിഷയമേവ; വേദേ അനധികാരാൽ" എന്നു് ആ വാക്യത്തിൻെറ അൎത്ഥം സങ്കുചിതമാക്കുന്നതു് അധിഷ്ഠാനരഹിതമെന്നാണ് എൻെറ ഇളയ ബുദ്ധിക്കു തോന്നീട്ടുള്ളതു്. ശൌനകൻെറ ബൃഹദ്ദേവതയിൽ ശ്രൌതകാലത്തു ജീവിച്ചിരുന്ന 27 ബ്രഹ്മവാദിനികളുടെ പേർ രേഖപ്പെടുത്തീട്ടുണ്ടു്. ഇവരിൽ ദീൎഘതമസ്സിൻെറ പൌത്രിയായ ഘോഷ, ആത്രേയഗോത്രജയായ വിശ്വാവര, അത്രിപുത്രിയായ അപാല, അഗസ്ത്യപത്നിയായ ലോപാമുദ്ര, ബൃഹസ്പതിനന്ദിനിയായ രോമശ ഇത്യാദിബ്രഹ്മവാദിനിമാർ മന്ത്രങ്ങളെ ദൎശിച്ചവരാണ്. വചക്നുവിൻെറ പുത്രിയായ ഗാൎഗ്ഗിയും, യാജ്ഞവല്ക്യൻെറ പത്നിയായ മൈത്രേയിയും, ഗഹനഗഹനങ്ങളായ വേദാന്തവാദങ്ങളിൽ പങ്കു കൊണ്ടവരാണ്. ബൃഹദാരണ്യകോപനിഷത്തിൽ "തയോൎഹമൈത്രേയീ ബ്രഹ്മവാദിനീ ബഭൂവ; സ്ത്രീപ്രജ്ഞൈവതൎഹികാത്ത്യായനീ" എന്ന ഭാഗം വ്യാഖ്യാനിക്കുമ്പോഠം ശങ്കരഭഗവാൻ സ്ത്രീപ്രജ്ഞയ്ക്കു "ഗൃഹപ്രയോജനാന്വേഷണ ലക്ഷണാ" എന്ന അൎത്ഥകല്പന ചെയ്യുന്നു. സ്ത്രീപ്രജ്ഞകളല്ലാത്ത സ്ത്രീകളും വൈദികകാലത്തു ധാരാളമായി ജീവിച്ചു മന്ത്രങ്ങഠം ദൎശിക്കുകയും അദ്വൈതവാദങ്ങ

ളിൽ ഭാഗഭാക്കുകളാകുകയും ചെയ്തിരിക്കെ സ്ത്രീകൾക്കു വേദത്തിനധികാരമില്ലെന്നു ഭഗവാൻ വ്യവസ്ഥാപിക്കുന്നതു ക്രി. പി. എട്ടാം ശതകത്തിൽ താൻകണ്ട പരിതഃസ്ഥിതികളിൽനിന്നു തനിക്കു നിശ്ശേഷം വിമുക്തനാകുവാൻ സാധിക്കാത്തതിനാലായിരിക്കണമെന്നു സമാധാനപ്പെടാം. പണ്ടത്തെ വ്യാഖ്യാതാക്കന്മാർക്കു മൂലാത്ഥം സങ്കോചിപ്പിക്കാമെങ്കിൽ ഇന്നത്തെ വ്യാഖ്യാതാക്കന്മാർക്കു വികസിപ്പിക്കുകയും ചെയ്യാം. സൂക്ഷ്മദൃഷ്ട്യാ ശ്രുതിസ്മൃതികൾ പരിശോധിക്കുമ്പോൾ നമുക്ക് ഇന്നു പാശ്ചാത്യസംസ്കാരവുമായുള്ള സമ്പക്കം നിമിത്തം സ്വീകാര്യങ്ങളെന്നു തോന്നീട്ടുള്ള എല്ലാ ആചാരപരിഷ്കാരങ്ങൾക്കും അവ പ്രവേശമനുവദിക്കുന്നു എന്നു കാണാം. ഭാരതഭൂമി സ്വാതന്ത്ര്യമനുഭവിച്ച ഒരു കാലത്തായിരുന്നു ആ ഗ്രന്ഥങ്ങൾ ജനിച്ചതു്. ആ ദേവിപാരതന്ത്ര്യത്തിൽ നിന്നു മോചനം നേടുവാൻ പോകുന്ന ഒരു കാലത്തു് അവയെ നാം പരിപൂണ്ണമായ അത്ഥവ്യാപ്തിയിൽ ഗ്രഹിക്കണം. ആ ഉദ്ദേശം ഏതു വിധത്തിൽ സാധിക്കുമോ ആ വിധത്തിൽ ഇന്നത്തെ സംസ്കൃതപണ്ഡിതന്മാർ അവരുടെ വീക്ഷണംകൊണ്ടും ശരിപ്പെടുത്തണം. കുർക്കൊടിയിലെ ശങ്കരാചാൎയ്യർ (ലിങ്ഗേശ മഹാഭാഗവതൻ) മുതലായ വൈദികന്മാരും ഭാരതഭൂമിയുടെ പ്രാചീന മനസ്സിന്റെ പുരുഷാവതാരമായ മദന മോഹനമാളവീയ മുതലായ ലൌകികന്മാരും അവൎക്ക് ഈ വിഷയത്തിൽ മാൎഗ്ഗോപദേശികളാകുന്നു. ഗംഗാഭട്ടൻ ശിവാജിയെ കിരീടധാരണം ചെയ്യിച്ചതു് "ക്ഷതത്തിൽ നിന്നു ത്രാണം ചെയ്യുന്നവൻ ക്ഷത്രിയനാണോ" എന്നു് അന്നത്തെ ഗതാനുഗതികന്മാരായ പണ്ഡിതന്മാരോടു ചോദിച്ചു് 'അതേ'! എന്നു അവരുടെ മറുപടി വാങ്ങിയതിനു മേലായിരുന്നു. ക്രി. പി. പതിനെട്ടാം ശതകത്തിന്റെ പൂൎവാൎദ്ധത്തിൽ ജീവിച്ചിരുന്ന വെങ്കടാധ്വരി കാണ്ഡപൃഷ്ഠന്മാരായ മഹാരാഷ്ട്രബ്രാഹ്മണരെപ്പററി ദോഷൈകദൃക്കായ കൃശാനു അപവദിക്കുമ്പോൾ ഗുണഗ്രാഹിയായ വിശ്വാവസുവിനെക്കൊണ്ടു്!

"ചമൂനിയമനേനവാ
  ജനപദാധികാരേണവാ
ദ്വിജവ്രജഉപവ്രജൻ
  പ്രഭുപദം മഹാരാഷ്ട്രജം
നവൃത്തിമപിപാലയേ-
  ദ്ദ്വിധരാസുരാണാം തതോ
ഭവേദ്ഭുവനവേഷ്ടിതം
  ഭുവനമേതദബ്രാഹ്മണം."

എന്നു മറുപടി പറയിക്കുന്നതിൽ ഒരു വലിയ തത്വം അന്തൎഭവിക്കുന്നുണ്ടു്. അതു നാം സ്മരിക്കണം. കാലോചിതമായ സംസ്കാരത്തിനു ന

മ്മുടെ പ്രമാണഗ്രന്ഥങ്ങൾ സർവ്വഥാ സ്വാഗതമരുളുന്നു. സംസ്കൃതഭാഷാഭ്യസനം അതിൽനിന്നു നമ്മെ വിരമിപ്പിക്കുകയല്ല അതിനുവേണ്ട സാധനസാമഗ്രി നമുക്കു സമ്പാദിച്ചുതരികയാകുന്നു ചെയ്യുന്നതു്.

ഭാരതവർഷത്തിനു പ്രാചീനസമ്പ്രദായത്തിലുള്ള പണ്ഡിതന്മാർ എല്ലാക്കാലത്തും വേണം; അവരെ കാലത്തിൻെറ വിപര്യയവും ലോകത്തിൻെറ അശ്രദ്ധയും എന്നു നാമാവശേഷരാക്കുമോ അന്നു മാതൃഭൂമിയുടെ മഹിമ അസ്തമിക്കുമെന്നുള്ളതിനു സംശയം വേണ്ട. അവർ അവരുടെ പാരമ്പര്യത്തെ പരിപാലിച്ചുകൊണ്ടുപോകുവാൻ രാജാക്കന്മാരും പ്രജകളും ഒന്നുപോലെ സഹായിക്കണം. അവരെക്കൊണ്ടല്ലാതെ ഒരു മേന്മ നമുക്കു പണ്ടുണ്ടായിട്ടില്ല; മേലുണ്ടാകയുമില്ല. ആ മഹാന്മാരിൽ പാശ്ചാത്യപണ്ഡിതന്മാരിൽനിന്നു് അശേഷം വിഭിന്നമല്ലാത്ത പരിശ്രമശീലവും, കുശാഗ്രബുദ്ധിയും, സന്തുഷ്ടഹൃദയവും, ഋജുഗതിയും, അവരിൽ ഇല്ലാത്ത മററനേകം ഗുണങ്ങളും താൻ കണ്ടതായി പ്രൊഫസർ വിൽസൺ പ്രസ്താവിക്കുന്നു.

"We want them to become a nation worthy of their ancestors and worthy of the great role which in ancient times they have acted in the history of the human race" എന്നു പ്രൊഫസർ ഗോൾഡ്സ്ററക്കർ ഭാരതീയരെപ്പററി പൊതുവേ ആശംസിച്ചിട്ടുണ്ട്. "അവരുടെ പൂർവികന്മാർക്കും മനുഷ്യചരിത്രത്തിൽ പൂർവകാലത്തിൽ അവർക്കുണ്ടായിരുന്ന ഭൂമികയ്ക്കും അനുയോജ്യമായ നിലയിൽ അവരെ ഒരു രാഷ്ട്രീയ സമുദായമായി കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു" എന്നത്രേ അദ്ദേഹത്തിൻെറ ആശംസ. ആ ആശംസ സഫലീഭവിക്കണമെങ്കിൽ സാക്ഷാൽ സംസ്കൃത പണ്ഡിതന്മാരെ നാം സ്നേഹിക്കണം; ബഹുമാനിക്കണം; ത്രിവിധകരണങ്ങളേക്കൊണ്ടും അവരുടെ അഭ്യുദയത്തെ ത്വരിപ്പിക്കണം. അതാകുന്നു ആധുനിക ദേശാഭിമാനികളുടെ അപരിത്യാജ്യമായ കർത്തവ്യകർമ്മം.

റാവുബഹദൂർ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ., ബി. എൽ.

# സുപ്തോത്ഥിതൻ. *

'പുരാണനഗരത്തിലെ ഒരു ഗൃഹത്തിന്റെ അന്തർഭാഗം. വലത്തുഭാഗത്തു മൂലയ്ക്കൽ ഒരു നൂൽചക്രം. പ്രേക്ഷികന്മാൎക്കു നേരെ ചുവരിന്മേലുള്ള ഒരു 'കുരാപ്പി'ൽ കൊളുത്താത്ത ഒരു മൺവിളക്കു്. ഇടത്തുഭാഗത്തു ഒരു വാതിൽ. ചുമരിന്റെ ഇടത്തു മൂലയ്ക്കൽ അന്ധകാരത്തിലേയ്ക്കു തുറന്നുകിടക്കുന്ന ഒരു കിളിവാതിൽ. തട്ടിൽ തൂക്കിയിരിക്കുന്ന രണ്ടുറികളിൽ ഇരുണ്ട രണ്ടു മൺപാത്രങ്ങൾ. തറവാട്ടമ്മ അന്നു നൂററ നൂലെല്ലാം കഴിയിൽ ചുററിക്കഴിഞ്ഞു:

അമ്മ.

ഇതാ നൂൽ ചക്രത്തിന്റെ പരിശുദ്ധവും ശുഭ്രവും ആയ ഉപഹാരം; നമ്മുടെ പുരുഷന്മാൎക്കും സ്ത്രീകൾക്കും കുട്ടികൾക്കും നഗ്നത മറയ്ക്കാൻ.

(കൊട്ടനിറച്ചു കായ്കനികളോടുകൂടി യുവാവു് പ്രവേശിക്കുന്നു.)

യുവാവു്.

ഇതാ വയലിന്റെ നൂതനവും ഹരിതവൎണ്ണവും ആയ ഉപഹാരം. ഇതുകൊണ്ടു നമ്മുടെ പുരുഷന്മാൎക്കും സ്ത്രീകൾക്കും കുട്ടികൾക്കും ആഹാരം കഴിക്കാം.

(ഒക്കത്തു ജലകുംഭവുമായി ഒരു യുവതി പ്രവേശിക്കുന്നു.)

യുവതി.

നമ്മുടെ പുരുഷന്മാരുടേയും കുട്ടികളുടേയും സ്ത്രീകളുടേയും ദാഹം തീൎക്കുവാൻ ഇതാ കിണററിന്റെ നിൎമ്മലവും ശീതളവുമായ ഉപഹാരം.

അമ്മ.

നൂൽചക്രം അതിന്റെ നിത്യധൎമ്മം നിൎവ്വഹിച്ചുകൊണ്ടു തിരിയുന്നിടത്തോളം കാലം പുരുഷനാകട്ടെ സ്ത്രീയാകട്ടെ കുട്ടിയാകട്ടെ നഗ്നരായി നമ്മുടെ ഈ അത്ഭുതകരമായ പുരാണനഗരത്തിൽ അലയുവാൻ പാടില്ല.

യുവാവു്.

കൃഷിക്കാരൻ കൃഷി ചെയ്യുന്നേടത്തോളം കാലം പുരുഷനാകട്ടെ സ്ത്രീയാകട്ടെ കുട്ടിയാകട്ടെ നമ്മുടെ ഈ മനോഹരമായ പുരാണനഗരത്തിൽ വിശന്നു ഉഴലുവാൻ പാടില്ല.

യുവതി.

വെള്ളംകോരുവാൻ നമ്മുടെ കൈകൾക്കു ശക്തിയുള്ള കാലത്തോളം പുരുഷനാകട്ടെ സ്ത്രീയാകട്ടെ കുട്ടിയാകട്ടെ ദാഹിച്ചുവലഞ്ഞു ഈ സുന്ദരമായ പുരാണനഗരത്തിൽ നടക്കുവാൻ പാടില്ല.

---

* ഹരീന്ദ്രനാഥ ചതോപാദ്ധ്യായ.

(വാതിൽക്കൽ മുട്ടുന്ന ശബ്ദം)

അമ്മ.

ആരാണ് നമ്മുടെ വാതിൽക്കൽ മുട്ടുന്നതു്?

യുവതി.

അതു കാററായിരിക്കും; എല്ലാ വാതിലിലും മുട്ടിക്കൊണ്ടു പോകുന്ന ആ പഴയസഞ്ചാരി.

യുവാവ്.

അല്ലെങ്കിൽ, വാതിലിൻെറ ഏതെങ്കിലും ഒരുഭാഗത്തു അതിൻെറ അന്തഃകരണം ഉണൎന്നതാണെന്നുവരാം. അമ്മേ, എല്ലാത്തിനുമുണ്ടു് ജീവൻ.

അമ്മ.

സന്ധ്യാവന്ദനത്തിനു സമയമായി

(ചുമരിൽ വച്ചിരിക്കുന്ന വിളക്കു കൊളുത്തുന്നു.)

കണ്ണിൻെറ എന്തൊരുച്ഛായയാണ് ആ ദിപനാളത്തിനു്! കൂരിരുട്ടിനെ തിരയുന്ന ഒരു കൊച്ചുകണ്ണു്!

(അമ്പലത്തിൽനിന്നു മണിനാദം)

യുവതി.

എന്തൊരു ഭംഗിയാണ് വെളിച്ചത്തിനു്! പ്രാൎത്ഥനോന്മുഖമായ ഒരു ആത്മാവിൻെറ അനുഭൂതിപോലെ.

(വീണ്ടും വാതിലിൽ മുട്ടുന്ന ശബ്ദം.)

അമ്മ.

അതാ പിന്നേയും മുട്ടുന്നു. ആരായിരിക്കാം അതു്?

യുവതി.

ഈ ഇരുളടഞ്ഞ സന്ധ്യയ്ക്കു വഴിതെററി നമ്മുടെ വീട്ടിൽവന്ന അഭയം പ്രാപിക്കുന്ന വല്ല കാട്ടുജന്തുക്കളും ആവാം.

യുവാവ്.

അല്ലെങ്കിൽ, ഒററക്കമ്പിവീണയുമായി, ഈശ്വരനാമം പാടി നമ്മുടെ അത്താഴത്തിൽ പങ്കുകൊള്ളുവാൻ വന്ന വല്ല സഞ്ചാരികളായ കവികളുമാവാം.

അമ്മ.

കാട്ടിലെ മൂകങ്ങളായ ജിവികൾക്കും പുണ്യപാദംകൊണ്ടു ലോകം ചുററിനടക്കുന്ന ഗായകന്മാരായ കവികൾക്കും ഒരുപോലെ അഭയം നല്കേണ്ടതു നമ്മുടെ ധൎമ്മമാണ്. കുട്ടികളേ നിങ്ങൾക്കറിഞ്ഞുകൂടെ, വേ

നൽക്കാലത്തെ നിമ്മലമായ 'കാറും കറുപ്പും'മററ ആകാശത്തിൽ നക്ഷത്രങ്ങളെന്നപോലെ ഈശ്വരൻ പല വേഷവുമെടുത്തു ലോകത്തിൽ അവതരിക്കുന്നു എന്നു്? മാറിമാറിക്കൊണ്ടിരിക്കുന്ന രൂപങ്ങളിൽക്കൂടെ അദ്ദേഹം ഓരോ നിമിഷത്തിലും നമ്മുടെ അടുക്കൽ അതിഥിയായി വരുന്നു എന്നു്?

യുവതി.

പുറത്തു വെൺകല്ലിൽ ഇഴയുന്ന തേൾ; പാതയിൽ അലഞ്ഞു നടക്കുന്ന ഭിക്ഷു; വിശാലമായ ആകാശം; പറന്നു നടക്കുന്നപക്ഷി; എല്ലാം അദ്ദേഹത്തിൻെറ കപടവേഷങ്ങൾ.

(പുറത്തുനിന്നു ഒരു ശബ്ദം)

വാതിൽ തുറക്കണേ! വാതിൽ തുറക്കണേ!! (കാററു ചൂളം വിളിക്കുന്നു. ആകാശം പ്രതിനിമിഷം ഇരുളുന്നു.)

അമ്മ.

കാററിൻെറ ഒരുത്തു്! ഒരു വല്ലാത്ത രാത്രി.

യുവാവു്.

(ജനലിൽകൂടി നോക്കിയിട്ടു്)

അമ്മേ, നോക്കു. മരിക്കാറായ ഒരു മനുഷ്യൻെറ കണ്ണിനേക്കാൾ ഇരുണ്ടിരിക്കുന്നു ആകാശം.

യുവതി.

കാററു ഒരു ഭ്രാന്തനെപ്പോലെ തലമുടി "ചിക്കിപ്പരത്തി"യിട്ടു കണ്ണുതുറിച്ചു ക്രൂകിക്കൊണ്ടു അങ്ങുമിങ്ങും ഓടിനടക്കുന്നു.

യുവാവു്.

അമ്മേ! ഏതോ ഒരു വല്ലാത്ത സത്വം പുറത്തുനിൽക്കുന്നുണ്ടു്. ഇരുണ്ട നിഴലിൽനിന്നു കൊത്തിയെടുത്ത ഒരു മനുഷ്യസ്വരൂപം.

(പുറത്തുനിന്നു ശബ്ദം)

വാതിൽ തുറക്കണേ! വാതിൽ തുറക്കണേ!!

അമ്മ.

ഇതെന്തൊരു പൊള്ളശ്ശബ്ദം ! പുറത്തു ഇരുട്ടത്തുനിന്നു ലഹളകൂട്ടുന്നു.

യുവതി

അതിൽ ഒരു ദുഃഖം മുഴങ്ങുന്നുണ്ടു്. രോഗത്തിൻെറ അഗാധതയിൽനിന്നു പുറപ്പെടുന്ന ഒരു ശബ്ദം.

യുവാവു്.

ഇതിനു മുമ്പുണ്ടായിട്ടില്ല ഇത്ര ഇരുണ്ട ഒരു രാത്രി. അമ്മേ, അവൻ കാററത്തു പുൽക്കൊടിപോലെ വിറയ്ക്കുന്നു.

അമ്മ.

വിളിക്കൂ, അയാളെ അകത്തേയ്ക്കു വിളിക്കൂ. ഈ വൈകുന്നേരം ഒരു അതിഥിയെ തന്നനുഗ്രഹിച്ച ഈശ്വരന്, നക്ഷത്രങ്ങളേയും നിഴലുകളേയും നിർമ്മിച്ച ഈശ്വരന്, നമുക്കു വന്ദനം പറയുക.

(യുവാവ് വാതിൽ തുറക്കുന്നു. ഒരു വലിയ മിന്നൽ, ഇടി, ദുസ്സഹമായ കാററ്. രൂപം പ്രവേശിക്കുന്നു: വാതിൽ അടയുന്നു.)

യുവാവ്.

എന്തൊരു മിന്നൽപ്പിണർ! അന്ധകാരത്തിന്റെ ഹൃദയത്തിൽ കൊത്തുവാൻ ആകാശത്തിൽകൂടി കുതിച്ചുപായുന്ന ഒരു ക്രൂരസർപ്പം!

യുവതി.

എന്തൊരു വല്ലാത്ത സ്വരൂപം!

അമ്മ.

നമുക്കു ഒരതിഥിയെ തന്ന ദൈവം വാഴ്ത്തപ്പെടട്ടെ.

(ആഗതൻ ഒരു കറുത്ത മേൽക്കുപ്പായം ധരിച്ചിരിക്കുന്നു. കാലുകളിൽ ബൂട്ടുസ ഇട്ടിരിക്കുന്നു; കൈകളിൽ കൈയ്യുറയും. വലതു കയ്യിൽ ഒരു വടി; പുറത്തു ഒരു വലിയ ഭാണ്ഡം; ഹൃദയത്തിനടുത്തായി ഒരു വലിയ പനിനീർപ്പൂവ്. പരിഷ്ക്കാരം എന്നാണു ആഗതന്റെ പേര്)

പരിഷ്ക്കാരം.

(കുറച്ചുനേരത്തെ മൌനത്തിനു ശേഷം.)

ഗൃഹനായികേ, **Good Evening**.........നിങ്ങൾക്കും.........നിങ്ങൾക്കും.

യുവതി.

ഇതെന്തൊരുജാതി അഭിവാദനമാണ്!

അമ്മ.

എന്തൊരു വാസനയാണ് അകത്ത്?

യുവാവ്.

ഇതൊരു അസാധാരണമനുഷ്യൻ......ഒരു പുതിയ ജാതി.

അമ്മ.

പൂജനീയനായ നിങ്ങൾ ആരാണ്?

പരിഷ്ക്കാരം.

ഞാനോ? എന്നെ കച്ചവടക്കാരൻ എന്നാണ് വിളിക്കാറ്.

യുവാവ്

കച്ചവടക്കാരനോ?

യുവതി.

മങ്ങിയ നീലനിറത്തോടു കൂടിയ ഇയ്യാളുടെ കണ്ണുകൾ കാട്ടുപക്ഷിയുടെ മുട്ടപോലെയിരിക്കുന്നു.

യുവാവ്

വേനൽക്കാലത്തെ ഇലന്തപ്പഴംപോലെ തുടുത്തിരിക്കുന്നു ഇയ്യാളുടെ കവിളുകൾ.

യുവതി.

ഇയ്യാളുടെ കൈകളെല്ലാം മൂടിയിരിക്കുന്നു, അമ്മേ, കാലുകളും.

അമ്മ.

ഇരിക്കു, ഈ പായിൽ ഇരിക്കു.

(പായനിവർത്തിയിടുന്നു.)

പരിഷ്ക്കാരം.

ഇരിക്കാത്തതു ക്ഷമിക്കണം. കസേരയിൽ ഇരുന്നിരുന്ന് എൻെറ കാൽ മുട്ടുകൾ വിറങ്ങലിച്ചുപോയി; വളയാതായി.

യുവതി.

കസേരയോ? കസേര എന്നുവെച്ചാൽ . . . . .

യുവാവ്

എന്തൊരു വാസനയാണ് ഈ അകത്ത്?

യുവതി.

അമ്മേ, അമ്മ കണ്ടോ, അയാളുടെ ഹൃദയത്തിനടുത്തു കത്തിത്തിളങ്ങുന്ന ആ ചുവന്ന സാധനം?

പരിഷ്ക്കാരം.

നിശ്ചയമായും നിങ്ങളുടെ ഗൃഹത്തിൽ വ്യാപിച്ചിരിക്കുന്നതു് ഈ രക്തപുഷ്പത്തിൻെറ ഗന്ധമാണ്.

യുവതി.

ഹൃദ്യമെന്നു പറയാവുന്ന ഒരു വല്ലാത്ത സുഗന്ധം.

യുവാവ്.

എനിക്കു സുഖം തോന്നുന്നുണ്ട്. എന്താണ് ആ പൂവിൻെറ പേര്?

പരിഷ്ക്കാരം.

പൂവിൻെറ പേരോ? കനകതൃഷ്ണ!

യുവതി

കനകതൃഷ്ണയേയോ!

പരിഷ്ക്കാരം.

(ഭാണ്ഡം നിലത്തിട്ട് അതിന്മേൽ ഇരിക്കുന്നു.)

അതെ, കനകതൃഷ്ണ. ഭൂമിയ്ക്കും സ്വർഗ്ഗത്തിനും സാധാരണമാണ് ഈ തൃഷ്ണ.

യുവതി.

അതെങ്ങിനെ?

പരിഷ്കാരം.

നിങ്ങൾ കണ്ടില്ലേ ഞാൻ അകത്തേയ്ക്കു കടന്നപ്പോൾ ആകാശത്തിൽ ഒരു കനകമിന്നൽപ്പിണർ പ്രകാശിച്ചതും, ഇരുട്ടിന്റെ ഭണ്ഡാരത്തിൽ ലുബ്ധനെപ്പോലെ അതുമൂടിവെച്ചതും?

അമ്മ.

എന്തൊരു നീണ്ടപേരാണ് നിങ്ങളുടെ പൂവിനു്! കനകതൃഷ്ണ!

പരിഷ്കാരം.

അതെ, അതൊരു നീണ്ട പേരാണ്. എന്നാൽ കനകത്തിനുള്ള തൃഷ്ണ അതിലും നീണ്ടതാണ്.

യുവതി.

ഇയ്യാൾ ഒരു കവിയെപ്പോലെ സംസാരിക്കുന്നു.

അമ്മ.

പറയൂ, കച്ചവടക്കാരാ, നിങ്ങൾ എവിടെ നിന്നാണ് വരുന്നതു്?.

പരിഷ്കാരം.

ഞാൻ വരുന്നതോ? അഗാധങ്ങളായ അലയാഴികളുടേയും അത്യുന്നതങ്ങളായ പർവ്വതങ്ങളുടേയും അപ്പുറത്തുനിന്ന്; 'നവീനനഗര'ത്തിൽ നിന്ന്.

യുവതി.

നവീനനഗരമോ?

പരിഷ്കാരം.

അതെ, നവീനനഗരം എന്തു്? നിങ്ങൾ കേട്ടിട്ടില്ലേ?

യുവാവ്.

ഏയ്, ഇല്ല. ഒരിക്കലുമില്ല.

അമ്മ.

നവിനനഗരമോ?

യുവതി.

ഒരിക്കലുമില്ല, ഒരിക്കലുമില്ല.

പരിഷ്കാരം.

അത്യത്ഭുതമായ ഒരു നഗരമാണതു്. എന്നാൽ, ഒരു പാട്ടുപണം വേണം അവിടെ കഴിഞ്ഞുകൂടുവാൻ.

യുവതി.

പണമോ? എന്താണതു്?

പരിഷ്ക്കാരം.

അതോ? സാമാനം വാങ്ങിക്കുവാനുള്ള ഒരു സാധനം.

യുവാവ്.

കേമൻ തന്നെ കച്ചവടക്കാരൻ!

യുവതി.

അമ്മേ സുഗന്ധം കൂടിക്കൂടി വരുന്നു. പേടിയാവുന്നു എനിക്കു്.

(അമ്പലത്തിൽ നിന്നു മണിനാദം)

അമ്മ.

സന്ധ്യാവന്ദനത്തിനു സമയമായി.

പരിഷ്ക്കാരം

നവീന നഗരത്തിൽ ഞങ്ങൾ ഈശ്വരനെ ആരാധിക്കയില്ല.

യുവാവ്.

സ്നേഹിതാ, എന്താണ് നിങ്ങളുടെ ഭാണ്ഡത്തിൽ?

പരിഷ്ക്കാരം

നവീനനഗരത്തിൽ നിത്യജീവിതത്തിനു അത്യാവശ്യമായ ചില നിരുപദ്രവസാധനങ്ങൾ.

(ഭാണ്ഡത്തിൽ നിന്നു ഒരു കുപ്പി വിസ്കി എടുക്കുന്നു.)

ഇതു കണ്ടോ?

യുവാവ്.

ഹാ! മനോഹരമായ ഒരു മഞ്ഞദ്രാവകം. കൊതിയാവുന്നു എനിക്കു് . . . . കൊതിയാവുന്നു.

യുവതി.

ഇന്നെന്തൊരു കറുപ്പാണ് ആകാശത്തിന്? ഒരു വലിയ വിഷപുഷ്പംപോലെയിരിക്കുന്നു അതു്.

അമ്മ.

എന്താണ് ആ കുപ്പിയിൽ? ഒരു വൃത്തികെട്ട മഞ്ഞപ്പു്!

പരിഷ്ക്കാരം.

ഞങ്ങൾ നവീനനഗരത്തിൽ അതിനെ വിസ്കി എന്നാണു പറയാറ്.

യുവാവ്.

(സന്തോഷത്തോടും കൊതിയോടും കൂടി അതുച്ചരിക്കുന്നു.)

വിസ്—കീ—എന്തൊരു ഭംഗിയുള്ള വാക്ക്! അമ്മേ, പൊൻനുരയോടു കൂടി അതു പതയുന്നു.

യുവതി.

അമ്മേ, ആ പുഷ്പം ചുടലത്തീപോലെ ജ്വലിക്കുന്നു. അതെനിക്കു നോക്കുവാൻ വയ്യാ. പേടിയാവുന്നു!

യുവാവ്.

സ്നേഹിതാ ആ പേരൊന്നുകൂടിപ്പറയ. അമ്മേ, ഇയ്യാൾ വലിയ ഇന്ദ്രജാലക്കാരനാണ് . . . . ഒരു വലിയ ഇന്ദ്രജാലക്കാരൻ! ഇയാളെ ഞാനിഷ്ടപ്പെടുന്നു. വിസ്കി, വിസ് . . . കി, എന്തിനു്, അതൊരു സമുദ്രം, അലച്ചൊഴുകുന്ന അത്ഭുതകരമായ ഒരു മഹാസമുദ്രം!

പരിഷ്കാരം.

അതെ, അതിൻെറ ഏതാനും തുള്ളികൾ മതി ഇരുപതു മഹാ സമുദ്രങ്ങളെ നമ്മുടെ തലച്ചോറിലേയ്ക്കു കടത്തി വിടുവാൻ.

യുവാവ്.

അത്ഭുതം!

പരിഷ്കാരം.

മാത്രമല്ല, നിങ്ങളുടെ തോട്ടത്തിൽ ഒന്നിനുപകരം പത്തു മരങ്ങളെ കാണിക്കുവാൻ അതിനു കഴിയും. സ്വർഗ്ഗകർത്താവിനു പോലും കഴിയാത്തവിധത്തിൽ അനേകം ചന്ദ്രന്മാരെ ആകാശത്തിൽ ചിത്രീകരിക്കുന്നതിനും അതിനു പ്രയാസമില്ല.

യുവാവ്.

അമ്പട ഇന്ദ്രജാലക്കാരാ.........ദൈവത്തിനുമില്ല നിങ്ങളോളം മാഹാത്മ്യം!

അമ്മ

ഛീ! ദൈവനിന്ദ! മകനേ, ദൈവം നിനക്കു മാപ്പു തരട്ടെ.

പരിഷ്കാരം.

എൻെറ ചെറുപ്പക്കാരാ ഞാൻ പരിചയംകൊണ്ടു പറയുകയാണ്. ഈ മദ്യത്തിനു അത്ഭുതാവഹമായ ഒരു ഇന്ദ്രജാലം അറിയാം. ഇതാസ്വദിച്ചവനു തോന്നും, അവൻെറ കാലടികൾക്കു ചുവട്ടിൽനിന്നും ഭൂമി വഴുതിപ്പോകുന്നുണ്ടെന്നു്; ചുമലുകളിൽ ചിറകുകൾ മുളയ്ക്കുന്നുണ്ടെന്നു്; അതേ, ഒരേ സമയത്തുതന്നെ അനേകായിരം സ്വപ്നങ്ങൾ കാണുന്നുണ്ടെന്നു്; തലച്ചോറിൽ പലവൎണ്ണത്തിലുള്ള ചായപ്പണികൾ ചെയ്യുന്നുണ്ടെന്നു്; ഈ മദ്യത്തിനു തോന്നിക്കുവാൻ കഴിയും, ജീവിതം ഒരു സംഗീതശകലമാണെന്നു്, ഒരു ചിത്രമാണെന്നു്, ഒരു പരിമളമാണെന്നു്, എല്ലാത്തിൻേറയും ആഹ്ലാദജനകമായ ഒരു സമ്മേളനമാണെന്നു്. ഇതാ ഒന്നു സ്വാദുനോക്കു.

അമ്മ.

പോവൂ കച്ചവടക്കാരാ, എനിക്കു തോന്നുകയാണു, നിങ്ങൾ ആളുകളെ വഴിതെററിക്കുവാൻ വന്നിരിക്കുകയാണെന്നു; അവരുടെ മനസ്സിനെ വ്യാജത്തിൻെറ അപകടം പിടിച്ച വലയിൽ അകപ്പെടുത്തുവാൻ വന്നിരിക്കയാണെന്നു്. പോവൂ. ഞങ്ങൾ നാടാടെയാണ് ഒരതിഥിയോടു പുറത്തുപോവാൻ പറയുന്നതു്. നിങ്ങൾ വ്യാജമാണു്; വെറും വ്യാജം.

യുവതി.

അമ്മേ! അമ്മേ! അയാൾ നിങ്ങളെ നോക്കി ഒന്നു ചിരിച്ചു. കഠാരിപോലെയൊരു ചിരി. ഞാൻ അവനെ വെറുക്കുന്നു. പുറത്തുപോവാൻ പറയൂ അവനോടു്.

അമ്മ.

മകനേ, അയാളോടു ഇപ്പോൾ പൊയ്ക്കൊള്ളുവാൻ പറഞ്ഞേക്കു.

(അമ്പലത്തിൽനിന്നു ഒരു മണിനാദം; ഒരു ഇടിവെട്ടു്.)

യുവതി.

അയ്യോ ! എനിക്കു സഹിക്കുവാൻ വയ്യാ, ആ ചുവന്ന പനിനിർപൂവും, കറുത്ത ആകാശവും, ഈ ഇരുണ്ടനിഴലും.

(അവൾ പുറത്തേക്കു ഓടുന്നു.)

അമ്മ.

വത്സമകനേ......സമയമായി പൂജയ്ക്കു്.........കച്ചവടക്കാരനോടു് പോവാൻ പറഞ്ഞേക്കു.

യുവാവു്.

(സ്വല്പം വിസ്കി കുടിച്ചിട്ടു്)

പോ പുറത്തു കിഴവി ! എൻെറ അതിഥി ഇവിടെത്തന്നെ നിൽക്കണം.

പരിഷ്കാരം.

നിങ്ങൾ എനിക്കു വാതിൽ തുറന്നുതന്നു. ഞാൻ ഒരതിഥി എന്ന നിലയ്ക്കു നിങ്ങളുടെ ഗ്രഹത്തിൽ വന്നു. പുറത്തുള്ള കൊടുങ്കാററു് ശമിക്കുന്നതു വരെ ഞാൻ ഇവിടെ താമസിക്കും.

യുവാവു്.

സ്വല്പം വിസ്കികൂടി കുടിച്ചിട്ടു്

ഹാ!......അത്യത്ഭുതം......വി—സ്കി......വി—സ്കി...ഹാ! എൻെറ രക്തത്തിൽ ആ ചുവന്ന പനിനിർപൂവു് വികസിക്കുന്നു. ഞാൻ ഒഴുകുകയാണു്......ചങ്ങാതി നിൽക്കു......നിൽക്കു......എനിക്കുതോന്നുന്നു......എനിക്കുതോന്നുന്നു......ഞാൻ മണിയാണെന്നു്......ആകാശമാണെന്നു്......ഉറക്കമാണെന്നു്............

(യുവാവു് ഉറങ്ങുന്നു; അമ്മപ്പൊട്ടിക്കരയുന്നു.)

പരിഷ്കാരം.

(മേൽക്കുപ്പായം വലിച്ചെറിഞ്ഞു പശ്ചാത്യ സമ്പ്രദായത്തിൽ ഉടുപ്പുകൾ അണിഞ്ഞൊരു ദൃഢകായനായ യുവാവായിപ്രത്യക്ഷപ്പെടുന്നു.)

നോക്കു, ഞാൻ, പരിഷ്കാരം, നവീനനഗരത്തിലെ ഐന്ദ്രജാലികൻ. എനിക്കു കഴിയും നിങ്ങളുടെ കൈയിൽ ഒരു കാളസർപ്പത്തെ പിടിപ്പിച്ച് അതൊരു ചുവന്ന പനിനീർപൂവാണെന്നു വിശ്വസിപ്പിക്കുവാൻ. (ഉറക്കെ ചിരിക്കുന്നു) ഞാൻ, പരിഷ്കാരം, തികഞ്ഞ മഹേന്ദ്രജാലക്കാരൻ. പെണ്ണേ, നീ നിൻെറ ഭാഷ മറക്കണം: എൻെറ ഭാഷ പഠിക്കണം. ഒരടിമപോലെ നിൻെറ മകൾ എന്നെ പരിചരിക്കട്ടെ. കൃഷിയും നൂൽചക്രവും ഈ വീട്ടിൽ നിന്നു പടികടക്കണം. അവയുടെ കാലംപോയി. വാ, കിഴവി, എൻെറ ബൂട്ട്സ് അഴിക്ക്. തിന്നാൻ എൻെറ മുമ്പിൽ പൊരിച്ചമാംസം കൊണ്ടുവന്നുവയ്ക്ക്, (ഒരുഗ്ലാസ് വിസ്കി പകരുന്നു.) ഹാ! ഹാ! ഹാ! എൻെറ ഒരുമിച്ച് കുടിക്കുവാൻ ഞാൻ നിൻെറ മകളെ വേഗത്തിൽ പഠിപ്പിക്കും. (പെട്ടിയിൽനിന്നു ഒരു സിഗററ എടുത്തു കൊളുത്തുന്നു) നിങ്ങൾ വല്ലപ്പോഴും സിഗററ് കണ്ടിട്ടുണ്ടോ? നിങ്ങൾ എന്തുകണ്ടിട്ടുണ്ട് ഈ മുഷിപ്പനായ പുരാണനഗരത്തിൽ? മതം! മതം മാത്രം—കൊണ്ടു കഴുവേററ നിങ്ങളുടെ മതത്തെ സിഗററിൻെറയും കുടിയുടേയും സുഖം അറിയാത്തതാണെങ്കിൽ (വായിൽകൂടി പുകവിട്ടിട്ട്) നോക്കു! തട്ടിന്മേലേക്കു വളഞ്ഞു പുളഞ്ഞു പോകുന്ന ആ ചന്തമുള്ള കൊച്ചുകാളസർപ്പത്തെ നോക്കു! ഇതാണ് ഈ പുരാണനഗരത്തിലെ ജനങ്ങളെ കടിക്കുന്ന സർപ്പം ആവു! ഇവൻെറ ക്ലക്കം വലി! ഇന്നുമുതൽക്കു ഞാനാണു ഈ ഗൃഹത്തിൻെറ നായകൻ. ഈ യുവാവു കിടന്നുറങ്ങുന്നേടത്തോളം കാലം, വിശന്ന ചെന്നായയെപ്പോലെ കൊട്ടക്കാററു പുറത്തുകിടന്നു അലറുന്നേടത്തോളം കാലം ഞാനാണ് ഈ ഗൃഹത്തിൻെറ നാകൻ. ഹാ! ഹാ! ഹാ! (ഒരു ഗ്ലാസ് വിസ്കി പകരുന്നു) കിഴവീ, നിൻെറ ആരോഗ്യത്തിന്!

(തിരശ്ശീലവീഴുന്നു; നിലവിളി; മണിനാദം ഇടിവെട്ട്) രാജൻ.

## ചന്ദ്രക്കല.

താരകക്കുണുകൾ താവിമിന്നും ദിവ-
നീരവശാദ്വലഭൂമിയിൽ കൂടവേ,
പാരമഞ്ഞിങ്ങു പടന്നുപിടിച്ചെഴും
നീരദച്ഛേദച്ചെറുമുൾച്ചെടികളിൽ,

വാരിയണ്ണുന്ന നിറമില്ലാവാകിയ
നേരിയ സാരിയഴഞ്ഞിഴഞ്ഞീടവേ,
ഇജ്ജഗത്തൊക്കെ മയക്കും നിജമുഖം
ലജ്ജയാൽ താനറിയാതെ കുനിഞ്ഞതാ,
ഒച്ചകൂടാതെയാനന്ദപാദം വച്ചു-
വച്ചതിമാത്രമധീരയായമ്പിളി
ഏകയായ് മൂകയായയ്യെ, ഞാട്ടറിഞ്ഞില്ല,
പോകയാം; അധന്യകാമുകനാരുവാൻ!

നല്ലകിനാവുകൾ കണ്ടു ചിരിക്കുന്നു
മുല്ല മലരും, തളന്ന തടിനിയും.
ജാഗരക്ലിഷ്ടനായസ്വസ്ഥചിത്തനായ്
സാഗരംമാത്രം വിരിമണൽമെത്തയിൽ,
താനേ തിരിഞ്ഞും മറിഞ്ഞും കിടക്കയാ-
ണിന്നേരമൊക്കെ ത്തുടിക്കും കരളുമായ്.
കാമുകൻതൻ നെഞ്ചിടിപ്പു കേട്ടെങ്ങിനെ
യാമുഗ്ദ്ധമേവുമകന്നുദാസീനയായ്!

പ്രേമമദൃശ്യകരത്താൽ വലിക്കയാൽ
വ്യോമത്തിൽ നിന്നു മട്ടത്തട്ടെത്തത്തവേ,
സോമകലയുടെ നേർക്കു ചുംബിക്കുവാ-
നോമൽത്തിരച്ചുണ്ടു നീട്ടിടുന്നു കടൽ.

സ്മാരദുഃഖത്താലിരുണ്ട മന്മാനസ-
നീരധിയെന്നെൻെറ തിങ്കൾ തിളക്കുമോ.

ജി. ശങ്കരക്കുറുപ്പ്.

# സഹകരണവും ഉടമാവകാശവും

ഏതെങ്കിലും വസ്തു ഇച്ഛപ്പോലെ്ലാത്തവണ്ണം വ്യാപാരം ചെയ്യുവാനുള്ള പൂർണ്ണാധികാരം ഒരാൾക്കുണ്ടായിരിക്കുമ്പോളാണ് ആ വസ്തു അയാളുടെ 'സ്വകാര്യ സ്വത്താ'ണെന്നു നിയമശാസ്ത്രം ഉൽഘോഷിക്കുന്നതു്. അഭിനവസാമ്പത്തികസൌധത്തിൻെറ അസ്തിവാരം തന്നെ സ്വകാര്യസ്വത്താണ്. മുതലാളിമതക്കാരുടെ അഭിപ്രായത്തിൽ സ്വകാര്യസ്വത്തിൻെറ ഉടമസ്ഥതയ്ക്കുള്ള അവകാശം ആദ്യന്തവിഹീനവും പരിപാവനവുമാണ്. സ്വകാര്യ സ്വത്തിൻെറ ആഗമം എങ്ങനെ യെന്നോ അതിൻെറ ഉടമാവകാശത്തെ സാധൂകരിപ്പാനുള്ള ന്യായങ്ങൾ എ

ന്തെല്ലാമാണെന്നോ ഇവിടെ ചിന്തിക്കേണ്ടതില്ല. സ്വാകയ്യസ്വത്തിൻെറ ഉത്ഭവത്തിന്നുള്ള ഹേതു ബലപ്രയോഗമോ, നിരന്തരോപയോഗമോ, മനുഷ്യപ്രയത്നമോ, സാമുദായികനന്മയോ എന്തായിരുന്നാലും വേണ്ടതില്ലാ അതിനെ സംബന്ധിച്ച അവകാശത്തിന്നു ഒരു ചരിത്രപ്രതിഷ്ഠയുണ്ടെന്നും ആയതു എല്ലാകാലത്തും ദേശത്തും ഒരേ രൂപമോ ധമ്മമോ കൈക്കൊള്ളാറില്ലെന്നും ഉറപ്പിച്ചു പറയാവുന്നതാണ്. ഏതൊരു സാമ്പത്തിക ഘടനയോടാണോ അതു ബന്ധപ്പെട്ടിരിക്കുന്നതു് ആ സാമ്പത്തിക ഘടനയ്ക്കു നുയോജ്യമായ ചില ധമ്മങ്ങളും അതിനുണ്ടായിരിക്കും. പ്രയത്നോപകരണങ്ങളുടേയും നിമ്മാണ വിനിമയോപാധികളുടേയും ഉടമസ്ഥതകളെ പ്രത്യേകം കുറിക്കുന്നുവെന്നതാണ് നമ്മുടെ സമുദായത്തെ സംബന്ധിച്ചേടത്തോളമുള്ള അതിൻെറ ധമ്മം. അടിമത്തത്തെ അടിസ്ഥാനപ്പെടുത്തിട്ടുള്ള ഒരു സമുദായത്തിൽ മനുഷ്യർക്കു ബാധകമാകുന്നുവെന്നതാണ് അതിൻെറ വൈജാത്യം. തന്മൂലം ഇന്നത്തെ സാമ്പത്തിക ലോകത്തിലും അതിന്നു പ്രത്യേകം വീക്ഷണ വിധികൾ കല്പിക്കുന്നതു അവശ്യമായിവരുന്നു. ഒരു പുറത്തു ഉപഭോക്താക്കളുടേയും മറുവശത്തു നിമ്മാതാക്കളുടേയും ഉടമാവകാശങ്ങൾ സ്ഥിതിചെയ്യുന്നു. ഭക്ഷിക്കുന്നതിന്നും, പാനം ചെയ്യുന്നതിന്നും, ഉറങ്ങുന്നതിന്നും ഉടുക്കുന്നതിന്നും വേണ്ടിയുള്ള ഉപഭോഗവസ്തുക്കളുടെ പ്രത്യേക സ്വഭാവം, നശിച്ചുപോകുന്നതുവരെ, അവയെ ഉപയോഗിക്കാമെന്നുള്ളതാണ്. ഉപഭോക്താക്കളുടെ ഉടമാവകാശത്തിൻെറ ധമ്മം മേല്പറഞ്ഞ 'നാശാധികാര'മാണ്. നിമ്മാതാക്കളുടെ ഉടമാവകാശം സ്ഥിതിചെയ്യുന്നതു് നിമ്മാണവിനിമയോപകരണങ്ങളിലാണ്. തങ്ങളുടെ ഉപകരണങ്ങൾ കൊണ്ടുമാത്രം ജോലിചെയ്യാനുള്ള അനുവാദവും അതിൽ നിന്നുണ്ടാകുന്ന ആദായം അനുഭവിപ്പാനുള്ള അവകാശവും യഥാൎത്ഥത്തിൽ 'കുത്തക' കിട്ടുകയാണു നിമ്മാതാവിൻെറ സ്വത്തു്. നാം 'സ്വത്തു്' എന്ന സംജ്ഞകൊണ്ടു സാധാരണമായി വിവക്ഷിക്കുന്ന 'സ്വകായ്യസ്വത്തു' ഇന്നത്തെ സാമ്പത്തികഘടനയ്ക്കനുയോജ്യമായ ഒരു നിയമസൃഷ്ടിയാണ്. ഇതിനെ അനുകൂലിക്കുന്നവർ ക്ഷമാപണങ്ങളും പ്രതികൂലിക്കുന്നവർ നിരൂപണങ്ങളും കൊണ്ടുപുറപ്പെട്ടേക്കാം. പക്ഷെ പ്രകൃതത്തില്ലേ അവയെപററി ചിന്തിക്കേണ്ട ആവശ്യമില്ല. നമുക്കാലോചിപ്പാനുള്ളതു് സഹകരണ പ്രസ്ഥാനത്തിൻെറ വളച്ച മൂലമുണ്ടാകുന്ന പരിണാമമാണ്.

ഒരു വ്യാപാരസ്ഥാപനമെന്ന നിലയിൽ പരിശോധിക്കുന്നതായാൽ ഒരു പരസ്പരസഹായ സംഘം അതിലെ അംഗങ്ങളുടെ ഓഹരിപ്പണം കൊണ്ടുണ്ടാക്കപ്പെട്ടതാണെന്നു കാണാം. ആനിലയ്ക്കു അതു് ആ സംഘത്തിൽഭാഗ ഭാക്കാകുന്ന ഓരോ സഹകരിയുടേയും സ്വകായ്യസ്വത്തിൻെറ ഒ

രം ശമാകുന്നു. ഈ സംഗതിയിൽ നിലവിലുള്ള സമ്പ്രദായത്തിന്നു യാതൊരു മാററവും വരുന്നില്ല. സഹകരണം എന്തെങ്കിലും പരിവൎത്തനമുണ്ടാക്കുന്നതും ഇവിടെയല്ല. എന്നാൽ ഇപ്രകാരമുള്ള ഉടമസ്ഥതയ്ക്ക് ഒരു പ്രത്യേകതയുണ്ട്. അംഗങ്ങളും മൂലധനവും യഥാകാലം മാറിക്കൊണ്ടിരിക്കയാൽ ഓഹരിക്കാക്കാരുടെ എണ്ണത്തിന്ന് അസ്ഥിരത ഭവിക്കുകയും തന്മൂലം അതിന്നു "കുത്തക സ്വഭാവം" ഇല്ലാതിരിക്കുകയും ചെയ്യുന്നു. സഹകാരിസ്വത്ത് ആൎക്കും സമ്പാദിക്കാം. ഓഹരിപ്പണത്തിന്റെ തുച്ഛാവസ്ഥയും വിശേഷിച്ചു അതടച്ചുതീൎപ്പാനുള്ള സൌകൎയ്യവും ഹേതുവായി സഹകരണ സ്ഥാപനങ്ങൾ സൎവ്വജനീനമായി ഭവിക്കുന്നു. ആകയാൽ സഹകാരി സ്വത്തിനുള്ള അവകാശം ആൎക്കും എളുപ്പത്തിൽ ലഭിക്കുമെന്നു നമുക്കു സിദ്ധാന്തിക്കാം.

വിശേഷിച്ച് ഏതു സ്വത്തിനോടു താരതമ്യപ്പെടുത്തി നോക്കിയാലും സഹകാരിസ്വത്തിന്റെ വിലയ്ക്കു മാററം വരുന്നില്ലെന്നു കാണാം. ജോയിൻറ് സ്റ്റാക്കുകമ്പനികൊണ്ടു നേടിയ പൊതുസ്വത്തിനോടുപോലും അതിനെ താരതമ്യപ്പെടുത്തി നോക്കാവുന്നതാണ്. ഓഹരിക്ക് ഒരു നിശ്ചിതവിലയുണ്ട്. സമാപ്തീകരണകാലത്തിൽ അതു മാറുമെന്നതു വാസ്തവം തന്നെ. പക്ഷേ അക്കാലം വന്നുചേരുന്നത് ഏറിയനാൾ നിലനിന്നതിന്നുശേഷമാണല്ലോ. ഒരു സഹകരണസ്ഥാപനത്തിന്റെ വ്യാപാരംകൊണ്ടുണ്ടാകുന്ന "അധികസ്വത്ത്" അതുപോലുള്ള മറെറാരു സ്ഥാപനത്തിന്നു നല്കണമെന്ന പരസ്പരസുരാജ്യത്തിലും മററുമുള്ള വ്യവസ്ഥ മുൻപറഞ്ഞ സിദ്ധാന്തത്തെ അതിലംഘിക്കാതെ കഴിപ്പാനും പ്രയോജകീഭവിക്കുന്നു. അവസാനമായി ഒരു സഹകരണസംഘത്തിലെ ഓഹരി സൎവ്വദാ "കൈമുതൽ" എന്ന നിലമാത്രമേ അവലംബിക്കുന്നുള്ളു. ഒരു വസ്തുവിന്മേൽ നേരിട്ടുള്ള ഒരവകാശമെന്ന അവസ്ഥ അതൊരിക്കലും കൈക്കൊള്ളുന്നില്ല. സഹകാരിസ്വത്ത് എല്ലായ്പോഴും സഹകരണസ്ഥാപനങ്ങളിൽ പങ്കെടുക്കുന്നവരുടെയെല്ലാം സ്വകാൎയ്യസ്വത്താണ്. അതിന്നുപുറമേ സഹകാരിരാഷ്ട്രം പൂൎണ്ണമായും ലബ്ധമായാൽ ഓരോ ഉപഭോക്താവും സ്വത്തിന്നുടമയാകുമെന്നു മാത്രമല്ലാ, ഓരോ ഉടമസ്ഥനും തുല്യാവകാശങ്ങൾ ലഭിക്കുകയും ചെയ്യും. താൻ എത്ര ഓഹരികൾക്കുടമയായിരുന്നാലും വേണ്ടതില്ല, ഒരു സഹകാരിക്കു പൊതുയോഗത്തിൽ ഒരു വോട്ടിനുമാത്രമേ അവകാശമുള്ളു.

സഹകാരി രാഷ്ട്രത്തിന്റെ അസ്തിവാരം ഉറച്ചുകഴിഞ്ഞാൽ സ്വത്തിനുവേണ്ടി വാദിച്ചു യഥാൎത്ഥത്തിൽ മുതലാളിത്തത്തെ സാധൂകരിപ്പാൻ യത്നിക്കുന്നവൎക്ക് അവരുടെ ആദൎശത്തെ ഇതിലധികം ഉത്തമ

മായവിധത്തിൽ അനുഭവപ്പെട്ടത്തിക്കൊടുക്കുക സാദ്ധ്യമല്ല. അതും പോരാ, അസാദ്ധ്യമെന്നു തോന്നിയിരുന്ന ഒരു കാര്യമാണ് സഹകരണം സാധിക്കുന്നതു്. ഘടനകൊണ്ടു പൊതുസ്വഭാവമുള്ള സാമ്പത്തിക സ്ഥാപനങ്ങളിൽ വ്യക്തികൾക്കു സ്വകാര്യസ്വത്തുണ്ടാക്കിക്കൊടുക്കുകയാണ് അതു ചെയ്യുന്നതു്. സഹകാരിലോകം സുസ്ഥാപിതമായാൽ ഒരോവ്യക്തിയും തൻെറ തൊഴിലിൻെറ പ്രത്യേകവൃത്തിയെ സംബന്ധിച്ചേടത്തോളം ഒരേസമയത്തുതന്നെ നിർമ്മാതാവും ഉപഭോക്താവുമായി ഭവിക്കും. വ്യവസായം, കൃഷി, ധനവിക്രയം, മൊത്തക്കച്ചവടം തുടങ്ങിയ സംഗതികൾ നിയമദൃഷ്ടിയിൽ ചില്ലറസംഘങ്ങളിൽനിന്നും വിഭിന്നങ്ങളായ സ്ഥാപനങ്ങളുടെ സ്വത്തായി പരിണമിക്കുന്നതുകൊണ്ടു വൈഷമ്യമൊന്നും വരാനില്ല. കാരണം ചില്ലറസംഘങ്ങൾ അവയുടെ അംഗങ്ങളുടെ സംഖ്യയനുസരിച്ച മൊത്തസ്ഥാപനങ്ങളുടേയും ഉടമസ്ഥത വഹിക്കുന്നതാണ്.

മറെറാരു പ്രകാരത്തിൽ ചിന്തിച്ചുനോക്കിയാൽ സഹകരണം ഓരോ ഉപഭോക്താവിൻേറയും സ്വകാര്യസ്വത്തിൽനിന്നു തീരെ വ്യത്യസ്തമായ ഒരുതരം സ്വത്തിനെ സൃഷ്ടിക്കുന്നതായി കാണാം. ആത്മരക്ഷക്കുവേണ്ടിയാകട്ടെ, അനുഭവംകൊണ്ടാകട്ടെ, വികാസശക്തിയുടെ പ്രേരണകൊണ്ടാകട്ടെ ഭൂരിപക്ഷം സഹകരണസ്ഥാപനങ്ങളും "കരുതൽ ധനം" സൂക്ഷിപ്പാനുള്ള ഏർപ്പാടു ചെയ്തിട്ടുണ്ടല്ലോ. സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ തന്നെ ഇതു 'കരുതൽ ധനം' ഉണ്ടായിരിക്കണമെന്നു നിയമമുണ്ട്. പരസ്പരസഹായസംഘങ്ങളാകട്ടെ അതുകൊണ്ടും തൃപ്തിപ്പെടുന്നില്ല. അവ പിന്നേയും പ്രത്യേകവും അസാധാരണവുമായ കരുതൽ ധനങ്ങളും അഭിവർദ്ധന നിധികളും സ്വരൂപിച്ചുവയ്ക്കുന്നു. ഈ വക സംഖ്യകളുടെ "വലുപ്പം" കൊണ്ടുവേണം സഹകാരികളുടെ ബുദ്ധിശക്തിയും കാര്യക്ഷമതയും നിർണ്ണയിപ്പാൻ. കെട്ടിയിരുപ്പിൽനിന്നുണ്ടാകുന്ന ഈ സംഖ്യകൾ തൊഴിലിൻെറ സ്ഥിരതയ്ക്കും തുടർച്ചയ്ക്കും വേണ്ടി വർത്തമാനത്തിലെ സുഖസൌകര്യങ്ങളെ ഭാവിശ്രേയസ്സിന്നുവേണ്ടി ത്യജിക്കുന്നതിന്നു സാക്ഷ്യം വഹിക്കുന്നുണ്ട്.

ഈ കരുതൽ ധനത്തിൽനിന്നു യാതൊ സഹകാരിക്കും വ്യക്തിപരമായ ആദായത്തിന്നവകാശമില്ല. ആരംഭകാലങ്ങളിൽ വല്ല സംഘവും ഇതിന്നു വിപരീതമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽതന്നെ അനുഭവം കൊണ്ട് ആ സമ്പ്രദായം വേണ്ടെന്നുവയ്ക്കുവാൻ അവ നിർബ്ബന്ധങ്ങളായിട്ടുമുണ്ട്. സ്ഥാനം രാജിവെയ്ക്കുന്നതോ ഓഹരി കൈമാററം ചെയ്യുന്നതോ ആയ യാതൊരംഗവും താൻ ഇറക്കിട്ടുള്ളതിൽ കൂടുതലായി ഒരൊററ പൈപോലും ഇന്നു മടക്കിവാങ്ങുന്നില്ല. അതുപോലെതന്നെ കരുത

ൽ ധനം സൂക്ഷിക്കുന്നുണ്ടെന്ന കാരണത്താൽ ഏതു സാമ്പത്തികനില പ്രാപിച്ചിട്ടുള്ള സംഘമായിരുന്നാലും വേണ്ടതില്ലാ അതിൽ ചേരുന്ന പുതിയ അംഗങ്ങളിൽനിന്നു മുൻപു ചേന്നവരിൽനിന്നു ഈടാക്കിയതിലധികമായി യാതൊന്നും വാങ്ങുന്നതുമില്ല. സഹകാരികൾ ഇക്കായ്യത്തിൽ വളരെ അധികം സൂക്ഷിച്ചു പ്രവത്തിക്കുന്നുമുണ്ട്. സംഘങ്ങൾ സമാപ്തീകരിക്കുന്ന അവസരങ്ങളിൽ ബാക്കിവരുന്ന സംഖ്യകൾ ഒരിക്കലും അംഗങ്ങൾക്കു വിതിച്ചുകൊടുക്കാറില്ല. നേരെമറിച്ച് സാധർമ്മ്യമുള്ള ഏതെങ്കിലും സമാരംഭത്തിന്നു വിനിയോഗിക്കുകയാണ് ചെയ്യുന്നതു്. ഈ സംഗതിയിൽ എല്ലാ സഹകാരികളും അതിശ്രദ്ധകാണിക്കുന്നുണ്ട്.

ഈ കരുതൽ ധനങ്ങളുടെ ഭാവിയെന്തായിരിക്കാം? യഥാത്ഥത്തിൽ ഈ കൂട്ടസ്വത്തു മാറോരത്തരുടേയും സമ്പാദ്യങ്ങൾകൊണ്ടു രൂപവല്ക്കരിക്കപ്പെട്ട ഒരു സംഘത്തിൻെറ സ്വത്താകയാൽ അതു വിശേഷിച്ചും 'സമുദായസ്വത്താ'ണ്. ഈ നിലയ്ക്ക് പരസ്പരസഹായസംഘം ഒരു പ്രത്യേകതരത്തിലുള്ള ഉടമാവകാശത്തെയാണ് പ്രതിനിധീകരിക്കുന്നതു്. സഹകാരിലോകം സ്വത്തിൻെറ ഒരു നൂതന നിയമരൂപത്തെ സൃഷ്ടിക്കുന്നു. ഈ സഹകാരിസ്വത്തു മറ്റൊന്നിനോടും സാമ്യം വഹിക്കുന്നില്ല. അതു തനിച്ചു സമുദായസ്വത്തല്ല. കാരണം അതു പരസ്പരസഹായസംഘമെന്ന പേരിൽ യോഗംചേന്ന ഒരുകൂട്ടം ജനങ്ങൾക്കുമാത്രം അവകാശപ്പെട്ടതാണ്. എന്നാൽ അതു തനിച്ചു സ്വകായ്യസ്വത്തുമല്ല; എന്തെന്നാൽ മേൽപറഞ്ഞ സംഘത്തിലെ അംഗങ്ങളുടെ പ്രത്യേകസ്വാതന്ത്ര്യത്തിൽ അതു ഉൾപ്പെടുന്നില്ല. മൊത്തമായി വ്യാപരിക്കുന്ന സഹകരണ സംഘങ്ങളെ പരിശോധിച്ചാൽ ഈ സ്വതന്ത്രഭാവം കൂടുതലായി കാണാവുന്നതാണ്. ഒന്നാമതായി ഒരു മൊത്തസംഘത്തിന്നു നിയമദൃഷ്ടിയിൽ സംഘങ്ങളുടെ സംഘം എന്നൊരു സ്ഥാനമുണ്ട്. ഈ സംഗതിയിൽ അതിന്നു ട്രസ്റ്റുകളോടും കാട്ടലുകളോടും ആണ് സാദൃശ്യം എന്നാലും അതിൻെറ സ്വതന്ത്രഭാവത്തിന്നു മാററമൊന്നുമില്ല. എന്തെന്നാൽ ഏതുസമയത്തും ഒരു മൊത്തസംഘത്തിൻെറ "കെട്ടിയിരിപ്പു" അതിനോടും ബന്ധിക്കപ്പെട്ടിട്ടുള്ള ചില്ലറസംഘങ്ങളുടെയെല്ലാം കൂടിയ കെട്ടിയിരിപ്പിനോളമോ അതിലധികമോ ഉണ്ടായിരിക്കുന്നതാണ്. കൂടാതെ മൊത്തസംഘങ്ങൾ കരുതൽ ധനവും അഭിവദ്ധനനിധിയും വദ്ധിപ്പിക്കുന്ന കായ്യത്തിൽ ചില്ലറ സംഘങ്ങളേക്കാൾ അധികം ജാഗ്രതയോടുകൂടിയാണിരിക്കുന്നതു്. അവയുടെ കൂട്ടസ്വത്തു അകന്ന നിലയിലേ കൂട്ടസ്വത്താകുന്നുള്ളു. അതു് സഹകാരികളായ ഉപഭോക്താക്കളുടെയെല്ലാവരുടേയും സ്വത്തുതന്നെ. അതിൻെറ ഉദ്ദേശം ഉപഭോഗത്തിനുവേണ്ടി നിമ്മാണത്തെ രൂപവല്ക്കരിക്കുവാൻ അവരെ പ്രാപ്തരാക്കുകയാകുന്നു.

സഹകരണം വർത്തിക്കുന്നതു രണ്ടു തരം ഉടമാവകാശങ്ങൾക്കു മദ്ധ്യത്തിലാണ്. സഹകാരിയുടെ സ്വകാര്യ സ്വത്തു അതിന്റെ ആരംഭസ്ഥാനവും സഹകരണ സ്ഥാപനത്തിന്റെ കൂട്ടുസ്വത്ത് അതിന്റെ പ്രാപ്യസ്ഥാനവുമാണ്. ഒരു സഹകരണ സ്ഥാപനത്തിന്നു അതിന്റെ ആരംഭകാലത്ത് അംഗങ്ങളുടെ ഓഹരിപ്പണമൊഴിച്ച് മറ്റു യാതൊരു സ്വത്തുമുണ്ടാകുന്നില്ല. അംഗങ്ങൾ എടുക്കുന്ന ഓഹരി സംഖ്യയാണ് അതിന്റെ പ്രധാനമായ, അഥവാ ഒട്ടാകെയുള്ള സ്വത്ത്. എന്നാൽ സംഘങ്ങൾ അഭിവൃദ്ധിപ്പെടുമ്പോൾ കാലക്രമത്തിൽ കരുതൽ ധനങ്ങളും മററും ആവിർഭവിക്കുകയും അപ്പോൾ മറെറാ ശക്തി പ്രത്യക്ഷപ്പെട്ടു തുടങ്ങുകയും ചെയ്യുന്നു. വലുപ്പം, പ്രാധാന്യം, അഭിവൃദ്ധി എന്നിവകൊണ്ടു ഏററവും പ്രശസ്തങ്ങളായ സംഘങ്ങൾ പരിശോധിക്കുന്നതായാൽ ഓഹരിപ്പണം കൊണ്ടുണ്ടായിട്ടുള്ള മൂലധനം കരുതൽ ധനത്തിന്റെ വർദ്ധനത്തോതനുസരിച്ചു കുറയുന്നതു കാണാം. സഹകരണപ്രസ്ഥാനം ഈ ഉടമാവാകാശങ്ങളിൽ ഒന്നിനെ മറേറതിന്റെ ഗുണത്തിനു വേണ്ടി വിനിയോഗിക്കുന്നുവെന്നു നമുക്കു സങ്കല്പിക്കാം. ഇങ്ങനെ "മൊത്തവ്യാപാര സംഘം" ഒരുകാലത്തു ഉപഭോക്താക്കളുടെയെല്ലാം സ്വത്തായി പരിണമിക്കുന്നതാണ്. അതിന്റെ ഭരണം ഉപഭോക്താക്കളുടെയെല്ലാം കൈവശത്തിലായിരിക്കും. അതു പ്രത്യേകമൊരു വ്യക്തിയുടെ സ്വത്തായിരിക്കയില്ല. ആ അവസ്ഥ വന്നു ചേർന്നാൽ "സാമുദായസ്വത്വവും" സാധിത പ്രായമാവുകകഴിഞ്ഞു. വ്യക്തിപരമല്ലാത്തതും, അവിഭക്തവും, കൈമാററം ചെയ്യുവാൻ പാടില്ലാത്തതുമായ ആ സ്വത്ത് സഹകാരിലോകത്തിന്റെ കൈവശത്തിലാവുക കഴിഞ്ഞു. അതുകൊണ്ടു സ്വകാര്യ സ്വത്തിന്റെ ചില ധർമ്മങ്ങൾ സഹകരണസ്ഥാപനങ്ങളുടെ പ്രാരംഭഘട്ടങ്ങളിൽ അവയുടെ വളർച്ചക്കു സഹായമായി നില്ക്കുമെന്നു നമുക്കു സമ്മതിക്കേണ്ടതായി വന്നാലും അവയുടെ ശക്തി കാലക്രമത്തിൽ ക്ഷയിച്ച് ഒടുവിൽ ഇല്ലാതായിത്തീരുന്നതാണ്. ഉടമാവകാശത്തിന്റെ വളർച്ചയുടെ ഒരു സുവർണ്ണഘട്ടത്തെയാണ് സഹകരണം കുറിക്കുന്നത്. ഒരു രൂപത്തിൽ നിന്നു നാം തീരെ വ്യത്യസ്തമായ മറെറാന്നിലേക്കു പ്രവേശിക്കുന്നു. വ്യാപാരമണ്ഡലത്തിലെന്നപോലെ നിയമ ലോകത്തിലും സഹകരണം ചെയ്യുന്നത് നിലവിലുള്ള സമുദായ സ്ഥാപനങ്ങളെ പുതിയവ നിർമ്മിക്കുന്നതിന്നു പയോഗപ്പെടുത്തുകയാണ്.

എ. രാമപുതുവാൾ ബി. എ ബി എൽ,

# സാഹിത്യം.

## 1

യഥാൎത്ഥമായ സാഹിത്യത്തെപ്പററി സംസാരിക്കുന്ന അവസരത്തിൽ ഒരു ആംഗല വിമൎശക പ്രമാണിയായ ആർനോൾഡ് ബെന്നെററ് തൻെറ ഒരു സ്നേഹിതൻെറ ചില വാക്കുകളെ സ്മരിക്കുന്നു. അദ്ദേഹം പറയുകയാണ്:—"ഗണിതശാസ്ത്രത്തിലെന്നപോലെ വ്യായാമത്തിൽ അതിവിദഗ്ദ്ധൻ, ചതുരംഗക്കളിയിൽ അജയ്യ്യൻ, സംഗീതത്തിൽ അതിനിപുണൻ, ഇതൊക്കെയായിരുന്ന ആ സ്നേഹിതൻെറ വാക്കുകൾ ഞാൻ ഓൎക്കുന്നു, 'ഇനി എൻെറ സാഹിത്യാഭിരുചിയെ ഒന്നു ഉജ്ജീവിപ്പിക്കേണ്ടതായിരിക്കുന്നു'. അദ്ദേഹം പറയുന്നതുകേട്ടാൽ തോന്നും, "ഇതേവരെ ഞാൻ സാഹിത്യത്തെ വിസ്മരിച്ചിരിക്കുകയായിരുന്നു; അന്യകലകളെല്ലാം സ്വാധീനമാക്കിയ എനിക്കു സാഹിത്യം മാത്രമേ ഇനി ബാക്കിയുള്ളു. എനിക്കു ലജ്ജയാകുന്നു, എൻെറ സാഹിത്യാഭിരുചിക്കുറവിനേപ്പററി" എന്നു് ആണ് അയാൾ വിചാരിക്കുന്നതെന്നു്."

ഒരുകൂട്ടം ആളുകളുണ്ടു്: അവൎക്കു സാഹിത്യം നേരംപോക്കുന്നതിനുള്ള ഒരു 'നേരംപോക്കു്'; സാഹിത്യാഭിരുചി കേവലം ബാഹ്യങ്ങളായ യോഗ്യതാചിഹ്നങ്ങളിൽ ഒന്നുമാത്രം. ആംഗലഭാഷാഭിജ്ഞനാണെങ്കിൽ ഒരു "Six penny novel," മലയാളഭാഷാഭിജ്ഞനാണെങ്കിൽ ഒരു "നാഥനെ നേടിയനാരി;" ഇത്തരം എത്രയെത്ര സാഹിത്യരസികന്മാരെന്നു അഭിമാനിക്കുന്നവരെ നാം തീവണ്ടിയാത്രയിൽ കാണാറുണ്ടു്? വായനയുടെ 'രസം' അവസാനിക്കേണ്ടതാമസം, പുസ്തകം കൈയിൽനിന്നു വീഴുവാൻ. ഇതാണോ യഥാൎത്ഥമായ സാഹിത്യാസ്വാദനം;

സാഹിത്യത്തെ വെറും ഒരു വിനോദമായും സാഹിത്യാഭിരുചിയെ വെറും ഒരു യോഗ്യതാചിഹ്നമായും പരിഗണിക്കുന്നവൎക്കു് യഥാൎത്ഥമായ സാഹ്യത്യാഭരുചിയെ തൻെറ ഹൃദയത്തിൽ ഉണൎത്തുവനോ, പകുതി ഉണന്നും പകുതി ഉറങ്ങിക്കിടക്കുന്നതുമായ ആ ആസ്വാദനശക്തിയെ ആനന്ദനിഷ്യന്ദിയായ ഒരു വിനോദമായി രൂപപ്പെടുത്തുവാനോ എങ്ങിനെ സാധിക്കും?" സാഹിത്യത്തിൽ നിന്നു ലഭിക്കുന്ന ആനന്ദം പരിപൂൎണ്ണമാണ്, നിഷ്കന്മഷമാണ്, അതുകൊണ്ടുതന്നെ സൎവ്വോപരി അഭിലഷണീയമാണു. സംസ്കൃതമായ ഹൃദയങ്ങളെ ആകൎഷിക്കുവാൻ അതിനുള്ളശക്തി അപാരമാകുന്നു. ജീവിതത്തോടു അവിഭജ്യമായ ഒരു ബന്ധമുണ്ടു്, സാഹിത്യത്തിനു്; അതുപോലെത്തന്നെ സാഹിത്യത്തോടു സാപേ

ക്ഷകമായ ഒരു സ്ഥാനമാണ് ജീവിതത്തിനുമുള്ളത്. ജീവിതത്തിന്റെ പരിപൂർണ്ണതയ്ക്ക് സാഹിത്യം അത്യന്താപേക്ഷിതമത്രെ. സാഹിത്യാഭിരുചിയോടുകൂടാത്ത ജീവിതം ശരിയായ ജീവിതമല്ല; അവർ ജീവിക്കുന്നുണ്ട്, മരിച്ചവരേപ്പോലേ; അവർ കാണുന്നുണ്ട്, അന്ധന്മാരെപ്പോലെ. അങ്ങിനെയുള്ള നികൃഷ്ടജീവിതം ആര് തന്നെ കാംക്ഷിക്കും? 'ശുക്രനാം കൈവിളക്കേന്തിയെത്തുന്ന' പ്രഭാതലക്ഷ്മിയേയൊ, "വിൺതമോലകൊട്ടിലെ ചെത്തെമിന്നാമിനുങ്ങുകളേയോ", 'കന്ദരാസ്യം പിളർത്തി' അത്ഭുതസ്തിമിതമെല്ലായിനിൽക്കുന്ന ഗിരിനിരകളേയോ അവർ കാണുന്നുണ്ടോ? നീരവമായ നിശീഥത്തിൽ നഗ്നമായ ധവളഹസ്തങ്ങളാൽ തുടിക്കുന്ന ചന്ദ്രൻ മാറിടത്തിൽ തടവുമ്പോൾ നദി അവ്യക്തമധുരമായി തിരച്ചുണ്ടുകളാൽ പ്രേമം തുറന്നു പറയുന്നതു അവർ കേട്ടിട്ടുണ്ടോ? ഇതെല്ലാം കാണുവാനും കേൾക്കുവാനുമുള്ള സൌന്ദര്യാസ്വാദക്ഷമമായ കണ്ണും കരളും അപൂർവ്വം ചിലക്കേ ഉള്ളു.

ഏതാണ് സാഹിത്യം, മനുഷ്യജീവിതത്തോടും അതിനുള്ള ബന്ധമെന്താണ്, എന്നതിനെപ്പററി സാമാന്യമായ ഒരു ബോധം ലഭിക്കുന്നതിന്നായിട്ടെങ്കിലും അതിനെപ്പററി രണ്ടുവാക്ക് പറയുന്നതു് അനാവശ്യകമാകയില്ല.

സാഹിത്യത്തെപ്പററി സാമാന്യമായ ഒരു നിർവ്വചനത്തിന് നമ്മക്ക് ആ ആംഗലവിമർശകന്റെ അടുക്കലേയ്ക്കുതന്നെ പോകുക.

"ഞാൻ പറയാം, എന്താണ് സാഹിത്യമെന്നു്.................... അതിന്നായി ഞാൻ നിങ്ങളുടെ ചരിത്രം തന്നെയെടുക്കട്ടെ. അന്നു് ഒരു സായഹ്നത്തിൽ നിങ്ങളും നിങ്ങളുടെ ആത്മസ്നേഹിതനും കൂടി — നിങ്ങൾക്ക് അയാളിൽ നിന്നു യാതൊന്നും മറച്ചുവെയ്ക്കുവാനില്ല — സൂര്യാസ്തമനം കാണുവാൻ കടൽത്തീരത്തേയ്ക്കു പോകുകയുണ്ടായില്ലേ? ആസന്ധ്യാസമയത്തു നിങ്ങളുടെ ഹൃദയത്തെ സ്വാധീനമാക്കിയ ആസ്വകാര്യകാര്യം സ്നേഹിതനിൽ നിന്നും മറച്ചുവയ്ക്കുവാൻ നിങ്ങൾ യഥാർത്ഥമായി ആഗ്രഹിച്ചിരുന്നു. പക്ഷേ എങ്ങിനേയോ ദുർന്നിവാരമായ ഒരു ആകർഷണം നിങ്ങളുടെ ഹൃദയത്തെ ആ വിഷയത്തിലേയ്ക്കുതന്നെ വലിച്ചിഴച്ചു. വിശ്വസനീയനും, വിവേചനാശീലനും, അനുഭാവപൂർണ്ണനുമായ നിങ്ങളുടെ സ്നേഹിതൻ തന്റെ ഉൽകൃഷ്ടമായ ജിജ്ഞാസയാൻ നിങ്ങളെ പ്രോത്സാഹിപ്പിച്ചപ്പോൾ നിങ്ങളുടെ വിവരണം മുൻപോട്ടു പോയിത്തുടങ്ങി, അതോടുകൂടിത്തന്നെ നിങ്ങൾ മതിമറന്നു വിളിച്ചുപറഞ്ഞുപോയി, "**My boy she is simply miraculous!**" * എന്നു്. ആനിമിഷത്തിൽ നിങ്ങൾ സാഹിത്യത്തിന്റെ സാമ്രാജ്യത്തിലായിരുന്നു."

ഇവിടെ ഒരു ലഘുവിവരണം ആവശ്യമുണ്ട്. വാസ്തവമായി ആ

* "എന്റെ ചങ്ങാതി, അവൾ കേവലം ഒരു 'അത്ഭുതം' തന്നെ!"

വാക്കിൻെറ സാധാരണമായ അർത്ഥത്തിൽ അവൾ ഒരു "അത്ഭുത"മായിരുന്നില്ല. നിങ്ങളുടെ ആ വിശ്വസ്ത സ്നേഹിതനു തോന്നിയിട്ടില്ല, അവൾ ഒരു "അത്ഭുത"മാണെന്ന്. അവളെ കണ്ടിട്ടുള്ളവരാരും അവളെ ഒരു "അത്ഭുതമായി വിചാരിച്ചിട്ടില്ല. ഒരു സാധാരണബാലികയായിരുന്നു, അവൾ. അവൾക്കുവേണ്ടി "ട്രോയ്" ഒരിക്കലും ചാരമാക്കിയിട്ടില്ല. ഒരു പെൺകുട്ടി ഒരു "അത്ഭുത"മാണെന്ന് എങ്ങിനെ പറയാം? അവൾ ഒരു അത്ഭുതമാണെങ്കിൽ ലോകത്തിൽ എന്താണ് "അത്ഭുത"മല്ലാത്തതു്? എന്നാലും നിങ്ങൾ പറയുമായിരിക്കാം, ഒരു "അത്ഭുത"മാണ് അവളെന്ന്; നിങ്ങൾക്ക് പറയുവാൻ കഴിയും, നിങ്ങൾ പറയേണ്ടതാണ്. അത്രമാത്രം. ലോകത്തിലെ നിരവധി അത്ഭുതങ്ങളിൽ ഒന്നു നിങ്ങളുടെ ഹൃദയത്തെ ആകർഷിച്ചിരിക്കുന്നു; നിങ്ങളുടെ ഭാവനയെ തട്ടിയുണർത്തിയിരിക്കുന്നു; ഒന്നിൽ നിങ്ങളുടെ ഹൃദയം ആണ്ടുപോയിരിക്കുന്നു. ഏതോ ഒരു വസ്തുവിൻെറ സൌന്ദര്യം നിങ്ങളുടെ ഹൃദയഭിത്തികളിൽ പ്രതിഫലിച്ചു. അതിനെ നിങ്ങളുടെ സ്നേഹിതന് അനുഭവപ്പെടുത്തിക്കൊടുക്കാതെ നിങ്ങൾക്കു നിവൃത്തിയില്ലെന്നു വന്നു. നിങ്ങളുടെ മുഖഭാവത്തിന്നും വാക്കുകൾക്കും സ്നേഹിതനിൽ എന്തൊരു വികാരമാണ് സംജാതമാക്കുവാൻ സാധിച്ചതെന്നു നോക്കുക. അദ്ദേഹം ഒരിക്കലും വിശ്വസിക്കുകയില്ലായിരുന്നു, അവൾ ഒരു "അത്ഭുത"മാണെന്നു. സ്വീയവികാരങ്ങൾ സ്നേഹിതനിൽ പകർത്തുവാനുള്ള നിങ്ങളുടെ അതിയായ ഔത്സുക്യമാണ് അയാളുടെ ഭാവഭേദത്തിന്നു നിദാനം.

നിങ്ങൾ ആ സമയത്തു സാഹിത്യം വിരചിക്കുകയായിരുന്നു. നിങ്ങളുടെ സ്നേഹിതൻ മറെറാരു ബാലികയെ കാണുവാനിടയായി. അവൾ ഒരു അത്ഭുതമാണെന്നു് അയാൾക്കും തോന്നി. അഹോ! സാഹിത്യത്തിൻെറ പ്രചോദനം! സാധാരണന്മാരുടെ ജീവിതത്തിൽ ഈദൃശമായ സംഭവങ്ങൾ വളരെ ദുർല്ലഭമാണ്; സാഹിത്യകാരന്മാരുടെ ജീവിതത്തിൽ ഈദൃശമല്ലാത്ത നിമിഷങ്ങളാണ് തുലോം ദുർല്ലഭം. ഏതോ ഒന്നിൻെറ സൌന്ദര്യത്തെപ്പററി, മാഹാത്മ്യത്തെപ്പററി, നിങ്ങളുടെ ഹൃദയത്തിൽ തിങ്ങിവിങ്ങുന്ന വികാരങ്ങളെ അന്യരെ ഗ്രഹിപ്പിക്കാതിരിക്കുക അസാദ്ധ്യമാകുന്ന ഘട്ടത്തിൽ അതു് സുന്ദരമായ രൂപത്തിൽ അന്യാദൃശമായ ശക്തിയോടുകൂടി നിർഗ്ഗളിക്കുന്നതാണ് സാഹിത്യം. ഒരു സാഹിത്യകാരൻെറ ദൃഷ്ടിപതിയുന്നതു് ഒരു വസ്തുവിൻെറ ബാഹ്യസൌന്ദര്യത്തിൽ മാത്രമല്ല; അതിൻെറ അതീന്ദ്രിയമായ ആന്തരസൌന്ദര്യത്തിൽകൂടി അവ നിക്ഷിപ്തമാകുന്നു. സാഹിത്യത്തിന്നു് മനുഷ്യഹൃദയത്തോടുള്ള ബന്ധം വ്യക്തമായെന്നു് വിശ്വസിക്കുന്നു.

പ്രപഞ്ചസൌന്ദൎയ്യത്തെ ആവരണം ചെയ്തിട്ടുള്ള യവനികയെ ഒന്നു നീക്കി ഇടയ്ക്കിടെ അതിലേയ്ക്കു് എത്തിനോക്കുകയാണു് സാഹിത്യകാരന്മാരുടെ വിനോദം. പ്രപഞ്ചത്തോടും അതിലുള്ള വിവിധവസ്തുക്കളോടും എന്തെന്നില്ലാത്ത ഒരു ബന്ധം, അതിന്റെ സൌന്ദൎയ്യത്താൽ എന്തെന്നില്ലാത്ത ഒരു ആനന്ദം, സംജാതമാക്കുന്ന സാഹിത്യത്തിന്റെ പ്രചോദനാവൈഭവം അത്ഭുതാവഹം തന്നെ! ലോകത്തോടും അതിന്റെ നാനാത്വത്തോടും അനിൎവ്വാച്യവും സ്നേഹജന്യവുമായ ഒരു അനുഭാവം മനുഷ്യഹൃദയത്തിൽ ഉളവാക്കി ജീവിതത്തെ ഹൃദയാവൎജ്ജകമായ ഒരു ഗാനമായി മാററുന്ന സാഹിത്യത്തെ ശരിയായ അഭിരുചിയോടുകൂടി ആസ്വദിക്കുവാൻ പരിശ്രമിക്കുക. ഇതായിരിക്കട്ടെ ജീവിതത്തിലെ പരമോദ്ദേശ്യങ്ങളിൽ ഒന്നു്!

വി. രാമനുണ്ണിമേനോൻ.

---

## * സൌന്ദൎയ്യാസ്വാദം.

ഒരു പദാൎത്ഥം കാണുമ്പോൾ അതിന്റെ ഉപയോഗമെന്തെന്നു് ചോദിക്കുക സ്വാഭാവികമാണു്. എന്നാൽ, 'അതു സുന്ദരമാണോ?' ഈ അന്വേഷണം പതിവില്ല. മഹാകവി കീററ്സ് പാടിയിട്ടുണ്ടു്, "സുന്ദരമായ ഒരു പദാൎത്ഥം നിത്യാനന്ദമാണു്" എന്നു്. മനുഷ്യർ ഉപയുക്തസാധനങ്ങൾ മാത്രം ആഗ്രഹിച്ചാൽ പോരാ; സുന്ദരവസ്തുക്കൾ സ്നേഹിക്കുക കൂടിവേണം. ആഹാരനിദ്രാദിവിഷയങ്ങളിൽ മാത്രം ആസക്തരായിരുന്നാൽ പോരാ; സൌന്ദൎയ്യാസ്വാദത്തിൽകൂടി തൃഷ്ണയുള്ളവരായിരിക്കണം. സൌന്ദൎയ്യാസ്വാദം അതിന്റെ താഴ്ന്നനിലയിൽപ്പോലും ദൈവികമാണു്. മാത്രമല്ല, മനുഷ്യപ്രകൃതിയിൽ പ്രഥമവും പ്രധാനവുമായ ഒരു സ്ഥാനമാണു അതൎഹിക്കുന്നതു്.

എന്നാൽ എന്താണു് സൌന്ദൎയ്യം?

എല്ലാരാജ്യക്കാരും എല്ലാത്തരക്കാരും പ്രതിപാദിച്ചിട്ടുണ്ടു്, ഈ ലോകവും സകല പദാൎത്ഥങ്ങളും സുന്ദരങ്ങളാണെന്നു്. എല്ലാത്തിലും ഒരു സൽഗ്ഗുണമുണ്ടു്—സൌന്ദൎയ്യം. ലോകം സുന്ദരമാണു്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടു് അതാസ്വദിക്കുവാൻ; അതിൽ ലയിക്കുവാൻ. ലോകത്തിൽ വികൃതമെന്നൊന്നില്ലതന്നെ. ഒരു പുരാവൃത്തമുണ്ടു്. ഒരിക്കൽ ക്രിസ്തു അന്തേവാസികളൊരുമിച്ച സഞ്ചരിക്കുമ്പോൾ വഴിയിൽ ഒരു പട്ടി

---

* ഇംഗ്ലീഷിൽനിന്നു്.

യുടെ ശവം കിടക്കുന്നതുകണ്ടു. അതിൻെറ ദുർഗ്ഗന്ധംമൂലം അനുയായികൾ കാടിദൂരെമാറി. ആചാര്യനാകട്ടെ ആ ചത്ത പട്ടിയുടെ അടുക്കൽചെന്നു. ശിഷ്യന്മാരെ സമീപത്തേക്കു വിളിച്ചു. "ഇതിൻെറ പല്ലുകൾ എത്ര ഭംഗിയുള്ളവയാണ്! മുക്താഫലംപോലെ വെളുത്തിരിക്കുന്നു" അദ്ദേഹം എന്നു ആനന്ദം പ്രദശിപ്പിച്ചു. വികൃതവസ്തുക്കളിൽപോലും സൌന്ദര്യം ഉണ്ടെന്നും അതു ആസ്വാദിക്കുവാനുള്ള ശക്തിയാണ് സാധാരണന്മാരിൽ ദരിദ്രമായിരിക്കുന്നതെന്നും അത്രേ ഈ സംഭവം വിശദമാക്കുന്നത്.

ഗുരുനാനാക്ക്, ഒരു സ്തോത്രത്തിൽ സാർവ്വത്രിക സൌന്ദര്യത്തെ സംക്ഷേപിച്ചിട്ടുണ്ട്:—"ജഗദീശ്വര! അവിടുത്തെ രത്നദീപങ്ങളാണ് ആദിത്യനും അമ്പിളിയും, രജതഭാജനമാണ് നഭോമണ്ഡലം. മലയജാമോദം അവിടുത്തെ ധൂപമാണ്. മാരുതൻ അവിടുത്തെ'ചലച്ചാമരം'ആണ്. വിപിനങ്ങളെല്ലാം അവിടുത്തെ ജ്വാലകളാകുന്നു."

മഹാകവികളായ കാളിദാസനും ഭവഭൂതിയും ഭുവനംതന്നെ സൌന്ദര്യമയമായി ചിത്രണം ചെയ്തിട്ടുണ്ട്. സൂര്യോദയം ജനനത്തിൻെറ സൌഭാഗ്യം സ്മരിപ്പിക്കുന്നു. അരുണവർണ്ണത്തോടുകൂടിയ അസ്തമയം മരണത്തിൻെറ ഒരു ചിഹ്നമാണ്. അദ്ധരാത്രിയിലെ ചന്ദ്രൻ ജീവിതത്തിൻെറ ദീപ്തിയെക്കുറിക്കുന്നു. രജനി ശാന്തമായ ആനന്ദത്തിൻെറ ലക്ഷണമാണ്. ജീവിതത്തിനേയും അതിൻെറ സംഗീതത്തേയും ചൂണ്ടിക്കാണിക്കുന്നു, പതംഗങ്ങളും അവയുടെ പാട്ടുകളും. കുസുമങ്ങൾ ജീവിതത്തിൻെറ പരിശുദ്ധിയുടേയും ആമോദത്തിൻേറയും ലക്ഷണങ്ങളത്രെ. പർവ്വതങ്ങൾ ജീവിതത്തിൻെറ ഗാംഭീര്യയുക്തമായ മാഹാത്മ്യത്തെ പ്രത്യക്ഷമാക്കുന്നു. തീരവൃക്ഷങ്ങളെ ആശ്വസിപ്പിച്ചും ആശ്ലേഷിച്ചും ചുംബിച്ചും കളിപ്പിച്ചും ഒഴുകി അപാരമായ അഗാധതയിൽ ലയിക്കുന്ന നദികൾ ലോകസേവാപരമായ ഒരു ജീവിതത്തിൻെറ സൌന്ദര്യം കലന്നവയല്ലേ? സാഗരം മനുഷ്യരുടെ സൌഹൃദത്തിൻേറയും അതിലെ തിരമാലകൾ പ്രാർത്ഥനാർത്ഥമുള്ള മനുഷ്യരുടെ പ്രണാമങ്ങളുടേയും ലക്ഷണങ്ങളാണ്.

അതിനാൽ ആരും ഉപയോഗത്തെ മാത്രം സ്നേഹിക്കരുത്; സൌന്ദര്യത്തെ കൂടി സ്നേഹിക്കണം. ഉപയുക്തങ്ങളായ സാധനങ്ങൾ ജീവിതത്തെ പോഷിപ്പിക്കുന്നു. രാമണീയങ്ങളായ പദാർത്ഥങ്ങൾ അതിനെ ഉൽകൃഷ്ടവും വിശുദ്ധവുമാക്കുന്നു. ഭക്ഷണസാധനം, പാനീയം, വസ്ത്രം മുതലായവ ഉപയുക്തങ്ങളാണ്. എന്നാൽ ഒരു പഴഞ്ചൊല്ലുള്ളതു പോലെ ജീവിതം ഭക്ഷണത്തിന്ന് മാത്രമല്ല; സൌന്ദര്യാസ്വാദത്തിന്നു കൂടിയാണ്.

എമേഴ്സൺ പറയുന്നതു് നോക്കുക "നിങ്ങൾ അറിഞ്ഞിട്ടുണ്ടോ സംസാര ശക്തിയില്ലെങ്കിലും പ്രകൃതി എപ്പോഴും നിങ്ങളോടു സംസാരിക്കുന്നുണ്ടെന്നു്?" അദ്ദേഹത്തിന്റെ 'പ്രകൃതി' ആദിത്യൻ, അമ്പിളി, ആകാശം, നക്ഷത്രങ്ങൾ, വൃക്ഷങ്ങൾ, കുസുമങ്ങൾ, മാത്രമല്ല നമ്മുടെ നാലുപാടും കാണുന്ന സകല പദാൎത്ഥങ്ങളോടും കൂടിയ ലോകം തന്നേയാണു്. അവ സംസാരിക്കുവാനശക്തങ്ങളെങ്കിലും മൂകങ്ങളല്ല. അവ നമ്മോടു് സംസാരിക്കുന്നുണ്ടു്; അവ നമ്മെ പഠിപ്പിക്കുന്നുണ്ടു്. അതു കേൾക്കണമെങ്കിൽ മനസ്സും ജീവനും ചെവിയോൎത്തു നിൽക്കണം! അവ എങ്ങിനെ സംസാരിക്കും? നിങ്ങൾ ചോദിച്ചേക്കാം. ഞാൻ ഒരു ചെറു കഥ പറയാം. അതു നിങ്ങളെ സംശയത്തിൽ നിന്നും വിമുക്തരാക്കും. പനിനീർപുഷ്പങ്ങളാൽ പരിശോഭിതമായ ഒരു പൂങ്കാവനത്തിൽ ഒരിക്കൽ ഞാൻ ലാത്തുകയായിരുന്നു. തത്സമയം ഒരു സൌന്ദൎയ്യധാമത്തെ, പതിന്നാലു വയസ്സോളം പ്രായം ചെന്ന ഒരു സുകുമാരിയെ, കാണുവാൻ സംഗതിയായി. സന്താപത്താൽ വാടിയ വദനത്തോടു കൂടിയാണു അവൾ ആ ഉദ്യാനത്തി പ്രവേശിച്ചതു്. പനിനീർ സുമങ്ങൾ അവളുടെ കണ്ണുകളെ ആകൎഷിച്ചു. അല്പ സമയം ആ പുഷ്പങ്ങളിൽ തന്നെ ദൃഷ്ടിപതിപ്പിച്ചു് അവൾ നിശ്ചലയായി നിന്നു. ക്രമേണ അവളുടെ കണ്ണുകളിൽ രാഗം തുളുമ്പി. ആനന്ദത്തിന്റെ ചില ചിഹ്നങ്ങൾ അവളുടെ മുഖത്തു തത്തിക്കളിച്ചു. അവളുടെ മനോദുഃഖം മധുരമായ ഒരു ചിത്തവൃത്തിയായി മാറി. ആ കാഴ്ച എന്നെ അങ്ങോട്ടാകൎഷിക്കാതിരുന്നില്ല. "ഈ കുസുമങ്ങൾ കൊണ്ടു് നിങ്ങൾ എന്താണു് ചെയ്യുന്നതു്?" ഞാൻ സാവധാനം ചോദിച്ചു. "പനിനീർ പുഷ്പങ്ങൾ എന്നെയും ഞാൻ അവയേയും ആലിംഗനം ചെയ്യുകയാണു. ഞങ്ങൾ തമ്മിൽ സല്ലപിക്കുകയാണു്" അവളുടെ അധരദലങ്ങളിൽ നിന്നു ഒരു മൃദുമൎമ്മരം പുറപ്പെട്ടു. "ഞാനറിയുന്നുണ്ടു, നിങ്ങൾ അവയോടു സല്ലപിക്കുകയാണെന്നു്. നിങ്ങൾക്കു് സംസാരിക്കുവാൻ കഴിയും. എന്നാൽ പുഷ്പങ്ങൾക്കതു് കഴികയില്ല. പിന്നെയെന്താണു് അവ സല്ലപിക്കുന്നുവെന്നു് നിങ്ങൾ പറയുന്നതു്? അവയ്ക്കതു സാധിക്കുമോ?" ഞാൻ വീണ്ടും ചോദിച്ചു അവൾ മധുരോക്തി പൊഴിച്ചു, "നിങ്ങൾ കാണുക. അവയുടെ മൌനം എന്റെ സംസാരത്തേക്കാൾ വലിയതാണു്. എത്ര മനോഹരങ്ങളാണു് അവ! അവയുടെ വീക്ഷണം തന്നെ എനിക്കു വലിയ സമാധാനമാണു. അവ എപ്രകാരം വികസിക്കുന്നു, പ്രശോഭിക്കുന്നു. ആ മുള്ളുകൾക്കിടയിൽ വിരാജിച്ചുകൊണ്ടു എനിക്കുഅളവററ ആനന്ദം പ്രദാനം ചെയ്യുന്നു! ഇതെയെല്ലാം എന്നോടുള്ള സംസാരത്തേക്കാൾ സാരതരമല്ലയോ? ഒരു പുസ്തകത്തിനോ, ഒരദ്ധ്യാപകനോ,

ഈദൃശമായ ആനന്ദവും ജീവിത വിജ്ഞാനവും പ്രദാനം ചെയ്യുവാൻ സാധിക്കുന്നതല്ല."

"സൌന്ദര്യം സത്യമാണ്, സത്യം സൌന്ദര്യവും"

യം. യസ്സ്. നീലകണ്ഠൻ നമ്പൂതിരി

# ആധുനിക് പഞ്ചാബി സാഹിത്യം.

വിദ്യാസമ്പന്നനായ പഞ്ചാബി ഇന്നും അജ്ഞനാണ്, അവന്റെ മാതൃഭാഷാ സാഹിത്യചരിത്രത്തിൽ. ഹിന്ദിയിലോ, ഇംഗ്ലീഷിലോ ഈ വിഷയത്തെക്കുറിച്ച് ഇന്നുവരെ ഒരു ഗ്രന്ഥംപോലും നിർമ്മിക്കപ്പെട്ടിട്ടില്ല. പഞ്ചാബി സാഹിത്യഗ്രന്ഥങ്ങളുടെ അഭാവത്തിന്നു പല ഹേതുക്കളുണ്ട്. വിദ്യാഭ്യാസകാലത്തു മാതൃഭാഷാഭ്യസനത്തിന്നുള്ള സന്ദർഭവും സൌകര്യവും സുദുർല്ലഭമായതുകൊണ്ട്, പ്രത്യേക ശ്രദ്ധയോടുകൂടി അതു വശത്താക്കാൻ ശ്രമിക്കുന്ന പഞ്ചാബികൾ അധികം ഇല്ല. തന്മൂലം ആംഗലവിദ്യാഭ്യാസം സിദ്ധിക്കാത്തവരാണു സാധാരണ സാഹിത്യപരിശ്രമത്തിന്നൊരുമ്പെടുക. അതുകൊണ്ടു തങ്ങളുടെ സാഹിത്യത്തിന്റെ പുഷ്ടിയേയും വളർച്ചയേയും ഇതരസാഹിത്യകാരന്മാർക്കു തുറന്നുകാണിപ്പാൻ കഴിയാതെവരുന്നു. രണ്ടാമതായി 'ലാൻഡി' (Lahndi), ഉർദു (Urdu), ശിഖി, (Sikhi) എന്നീ മൂന്ന് ഉപഭാഷകളിലും ശരിയായ പാണ്ഡിത്യം ലഭിച്ചാലേ "പഞ്ചാബി" സാഹിത്യവിമർശനം സാദ്ധ്യമാകയുള്ളു. സാഹിത്യഗ്രന്ഥങ്ങളോടുള്ള ഈ അടുപ്പമില്ലായ്മയാണ് പഞ്ചാബിസാഹിത്യത്തിന്നു ലോകപ്രശസ്തി സിദ്ധിക്കാഞ്ഞതിന്നു മുഖ്യകാരണം.

സിക്കുകാരുടെ കയ്യിൽനിന്നും ബ്രിട്ടീഷുകാർ പഞ്ചാബു പിടിച്ചടക്കിയ കാലം മുതല്ക്കാണ് ആധുനികപഞ്ചാബി സാഹിത്യത്തിന്റെ ആരംഭം. ഭാരതത്തിലും ഇംഗ്ലണ്ടിലുമുള്ള ബ്രിട്ടീഷുദ്യോഗസ്ഥന്മാരുടേയും ചരിത്രകാരന്മാരുടേയും ആവശ്യത്തിലേക്കായി ഈ ജോലി ഗവർമ്മേണ്ട് ഏറ്റെടുക്കുകയാണു ചെയ്തതു്. അതിന്നുശേഷം മതപരമായ പ്രാർത്ഥനകളും മററുമായി പലരും പദ്യശകലങ്ങൾ നിർമ്മിക്കാൻ തുടങ്ങി. ഇതരഭാഷകളിൽനിന്നും അവശ്യം ആവശ്യമായ ചില ഗ്രന്ഥങ്ങളുടെ വിവർത്തനങ്ങളാണു പിന്നീടുണ്ടായതു്. ഇതോടുകൂടെ നാം നവീനകാലത്തെത്തുന്നു. കഴിഞ്ഞ അർദ്ധശതാബ്ദകാലത്തെ ഭാരതീയ ജീവിതത്തിൽ പ്രാധാന്യം വഹിക്കുന്ന രാഷ്ട്രീയ സ്വാതന്ത്ര്യസമരാരംഭത്തോടെ ഭാരതത്തി

ലെ ഭാഷകൾക്കും ഒരുണർവ്വ് ഉണ്ടായിട്ടുണ്ട്. ഇതോടുകൂടെ "പഞ്ചാബി"യും സുഷുപ്തിവിട്ടു. "ബംഗാളി" കഴിഞ്ഞാൽ പിന്നെ രാഷ്ട്രീയ കവിതാനിർമ്മാണത്തിൽ മുന്നണിയിൽ നില്ക്കുന്നതു് "പഞ്ചാബി"യാണു്. ലോകമഹായുദ്ധാനന്തരം സിദ്ധിച്ച സ്വല്പമായ രാഷ്ട്രീയ സ്വാതന്ത്ര്യം പഞ്ചാബി സാഹിത്യത്തിന്റെ പുനരുജ്ജീവനം സുസാദ്ധ്യമാക്കി. പ്രധാനമായി രണ്ടു സാഹിത്യകാരന്മാരുടെ പരിശ്രമത്തിന്റെ ഫലമാണ് ഈ പുനരുജ്ജീവനം. ഭാവനാമധുരങ്ങളും, വികാരോദ്ദീപകങ്ങളുമായ കവനതല്ലജങ്ങൾ പ്രഥമമായി "പഞ്ചാബി" സാഹിത്യം കണ്ടതുതന്നെ ഇവരുടെ തൂലികയിൽ നിന്നാണ്. എങ്കിലും ഇതുകൊണ്ടൊന്നും സാഹിത്യദേവിയെ ബാല്യദശയിൽനിന്നും ഉയർത്തുവാൻ സാധിച്ചിട്ടില്ല. ഏതാണ്ടൊരു നൂററാണ്ടു കാലം വേണ്ടിവരും ഈ പ്രചോദനത്തിന്റെ പരിപൂർണ്ണഫലം കാണുന്നതിന്നു്.

'പഞ്ചാബി' സാഹിത്യം അതിന്റെ ഇന്നത്തെ രൂപത്തിലെത്തിച്ചേരുന്നതിന്നു് പ്രയത്നിച്ചിട്ടുള്ളതു് ഏഴു മഹാന്മാരാണ്. 'സംകോട്ടസിംഗ്" "ജോഗി", 'കാളിദാസൻ", 'ഫാസൽഷാ', 'വിരസിംഗ്" "ഹിദായത്തുള്ള" "പുരൻസിംഗ്", എന്നീപേരുകളാണ് ആധുനിക "പഞ്ചാബി" സാഹിത്യ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളതു്. ഇവരിൽ 'കാളിദാസനും' 'വരിസിംഗും' ഒഴികെയുള്ള അഞ്ചുപേരും പരലോകം പ്രാപിച്ചുകഴിഞ്ഞു. പ്രാചീനകവികളെ അനുകരിച്ച് കവനം ചെയ്യുന്നവരും, വെറും കഥാകൃത്തുക്കളുമായിരുന്നു ഇതിലധികംപേരും. "സംകോട്ടസിംഗും," "പുരൻസിംഗും' മാത്രമേ ഈ കൂട്ടത്തിൽ പെടാതെയുള്ളു. "സംകോട്ടസിംഗ്", കഥാകഥനചാതുരികൊണ്ടും, കല്പനാവൈഭവംകൊണ്ടും മററും ലോകമഹാകവികളുടെ കൂട്ടത്തിൽ ഒരു ഗണ്യമായ സ്ഥാനത്തിനു് അർഹനാണ്. പക്ഷേ അദ്ദേഹത്തിന്റെ പദശൈലികൾ പഞ്ചാബികളു രുചിക്കുന്നവയല്ല; അദ്ദേഹം സ്വീകരിച്ചിട്ടുള്ള വൃത്തങ്ങൾ പഞ്ചാബികളു രസിക്കുന്നവയല്ല.

ആധുനിക 'പഞ്ചാബി' സാഹിത്യസാമ്രാജ്യത്തിലെ സമ്രാട്ടായി ഗണിക്കേണ്ടതു് "പുരൻസിംഗി"നേയാണ്. അദ്ദേഹം അധികം കാവ്യങ്ങൾ രചിച്ചിട്ടില്ല. എന്നാലും സുഗമത, പ്രൗഢി, രചനാചാതുരി, ഭാവനാമാധുരി, മുതലായ ഗുണങ്ങളുടെ സാത്വികമായ സാന്നിദ്ധ്യത്താൽ ആ മഹാകവിയുടെ ഗ്രന്ഥസമുച്ചയം 'പഞ്ചാബി' സാഹിത്യലോകത്തിലെ അമൂല്യരത്നങ്ങളായി ഗണിക്കപ്പെടാവുന്നതാണ്. 'ജോഗി', 'ഹിദായത്തുള്ള', എന്നിരണ്ടു കവികളും നിഗൂഢഭാവങ്ങളായ (Mystric) ഇസ്ലാമികകവിത എഴുതുന്നതിലാണ് പ്രശസ്തി നേടിയതു്. പദംകൊണ്ടുള്ള ഇന്ദ്രജാലങ്ങളിലാണ് മൂന്നാമത്തെ ഇസ്ലാം കവിയായ 'ഫാസൽ

ഷായുടെ സാമർത്ഥ്യം. സിക്കുകാരുടെ ആത്മീകവും രാഷ്ട്രീയവുമായ ജീവിതവൃത്തി മുഴുവൻ 'സംകോട്ടസിംഗ്'' സ്വകവിതയ്ക്കു വിഷയമാക്കിയിട്ടുണ്ടു്. 'കാളിദാസനാ'കട്ടെ ജന്മസിദ്ധമായ വാസനാവൈഭവംകൊണ്ടു് ലോകരെ മുഴുവൻ അത്ഭുതപരതന്ത്രരാക്കി; യമുനാതടത്തിൽ നിവസിക്കുന്ന ഹൈന്ദവസമുദായത്തെ ആകമാനം സുലളിതവും, സുന്ദരവുമായ ഗാനംകൊണ്ടു ചിത്രീകരിച്ചു. സമുദയാഭിരുചിയ്ക്കു ചേർന്നതും, അതിൻെറ സംസ്കാരത്തിന്നുതകുന്നതുമായ തത്വചിന്തയെയാണു് അദ്ദേഹം കവിതയ്ക്കു വിഷയമാക്കിയിട്ടുള്ളതു്. അതുകൊണ്ടു് അദ്ദേഹത്തിൻെറ നാമധേയം ഇന്നും എന്നും പഞ്ചാബി സാഹിത്യത്തിന്നു് അഭിമാനത്തോടെ സ്മരിക്കാവുന്നതാണു്.

കുറച്ചു മാസങ്ങൾക്കു മുൻപു് തൻെറ അൻപത്തിനാലാമത്തെ വയസ്സിൽ പരലോകം പ്രാപിച്ച പുരൻസിംഗാണു് അടുത്തതായി നമ്മുടെ ദൃഷ്ടിയിൽ പതിയുന്നതു്. ഒരു സുപ്രസിദ്ധ സാഹിത്യ വിമർശകൻ "പഞ്ചാബിടാഗോർ" എന്ന അപരനാമത്താൽ അദ്ദേഹത്തെ പ്രശംസിക്കുന്നു. തൻെറ ആയുഷ്കാലത്തിലധികവും ആംഗലസാഹിത്യമായി പരിചയിച്ച 'പുരൻസിംഗ്" മാതൃഭാഷയിൽ സാഹിത്യപരിശ്രമത്തിന്നു തുനിഞ്ഞതു് ജീവിതമദ്ധ്യാഹ്നം കഴിഞ്ഞതിനു ശേഷമത്രെ. "കുലേമൈദൻ" (**Khule Maidan**) "കുലേഗാണ്ഡ്" (**Khule Ghand**) എന്നീ രണ്ടു ഗദ്യകവിതകളേ അദ്ദേഹത്തിൽ നിന്നും ലോകത്തിന്നു ലഭിച്ചിട്ടുള്ളു. പരിതഃസ്ഥിതിയാണു് ഒരുവൻെറ മഹത്വത്തെ സൃഷ്ടിക്കുന്നതു്. "പുരൻസിംഗി"ൻെറ ഭാവികാലത്തിൽ അദ്ദേഹത്തിന്നു ലഭിച്ച സാഹിത്യപ്രശസ്തിക്കു് പരിതഃസ്ഥിതികളും സന്ദർഭങ്ങളും വളരെ സാഹായ്യമായിത്തീർന്നിട്ടുണ്ടു്. ലോക വിശ്രുതങ്ങളായ അഞ്ചാറു് സാഹിത്യങ്ങളിൽ "പുരൻസിംഗ്" നൈപുണ്യം സമ്പാദിച്ചിരുന്നു. ഭാരതം മുഴുവനും മാത്രമല്ലാ, ജപ്പാൻ മുതലായ രാജ്യങ്ങൾ കൂടെ സന്ദർശിക്കാൻ സാധിച്ചതുകൊണ്ടു സ്വതവേ, സുവിശാലമായ അദ്ദേഹത്തിൻെറ ബുദ്ധിക്കു കുറേക്കൂടി വികാസം സിദ്ധിച്ചു. തന്മൂലം മാതൃഭാഷയുടെ അവശതയിൽ ദൃഷ്ടിപതിപ്പിച്ചു് അതിനെ ഉജ്ജീവിപ്പിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ജീവിതത്തിലെ പ്രധാനോദ്ദേശവും ഉദ്യമവും. ഈ കവികോകിലത്തിൻെറ കവിതാഗുണനിരൂപണം ഈ ലഘുലേഖനത്തിന്നു വിഷയമല്ല. അദ്ദേഹത്തിൻെറ കാവ്യങ്ങൾ ഉജ്ജ്വലങ്ങളും അത്യന്തം ആകർഷകങ്ങളുമായിരിക്കുന്നു എന്നുമാത്രം സംക്ഷേപിച്ചു പറയാം.

ഇതിൽ നിന്നും തീരെ വ്യത്യസ്തമായിരുന്നു 'വീരസിംഗിൻെറ' കഥ. ഇന്നു ലോകം അദ്ദേഹത്തിലർപ്പിച്ചിരിക്കുന്ന ബഹുമാന്യത ലഭിക്കുന്നതിന്നു മുൻപ് "പുരൻസിംഗ്" ഈലോകം വെടിഞ്ഞു. പക്ഷേ അപ്പോഴും

അദ്ദേഹത്തിന്നൊരു സമാധാനമുണ്ടായിരുന്നു. സങ്കല്പശക്തിയിലും, ചിന്താസ്വാതന്ത്ര്യത്തിലും തന്നിൽനിന്നും വളരെ താഴ്ന്ന പടിയിലായിരുന്ന 'വീരസിംഗിനെ" ഒരു നല്ല സാഹിത്യകാരൻ എന്നനിലയിലേയ്ക്കുയർത്തി എന്നൊരു സന്തുഷ്ടിയോടെയാണദ്ദേഹം മരിച്ചതു്. 'റാണാസൂരത് സിംഗ്" **(Rana Surat Singh)** തുടങ്ങിയ നാലു കവനതല്ലജങ്ങളാണ്'വീരസിംഗ് ലോകത്തിനു നല്കീട്ടുള്ളതു്. വിചാരങ്ങളേയും വികാരങ്ങളേയും സമഞ്ജസമായി കൂട്ടിയിണക്കി പ്രദർശിപ്പിക്കാനുള്ള സാമർത്ഥ്യമുണ്ടായിരുന്നില്ലെങ്കിലും, അദ്ദേഹത്തിൽ നിന്നും സാഹിത്യത്തിന്നു വലിയ ഗുണങ്ങളുണ്ടായിട്ടുണ്ട്. ആ കവി തൻെറ വായനക്കാരെ നവനവങ്ങളായ ചിന്തകളാലും വികാരങ്ങളാലും ഹൃദയാവർജ്ജകമായ ഒരു ഭാവനാലോകത്തിലേയ്ക്കു സമാനയിക്കുന്നു. തന്മൂലം ഇതര സാഹിത്യങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന നവീനത പഞ്ചാബിയിലും കണ്ടുതുടങ്ങിയിട്ടുണ്ട്. 'പൂരൻ സിംഗി'ൻെറ ഗ്രന്ഥങ്ങളാണ് "പഞ്ചാബി"സാഹിത്യത്തിൻെറ അഭിമാനപതാകകൾ.

ഞാറമീട്ടിൽ അപ്പുക്കുട്ടമേനോൻ.

---

# ശ്രീഗൌരാംഗദേവൻെറ വിശ്വപ്രേമം.

(തുടൎച്ച)

അതുതന്നെയാണു ഭഗവത്ഭക്തരിൽ അഗ്ര്യസ്ഥാനത്തിനർഹയായ കുന്തീദേവി യുധിഷ്ഠിരൻെറ രാജ്യാഭിഷേകത്തിനു ശേഷം ഹസ്തിനപുരത്തുനിന്നു ദ്വാരകയിലേയ്ക്കു പുറപ്പെട്ട ശ്രീകൃഷ്ണഭഗവാനെ സംബോധനചെയ്തു പറഞ്ഞതു്.

"വിപദഃസന്തുനഃ ശശ്വൽതത്രതത്ര ജഗദ്ഗുരോ
ഭവതോദൎശനംയത്സ്യാദപുനൎഭവദൎശനം
ജന്മൈശ്വൎയ്യശ്രുതശ്രീഭിരേധമാനമദഃപുമാൻ
നൈവാൎഹത്യഭിധാതും വൈ ത്വാമകിഞ്ചന ഗോചരം."

ഹേ! ജഗൽഗുരോ! ഞങ്ങൾക്കു് എല്ലായ്പോഴും വിപത്തു് ഉണ്ടായിക്കൊണ്ടിരിക്കട്ടെ. എന്തെന്നാൽ വിപത്തു് വന്നുകൊണ്ടിരുന്നാൽ മാത്രമേ അവിടത്തെ ദിവ്യദൎശനം ലഭിക്കുകയുള്ളു. ആ ദൎശനത്തിൻെറ മാഹാത്മ്യം എന്തെന്നാൽ, അതു ലഭിച്ചവനു സംസാരത്തിലെ യാതൊരു ദുഃഖവും അനുഭവിക്കേണ്ടിവരികയില്ല. സംസാരിയായ ജീവൻ, ജാതി, ഐശ്വൎയ്യം, പാണ്ഡിത്യം സൌന്ദൎയ്യം, എന്നിവയാൽ ഉദ്ധതനായിട്ടു് അനൎത്ഥാവഹമായ അഭിമാനാന്ധകൂപത്തിൽ പതിച്ചു് അവശ

നായി ഭഗവന്നാമത്തെ—ആപന്നിവാരണക്ഷമമായ ഭഗവന്നാമത്തെ സ്മരിക്കാൻ അഹ്ഹനാകുന്നില്ല. എന്തെന്നാൽ, അവിടുന്നു് ആരുടേതു്? ഈ ലോകത്തിൽ അവിടന്നല്ലാതെ മറ്റൊന്നും യാതൊരുവൎക്കു് ഇല്ല യോ, അവർ അവിടുത്തെനാമത്തിൽ ഭവാനിൽ ആത്മസമൎപ്പണം ചെയ്യുന്നു. അവൎക്കു സച്ചിദാനന്ദഘനവിഗ്രഹനായ ഭവാന്റെ ദൎശനം ലഭിക്കുന്നു. മറ്റൊരുവിധത്തിലും അവിടുത്തെ ദൎശനം സാദ്ധ്യമല്ല.

കുന്തിദേവിയുടെ ഈ പ്രാൎത്ഥനയിൽ സൂചിപ്പിച്ചിരിക്കുന്നതും ഇതുതന്നെയാകുന്നു. ജാതി, ഐശ്വൎയ്യം, പാണ്ഡിത്യം എന്നിവ മൂല മായി വൎദ്ധിക്കുന്ന ദേഹാഭിമാനമത്രേ മാനവഹൃദയത്തിൽ നിഹിതമായ പ്രേമഭണ്ഡാരത്തിന്റെ സുദൃഢമുദ്ര. ശ്രീഗൌരാംഗദേവൻ അവതരി ച്ച പ്രേമപ്രവാഹത്താൽ ജഗത്തിനെ പ്ലാവിതമാക്കുന്നതിനുമുമ്പു ചതു ൎവ്വിധ മദജനിതമായ ദുരന്തദുരഭിമാനത്തിന്റെ ദുൎഭേദ്യമുദ്രയെ ഉൽഘാ ടനം ചെയ്തു. അദ്ദേഹത്തിന്റെ പാൎഷദന്മാരുടെ അത്ഭുതസ്വഭാവത്തെ വിശ്ലേഷണം ചെയ്തുനോക്കിയാൽ, വിശ്വപ്ലാവിനിയായ ആ പ്രേമതരം ഗിണിയുടെ പ്രവാഹത്തിൽ ആ മഹാപുരുഷന്മാരുടെ ജാതി മുതലായവ യുടെ സ്വഭാവസിദ്ധമായ ചിന്തപോലും എന്നെന്നേക്കും ഒഴുകിപ്പോയി രുന്നു എന്നു കാണാം. അതുകൊണ്ടുതന്നെ ശ്രീരൂപനും, ശ്രീസനാതന നും, അഖണ്ഡപ്രതാപനുമായ ഗൌഡേശ്വരന്റെ പ്രധാനമന്ത്രി സ്ഥാ നികരുടെ ഐശ്വൎയ്യാഭിമാനത്തെ തൃണവൽകരിച്ചു കൌപീനമാത്രധാ രികളായി ആ പ്രേമസിന്ധുവിൽ ആറാടുന്നതിനായിട്ടു ശ്രീഗൌരംഗ ദേവന്റെ ചരണപത്മത്തെ ആശ്രയിച്ചു. അപ്രകാരം, ശ്രീരഘുനാഥ ദാസഗോസ്വാമി പ്രതിവൎഷം 12 ലക്ഷം സ്വൎണ്ണമുദ്ര വരവുള്ള ജമിന്ദാ രുടെ ഏകമാത്രനായ അനന്തരാവകാശിയായിരുന്നിട്ടും, താരുണ്യശ്രീയു ടെ പ്രലോഭനപൂൎണ്ണമായ ജീവിതത്തേയും സമ്പത്തിനേയും വെറുപ്പോടു കൂടി ഉപേക്ഷിച്ചു ഘോരരാത്രിയിൽ പിതൃഗൃഹത്തിൽനിന്നു നിരാഹാര നായി കാടി കാടി ദീനവേഷത്തിൽ യാചകനെപ്പോലെ നിലാചല ത്തിൽ ചെന്നു് അദ്ദേഹത്തിന്റെ പാദപത്മത്തെ അഭയം പ്രാപിച്ചു. അതുകൊണ്ടുതന്നെ നിത്യാനന്ദൻ ബ്രാഹ്മണകുലീനതയുടെ അഭിമാന ത്തെ ദൂരെ ത്യജിച്ചിട്ടു ഭഗവന്നാമവിതരണസമയം ചണ്ഡാലപൎയ്യന്തമുള്ള ജനങ്ങളെ ആലിംഗനം ചെയ്തു. ഇപ്രകാരം ശ്രീചൈതന്യദേവന്റെ പാൎഷദന്മാരായ മഹാപുരുഷന്മാരുടെ അഭിമാനരഹിതങ്ങളായ പെരുമാ റ്റങ്ങൾ കണ്ടാൽ, പ്രേമഭണ്ഡാരത്തിന്റെ ഐശ്വൎയ്യാദിമദവിജൃംഭി തവും ആത്മാഭിമാനസ്വരൂപവുമായ മുദ്രയുടെ ഉൽഘാടനംതന്നെ ചൈതന്യാവതാരത്തിന്റെ സൎവ്വപ്രധാനമായ കാൎയ്യമെന്നു സ്പഷ്ടമാകും.

ഇപ്രകാരം പ്രേമഭണ്ഡാരത്തിൻെറ മഹാമുദ്രയേ ഉദ്ഘാടനം ചെയ്തു് അവരെല്ലാവരും ആദ്യമായി പ്രേമാവതാരമായ മഹാപ്രഭുവിൻെറ കൃപയാൽ പ്രേമരൂപമായ അമൃതത്തെ ആസ്വാദിച്ച് ആസ്വാദിച്ച് അവർ ഉന്മത്തരായി. ലോകത്തിലെ ബഹുകാലപരിചിതമായ രീതിയുടെ ശൃംഖലാമയമായ അവരുടെ ബന്ധനം എന്നെന്നേയ്ക്കുമായി ഭഞ്ജിക്കപ്പെട്ടു പ്രതിക്ഷണം നൂതനപ്രേമത്തിൻെറ നവംനവമായ ആസ്വാദനത്താൽ മദിച്ച് ആ പ്രേമാസ്വാദനത്താൽ ജഗത്തിനെ ചരിതാത്ഥമാക്കുന്നതിനുവേണ്ടി അവർ എന്താണു ചെയ്തതു്?

"ലൂടിയാഖാളയാദിയാ ഭാണ്ഡാര ഉജാഡേ
ആശ്ചര്യ്യഭാണ്ഡാര പ്രേമശത ഗുണബാഡേ"

ഇതു തന്നെയാണ് പ്രേമത്തിൻെറ അസാധാരണ സ്വഭാവം ഈ പ്രേമരസത്തേ യാതൊരുവർ ആസ്വദിക്കുന്നു, അവക്കു സംതൃപ്തി ഉണ്ടാകയില്ല. ആനന്ദപിപാസ ഉത്തരോത്തരം വദ്ധിച്ചുകൊണ്ടിരിക്കും. പിന്നീട് ആ പ്രേമം ആസ്വാദിക്കുന്നവരെ പ്രേമധാരയാൽ അഭിഷിക്തരാക്കിയിട്ടും അവരുടെ പ്രേമപൂണ്ണവും കരുണാപൂണ്ണവുമായ വ്യാചാരങ്ങളെ ആശ്രയിച്ച് അതിൻെറ സഹായത്താൽ നാലുവശവും വ്യാപിപ്പിച്ച്, സമീപിക്കുന്നവരേയും ആമഗ്നരാക്കി ക്രമേണ വലിയ പ്രവാഹമായിത്തീരുന്നു. കവിരാജഗോസ്വാമി അതിനെ ഇപ്രകാരം വണ്ണിച്ചിരിക്കുന്നു.

"ഉന്മലിത പ്രേമവന്ന്യാമൌദികേ ബേഡായ്
സ്ത്രീബാലകയുവാവൃദ്ധ സകലി ഡൂബായ്
സജ്ജന ദുജ്ജനപംഗുജഡ അന്ധഗണ
പ്രേമവന്ന്യായ് ഡുബാളൽ ജഗതേർജന
ജഗൽ ഡൂബിൽ ജീവേർ ഹൈല് ബീജനാശ
താഹാദേഖി പഞ്ചജനേർ അധിക ഉല്ലാസ"

(ചൈ: ച: ആദി: സപ്ത: പരി:)

പ്രേമികനായകവി പ്രേമത്തിൻെറ ഭാഷയിൽ പ്രേമ സിന്ധുവിൽ അവഗാഹനം ചെയ്യാലുള്ള ഫലത്തേ 'ബീജനാശ'മെന്നു നിദ്ദേശിച്ചിരിക്കുന്നു. 'ഈ ബീജനാശ'ത്തിൻെറ അത്ഥം വിശേഷിച്ച് അറിയേണ്ടതാണ്. ശ്രീരൂപഗോസ്വാമിയുടെ ഭക്തി രസാമൃതസിന്ധുവിൽ മാനവ ഹൃദയത്തിൻെറ ജന്മജന്മാന്തര സഞ്ചിതമായ പാപപ്രവണതയേ—അഭിമാന ജനിതമായ സംസ്കാരത്തേ—"ബീജ"മായിട്ടു നിദ്ദേശിച്ചിരിക്കുന്നു. ഈ അഭിമാന ജനിതമായ സംസ്കാരമത്രേ മനുഷ്യരുടെ സക

ല ദുഃഖത്തിനും മൂലവും സമസ്ത പാപങ്ങൾക്കും ഏകനിദാനവും. ദിഗന്താപ്ലാവിനിയായ പ്രേമതഡരിയിൽ അവഗാഹനം ചെയ്യാലുള്ള പ്രധാന ഫലം, ജീവന്മാരുടെ സർവ്വവിധദുഃഖത്തിൻെറയും ആ ദുഃഖത്തിനു കാരണമായി ബീജരൂപത്തിൽ സ്ഥിതിചെയ്യുന്ന പാപസമൂഹത്തിൻെറയും നാശമാകുന്നു. ഈ ബീജനാശം തപസ്സിൻെറ പ്രഭാവത്താലോ അദ്വൈതജ്ഞാനത്താലോ സാദ്ധ്യമാകുകയില്ല. ഭക്തന്മാരാൽ വിസ്തൃതമാക്കപ്പെട്ട പ്രേമസിന്ധുവിൽ നിമഗ്നനാകുകയല്ലാതെ ഈ ബീജനാശത്തിനു യാതൊരു മാർഗ്ഗവുമില്ല.

പ്രേമികനായ കവിരാജഗോസ്വാമിയുടെ രസമയിയായ കവിതയിൽ, ഇതിനെ ഒരു വിധം സ്പഷ്ടമാക്കിയിട്ടുണ്ട്. ദാർശനികകവിയായ വേദവ്യാസൻെറ ഗംഭീരഭാവപൂർണ്ണമായ ദാർശനിക ഭാഷയിലും അതു തന്നെ വേറെവിധത്തിൽ കാണിച്ചു. വിശ്വപ്രേമികനായ ഭക്തൻെറ ജീവിതലക്ഷ്യവും ആകാംക്ഷയും എന്തെന്നു് ബോധിപ്പിക്കുന്നതിനുവേണ്ടി ഭക്തന്മാരുടെ വാക്കായിട്ട് ഇതു തന്നെ പ്രകാരാന്തരേണ പ്രദർശിപ്പിച്ചിരിക്കുന്നു.

"നകാമയേഽഹംഗതിമീശ്വരാൽ പരാം
അഷ്ടർദ്ധിയുക്താമപുനർഭവം വാ
ആർത്തിംപ്രപദ്യേഽഖിലലോകഭാജാ
മന്തഃസ്ഥിതോ യേന ഭവന്ത്യദുഃഖാഃ

സർവ്വശക്തിമാന്മാരായ ബ്രഹ്മേന്ദ്രാദികളുടെ പദപ്രാപ്തിയേ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ മുക്തിയേയും ആഗ്രഹിക്കുന്നില്ല. ഞാൻ ലോകത്തിലെ സകല ജീവന്മാരുടെയും അന്തരാത്മാവിൽ പ്രവേശിച്ച് അവരുടെ ഏതുവിധമായ ദുഃഖത്തേയും സ്വീകരിക്കുന്നുണ്ട്. അതിനാൽ അവക്കു ദുഃഖമോചനം ഉണ്ടാകട്ടെ.

അതുതന്നെ മഹാപ്രഭുവും പറയുന്നു.

"ഭാരതഭൂമിതേമിളൽ മനുഷ്യജന്മയാര
ജന്മസാർത്ഥകകരേകരി പര ഉപകാര"

(ചൈ: ച. നവ: പരി)

ശ്രീമത്ഭാഗവതവും അതുതന്നെ പറയുന്നു.

"ഏതാവജ്ജന്മസാഫല്യം ദേഹിനാമിഹദേഹിഷു
പ്രാണൈരർത്ഥൈർദ്ധിയാവാചാ ശ്രേയആചരണംസദാ"

ഈ ഭാരതത്തിൽ, ദേഹികൾക്കു് ജന്മസാഫല്യത്തേ പ്രദാനം ചെയ്യുന്നതു്, പ്രാണൻ, ധനം, മനസ്സ്, വാക്കു് ഇവയാൽ സമസ്തജീവികൾക്കും നന്മചെയ്യുക മാത്രമാകുന്നു.

വിഷ്ണുപുരാണത്തിലും അപ്രകാരംതന്നെ പറയുന്നു.

"പ്രാണിനാമുപകാരായ യദൈവേഹ പരത്രച
കർമ്മണാ മനസാവാചാ തദേവ മതിമാൻഭജേൽ"

ഇഹപരങ്ങളിൽ യാതൊന്നു പ്രാണികൾക്കു ഉപകാരമായിഭവിക്കുന്നു, ബുദ്ധിമാനായ മനുഷ്യൻ മനോവാക്കായങ്ങളാൽ അതിനേത്തന്നെ ആശ്രയിക്കണം.

ഈ സകല ആഷവാക്യങ്ങൾ മാർഗ്ഗമായി സമസ്തജീവികളുടെയും ശാശ്വതമായ മംഗളത്തിനു അസാധാരണ ഹേതുഭൂതമായിരിക്കുന്നതു യാതൊരു പ്രേമധർമ്മമോ, ആ പ്രേമധർമ്മത്തെ സ്വയം അനുഭവിച്ചു ലോകത്തിലെ സകല മനുഷ്യരെയും ആസ്വാദിപ്പിക്കുന്നതിനായിട്ട് ശ്രീചൈതന്യദേവൻ പുണ്യഭൂമിയായ വംഗദേശത്തുനിന്നും പ്രേമതരംഗത്തെ പ്രവഹിപ്പിച്ചു. ആ പ്രേമപ്രവാഹാപ്ലാവിതമായ വംഗഭൂമിയിൽ ഭക്തസംഘരൂപമായ കല്പദ്രുമത്തെ പ്രത്യാശാപൂർവ്വമായ പ്രയത്നത്താൽ രോഹിപ്പിച്ചുവളർത്തി. ആ പ്രേമകല്പതരുവിൽനിന്നു യാതൊരു പ്രേമഫലം ലഭിച്ചുവോ അതിനെ അദ്ദേഹം ചണ്ഡാലപര്യന്തമുള്ള സകല മനുഷ്യക്കും ജാതിവർണ്ണനിർവിശേഷം പ്രദാനംചെയ്തു. അതിനെക്കുറിച്ച് കവിരാജഗോസ്വാമി പറയുന്നു.

"മൂലസ്കന്ധേ ശാഖാതേ ആർ ഉപശാഖാഗണേ
ലാഗിൽ യേ പ്രേമഫല അമൃതകേ ജിനേ
പാകിൽ യേ പ്രേമഫല അമൃതമധുര
ബിലായചൈതന്യമാലീ, നാഹിലയമൂല
ത്രിജഗതേ ആഛേയത ധനരത്നമണി?
ഏകഫലേർ മൂല്യകരിതാഹാനാഹി ഗണി
മാഗേവാ നാമാഗേ കേഹപാത്രവാഅപാത്ര
ഇഹാർവിചാര നാഹിജാനേ ദിവമാത്ര
അഞ്ജലി അഞ്ജലിഭരിഫേലേചതുർദ്ദിശേ
ദരിദ്രകുഡാഞ്ചാഖായ്മാലാകാരഹാസേ

(ചൈ: ച: ആദി. നവമപരി:)

സ്വന്തജനങ്ങളുമായുള്ള കലഹത്തിലും സ്വജാതി ദ്രോഹത്തിലും വിജാതിയരോടുള്ള വിദ്വേഷത്തിലും ആ പ്രേമമൂർത്തിക്കു സ്വന്തം പ്രാണനേക്കാൾ പ്രിയതരമായ പ്രേമവാഹിനിയുടെ ഉത്ഭവസ്ഥാനമായ ഈ ഭാരത ഭൂമിയിൽ ഇന്നു് എന്തൊരു വിദ്വേഷ വഹ്നി ജ്വലിക്കുന്നു. ആ വഹ്നിയുടെ വിഷജ്വാലകൾ തട്ടി ഭാരതീയർ ഇന്നു മരണത്തിന്റെ വാതലിൽ ഇരുന്നുകൊണ്ടു അവസാന മുഹൂർത്തത്തെ പ്രതീക്ഷിക്കുന്നു. ഈ

226



ടസ്സുടസ്സ് സ്വരാജിന്റെ സുഖമായ സങ്കല്പത്താൽ ഭ്രമിച്ച് ഭ്രാന്തന്മാരേപ്പോലെ എന്തൊക്കെയോ പുലമ്പുന്നു. ഭാരത സ്വരാജിന്റെ മൂലഭിത്തിതന്നെ പ്രേമം — സകല ജീവികളോടും ദയ, സർവ്വത്ര സമഭാവന, സകലരേയും സ്വന്തമാക്കാൻ അടിയാനത്യാഹം വിസ്മരിച്ചു പോയി. ഈ ദുർദ്ദിനത്തിൽ പ്രേമത്തിനു പകരം വിദ്വേഷവും അഹംകാരവും, സാമുദായികമായ അഭിവൃദ്ധിയ്ക്കു ബാധകമായിരിക്കുന്നു. മാത്രമല്ല ഇതിനെപ്പററി ചിന്തിക്കാനുള്ള സാമർത്ഥ്യം പോലും ഇല്ലതായിരിക്കുന്നു. ഹിന്ദുവിന്റെ സ്വരാജ് പ്രേമത്തിന്റെ സ്വരാജാണ് ഈ സ്വരാജിന്റെ മൂലഭിത്തി പ്രേമമാണെന്നുള്ളതു തന്നെ വിസ്മരിച്ചു പോയി. ആത്മവിസ്മൃതരും മോഹഗ്രഹസ്തരുമായ ഭാരതീയരുടെ പാശ്ചാത്യ പരിഷ്കാരഭ്രമം നശിപ്പിച്ച് ഇനിയും ആ പ്രേമപഥത്തിലേയ്ക്കു അവരെ ആരുനയിക്കും? അപ്രകാരമുള്ള നായകനെ ലഭിക്കുന്നതിനായി ഈ ഭാരതത്തിൽ പ്രഥമം പ്രേമപ്രവാഹത്തെ ഉത്ഭവിപ്പിച്ച ശ്രീഗൌരംഗദേവന്റെ കൃപയെ ലക്ഷ്യമാക്കി ഭാരതീയർ ഇന്ന് ആശാപൂർവ്വം വർത്തിക്കുന്നു. വീണ്ടും വീണ്ടും അദ്ദേഹത്തിന്റെ കൃപയെ യാചിച്ചുകൊണ്ട് ശ്രീമത്ഭാഗവതത്തിലെ ഈ മധുര മഹാവാക്യത്തെ സദാ ചിന്തിക്കുന്നു.

സ്വകൃതകർമ്മങ്ങളുടെ ഫലഭോഗത്താൽ മലിനരാകാതെ, ഹേ, പ്രാണേശ! അവിടുത്തെ കരുണാപ്രകാശം ലഭിക്കുന്ന ശുഭാവസരത്തെ പ്രതീക്ഷിച്ചു യാതൊരുവൻ മനോവാക്കായങ്ങളാൽ സർവ്വദാനതി ചെയ്തുകൊണ്ട് ജീവിക്കുന്നു, അവൻ, മുക്തിപദത്തിനു — അവിടുത്തെ സ്നേഹരൂപമായ പ്രേമഭക്തിലാഭത്തിന് അധികാരിയായിത്തീരുന്നു.

ശുഭം.

## വ്യാമോഹം.

ഒരു മനോഹരമായ സായാഹ്നം!

സുകുമാരനായ ഒരു യുവാവ്, സുന്ദരങ്ങളായ വസ്ത്രങ്ങൾ, ഇവ തമ്മിലുള്ള ആശാസ്യമായ ഒരു സങ്കലനം — അതാ, വിഹാരം! ആ യുവരസികൻ സായാഹ്ന സഞ്ചാരോചിതങ്ങളായ ഉടുപ്പുകളാൽ അലംകൃതനായി

തൻെറ സൌന്ദയ്യത്തെ ഒരു വലിയ ചുമർക്കണ്ണാടിയിൽക്കൂടി സ്വയം ആസ്വദിക്കുന്നു. മോടിപിടിപ്പിക്കുന്നതിൽ അദ്ദേഹം ഒരു പടുവായിരുന്നു. അതിൽ ആ യുവാവു് അത്യധികമായി അഭിമാനിക്കുകയും ചെയ്തിരുന്നു. വസ്ത്രധാരണം ഭംഗിയായോ എന്നു വിഹാരി നല്ലവണ്ണം ഒന്നു പരിശോധിച്ചു, ശരിവെച്ചു—വിജയ സൂചകമായ ഒരു പൊട്ടിച്ചിരി! അദ്ദേഹം അടുത്തുണ്ടായിരുന്ന ഒരു മേശയുടെ വലിപ്പു തുറന്നു. ഒരു സിഗററുപെട്ടി എടുത്തു തൻെറ പോക്കററു നിറച്ചു. ഉലാത്തുമ്പോൾ ഉപയോഗിക്കാറുള്ള വടി ചുററിച്ചും, സിഗററു വലിച്ചുംകൊണ്ടു്, ആ പച്ചക്കാമദേവൻ അലക്ഷ്യമായി നടന്നു പൂമുഖത്തെത്തി വായുമണ്ഡലത്തെ ധൂമമണ്ഡലമാക്കി.

പൂമുഖം—അവിടെ വരുന്ന അതിഥികളെ ആദരപൂർവ്വം സ്വീകരിക്കുന്നതിന്നു ഇരുപുറവുമുള്ള തിണ്ണകളിലേക്കു കയ്യെടുത്തു വെച്ചുംകൊണ്ടു നിൽക്കുന്ന ചെറുചെടികളാൽ ചുററപ്പെട്ടതായിരുന്നു അതു്. തനുവല്ലിയെ ഒരു സോഫയിലേക്കു പടർത്തി, ശ്രദ്ധ മുഴുൻ ഒരു മാസികയിൽ നിക്ഷേപിച്ചു അവിടെ ഇരുന്നിരുന്നു ഉമ, വിഹാരിയുടെ ഭായ്യ—യുവതി, സുന്ദരി. അവൾ വായനയിൽ ബദ്ധശ്രദ്ധയായിരുന്നതിനാൽ വിഹാരിയുടെ വരവു് അറിഞ്ഞില്ല. വിഹാരി കടന്നു വന്നു ഒന്നു ചുമച്ചു. പക്ഷെ, ഉമയുടെ ശ്രദ്ധയെ ആകഷിക്കുവാൻ ആ കള്ളച്ചുമയ്ക്കു കഴിഞ്ഞില്ല. വിഹാരി സോഫയുടെ പിൻ ഭാഗത്തേക്കു മാറി അവളുടെ നയനമധുരമായ സന്നതാംസത്തെ സങ്കോചത്തോടുകൂടി ഒന്നു സ്പശിച്ചു. ഉമയുടെ മിന്നിത്തിളങ്ങുന്ന വിശാലനേത്രങ്ങൾ വിഹാരിയുടെ മുഖത്തു പതിഞ്ഞു. ആകസ്മികമായി വിടന്ന അവളുടെ അധരപുടങ്ങളിൽ ചെറിയൊരു പുഞ്ചിരി കളിയാടി. പൊടുന്നനെ ഉണ്ടായ വികാരത്താൽ പ്രേരിതനായ വിഹാരി അവളെ തൻെറ ഭുജങ്ങളാൽ ബന്ധിച്ചു ആ കിസലയാധരത്തിൽ ചുംബിച്ചു. പതിയുടെ പരിരംഭണത്തിൽനിന്നും സ്വയം വിമുക്തയായി, തൻെറ ഊന്നുവീണ സാരി ശരിയാക്കി, ഉമ നമ്രശിരസ്കയായി നിന്നു. വിഹാരി ഒന്നു നിവന്നു കൈകളെ കാലുറയുടെ പോക്കററിൽ തള്ളി കുറച്ചുനേരം ആലോചനയിൽ നിമഗ്നനായി നിന്നുപോയി. കാലത്തിൻെറ ഭയങ്കരമായ മാററം! അതെന്തു് മുമ്പുകണ്ടിരുന്ന ആ പ്രേമപ്രകാശം ഉമയിൽ അപ്പോൾ കണ്ടില്ല?—നിരുത്തരമായ ചോദ്യം. വിഹാരിയുടെ വിചാരം മാറിത്തുടങ്ങി. താദൃശമായ ചിന്തകളിൽ അധികനേരം മുഴുകിയിരിക്കുന്ന ഒരു മനുഷ്യനായിരുന്നില്ല ആ യുവാവു്. കേവലം 'അത്ഥമില്ലാത്ത' അത്തരം ചിന്തകൾക്കായി വിനിയോഗിക്കുവാൻ അയാൾക്കു സമയമോ ക്ഷമയോ ഇല്ല.

തൻെറ പാദുകങ്ങൾ കടാക്ഷിക്കുന്ന ഉമയോടു വിഹാരി പറഞ്ഞു.

"കാമനെ, ഞാൻ പോകുന്നു."

"എവിടേയ്ക്കു?", ഉമ ഉൽക്കണ്ഠയോടെ ചോദിച്ചു.

"ഒരു സ്നേഹിതൻെറ അടുക്കലേയ്ക്കു"

"അങ്ങയുടെ പ്രത്യാഗമനം ഞാൻ എപ്പോഴം പ്രതിക്ഷിക്കട്ടെ."

"ഇരുട്ടിയേക്കാം, എനിക്കുവേണ്ടി കാക്കണമെന്നില്ല." വിഹാരി മറുപടി പറഞ്ഞു. ഒരു നിമിഷം അയാൾ മിണ്ടാതെ നിന്നു. ഉടനെ തന്നെ വടിയും, താഴെ കിടന്നെരിഞ്ഞിരുന്ന സിഗററുമെടുത്തു അയാൾ പടികടന്നു.

ഉമ മാസിക വലിച്ചെറിഞ്ഞു വിചാരമഗ്നയായി മേൽത്തട്ടു നോക്കിയിരിപ്പായി. അവളുടെ ഹൃദയം തകൎന്നുതുടങ്ങി. ഇദംപ്രഥമമായിട്ടല്ല വിഹാരി ഇപ്രകാരം പെരുമാറുന്നതു്. യാത്രകൂടിപറയാതെ പിരിഞ്ഞതിനുശേഷം പാതിരവരെ വൈകിക്കുന്ന തൻെറ ഭൎത്താവു തന്നോടു തൃപ്തികരമായ യാതൊരു സമാധാനവും പറയാത്ത അനേകം അവസരങ്ങൾ അവൾക്കു് എണ്ണുവാൻ കഴിയും. അവൾക്കറിയാമായിരുന്നു, അയാൾ അന്നു പറഞ്ഞതും ഒരു പൊളിയാണെന്നു. തൽസമയത്തു് അവൾ ഒരു സുഹൃത്തിനോടുകൂടി സല്ലപിച്ചിരുന്നു എന്നു പറയുന്നതിനേക്കാൾ ഒട്ടും കൂടുതൽ സത്യമായിരുന്നില്ല വിഹാരി തൻെറ സ്നേഹിതനോടുകൂടി വിഹരിക്കുവാൻ പോയിരുന്നു എന്നു പറഞ്ഞതു്. അതെ, അവളുടെ വൈവാഹികജിവിതം ഏററവും അതൃപ്തികരമായിരുന്നു. ആറു മാസമേ ആയിരുന്നുള്ളു, അവൾ വിഹാരിയെ വരിച്ചിട്ടു്, അപ്പോഴെയ്ക്കും തൻെറ തിരഞ്ഞെടുപ്പു തീരെ തെററുകതന്നെ ചെയ്തുവെന്നു് അവൾ പശ്ചാത്തപിച്ചു തുടങ്ങി. തൻെറ ജീവിതത്തിൻെറ ദീൎഘിച്ച അടിമത്തത്തെക്കുറിച്ചു് അവൾ വിലപിച്ചു—ഇത്രയും ചുരുങ്ങിയ കാലംകൊണ്ടുതന്നെ അത്രയും ദ്രോഹിച്ച ഒരു മനുഷ്യൻെറ അടിമ! ശരിയാണു്. അവർ തങ്ങളുടെ പരസ്പര പ്രേമത്തിൻെറ അഭാവത്തെ വാക്കുമൂലം പ്രത്യക്ഷമാക്കിയിട്ടില്ല. എല്ലാം അഭിനയം വെറും കെട്ടിക്കാട്ടൽ. സ്വാൎത്ഥകപരമായ കാൎയ്യസാദ്ധ്യത്തിനുവേണ്ടി മാത്രമാണു വിഹാരി പ്രേമം അഭിനയിച്ചിരുന്നതു്. ഉമ അതു് തടഞ്ഞില്ല. തൻെറ യഥാൎത്ഥവികാരങ്ങൾ വിഹാരിയെ കാട്ടുന്നതിനു് അവൾ ഇഷ്ടപ്പെട്ടില്ല. അങ്ങിനെ പെരുമാറിയെങ്കിൽ മാത്രമേ അവൾക്കു സ്വൎഗ്ഗീയമായ ആ അവസ്ഥ—കുടുംബജീവിതം—നിലനിൎത്തുവാൻ സാധിക്കുകയുള്ളു.

അവളുടെ അതൃപ്തിക്കും ആപത്തുകൾക്കും തികച്ചും ഉത്തരവാദി ഉമതന്നെയായിരുന്നു—അവൾ മാത്രം. അവളുടെ വിവാഹകാര്യത്തിൽ—ഭാവിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ—അവൾ പൂർണ്ണസ്വാതന്ത്ര്യയായിരുന്നു. അച്ഛൻെറ സമ്മതം എന്നുള്ളതിന് അവളുടെ ആഗ്രഹം എന്നു മാത്രമേ അർത്ഥമുണ്ടായിരുന്നുള്ളു. അതെ, അവൾക്കാണ് തെററു പററിയതു്. വിഹാരിയുടെ കടിഞ്ഞാൺ വിട്ട സംസാരത്തിനെ അവൾ അയാൾക്കു തന്നോടുള്ള നിസ്തുലപ്രേമമായി വ്യാഖ്യാനിച്ചു; സതീശൻെറ അസാധാരണമായ മിതഭാഷണത്തെ അയാൾക്കു തന്നിലുള്ള അനാസ്ഥയും പ്രേമാഭാവവു മാണെന്ന് അവൾ തെററിദ്ധരിച്ചു. പക്ഷെ അധികം വൈകേണ്ടിവന്നില്ല അവളുടെ കണ്ണുകളുടെ മഞ്ഞളിപ്പു മാഞ്ഞുപോകുവാൻ. വിഹാരിയുടെ പിച്ചള പുറത്തായി. അവൾ തിരഞ്ഞെടുത്തതു് തീരെ അയോഗ്യനായ പുരുഷനെയായിരുന്നു എന്നുള്ള വിചാരം ഉമയെ നിരാശയുടെ വക്കത്തോളം എത്തിക്കുകതന്നെ ചെയ്തു.

വരുന്ന ആപത്തുകളെയെല്ലാം ആശ്ലേഷിച്ച് അവയെ നോക്കി പുഞ്ചിരി തൂകുവാനുള്ള ഒരു പടുത്വം ഉമക്കുണ്ടായിരുന്നു. പക്ഷെ അവളുടെ അബദ്ധത്തിൻെറ അനുഭവത്തിന്ന് സതീശൻ കൂടി ഭാഗഭാക്കാകേണ്ടിവന്നുവെന്നുള്ള വാസ്തവം—തൻെറ വിഡ്ഢിത്തം ഒരു പുരുഷപുംഗവൻെറ ഹൃദയത്തെ വ്രണപ്പെടുത്തിയെന്ന വ്യാകുലത—അവളെ അത്യധികമായി പീഡിപ്പിച്ചു. അവൾ സ്വയം ശപിച്ചു തുടങ്ങി. നിരന്തരമായ ഈ ആത്മശാപം അവൾക്കു വിഹാരിയോട് തോന്നിത്തുടങ്ങിയ വെറുപ്പോടുകൂടി ച്ചേർന്നപ്പോൾ, അതു അപ്രതിഹതമായ ഒരു ശക്തിയായിത്തീർന്നു. അതു് അവളാൽ ആശാഭഗ്നനാക്കപ്പെട്ട അവളുടെ ആദ്യസ്നേഹിതൻെറ അടുക്കലേക്കു അടുപ്പിച്ചു. സുഖസമ്പൂർണ്ണമായിരുന്ന ആ ഭൂതകാലമെവിടെ! സന്താപ സങ്കേതമായ ഈ വർത്തമാന കാലമെവിടെ: സാധുക്കുട്ടി; അവൾ തൻെറ വിധിയെക്കുറിച്ചു വിലപിച്ചു. സതീശൻ സായന്തന സഞ്ചാരത്തിന്ന് ഒരുങ്ങിപ്പുറപ്പെടുകയായിരുന്നു. അപ്പോളാണ് ഉമയുടെ ഭൃത്യൻ കത്തും കൊണ്ടു എത്തിച്ചേർന്നതു്. അദ്ദേഹം അക്ഷമയോടുകൂടി ആ കത്ത് വാങ്ങിച്ചു വായിച്ചു. അദ്ദേഹത്തിൻെറ അത്ഭുതം അതിരു കടന്നതായിരുന്നു. മുമ്പൊരവസരവും ഉണ്ടായിട്ടില്ല, ഉമതന്നോട് ഇത്ര ദാക്ഷിണ്യം കാണിച്ചിട്ട്. അന്ന്, ഉമ ഒരു കന്യകയായിരുന്ന അന്ന്, താൻ അവളെ അളവററു സ്നേഹിച്ചിരുന്ന അന്ന്, അവൾക്കു തന്നെ സ്വീകരിക്കുവാൻ സർവ്വസ്വാതന്ത്ര്യവുമുണ്ടായിരുന്ന അന്നു കൂടി അവൾ തൻെറ സാമിപ്യത്തെ, തൻെറ സഹവാസത്തെ, ഒരിക്കൽ പോലും ആഗ്രഹിക്കുന്നതായി സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല. അവ

ൾ അന്ന് തന്നോട് പ്രദർശിപ്പിച്ചിരുന്ന അനാസ്ഥയ്ക്കും നാണം കുണുങ്ങിയായ അയാൾ യാതൊരു പരിഭവവും അവളോടു പറഞ്ഞിരുന്നില്ല. ഉമ വിഹാരിയെ വേട്ടപ്പോഴും, മൌനമാണ് ഉത്തമമെന്ന് സതീശൻ നിശ്ചയിച്ചു. മറത്തു വല്ലതും പറയുന്നതു് ദുസ്സാധമായിരുന്നു, എന്തെന്നാൽ, വിഹാരി സതീശന്റെ ഒരു ആത്മമിത്രമായിരുന്നു. ഉമയുടെ വിവാഹാനന്തരവും സതീശൻ അവളുടെ ബങ്കിളാവിലേയ്ക്കു കൂടെ ക്കൂടെ പോയിരുന്നു. തന്നോടുള്ള ഉമയുടെ പെരുമാററം താൻ തിരെഗണിച്ചിട്ടില്ലെന്ന് അവളെ ബോദ്ധ്യമാക്കേണമെന്ന് സതീശൻ ആഗ്രഹിച്ചു. പക്ഷെ അധികകാലം വേണ്ടിവന്നില്ല, സതീശന് തന്റെ തെററു കണ്ടു പിടിക്കുവാൻ. തന്റെ മനസ്സിൽ നിന്നും ഉമയെപറിച്ചു കളയുന്നതോടുകൂടി തന്നെ, വിജയിയായ സ്നേഹിതനോടുള്ള അസൂയ അതിൽ പാകിത്തുടങ്ങിയെന്നു സതീശൻ സംശയിച്ചു. വികാരങ്ങളാൽ നായമടപ്പെട്ട ആത്മസംയമനം പൂരത്തിരക്കിന്നിടയിൽ നിന്നുമുള്ള ഒരു ബലഹീനമായ ആക്രന്ദനമത്രെ! സതീശൻ അതു മനസ്സിലാക്കി. തന്റെ സന്ദർശനത്തിന്റെ സംഖ്യയെ വെട്ടിക്കുറയ്ക്കുവാൻ അദ്ദേഹം തീരുമാനിച്ചു. തികച്ചും ഒരു മാസം കഴിഞ്ഞിരുന്നു, സതീശൻ ഉമയെ സന്ദർശിച്ചിട്ട്.

സതീശൻ എന്തു ചെയ്യേണ്ടുവെന്നറിയാതെ വളരെ നേരം ആലോചിച്ചു നിന്നു. ഉമയുടെ ക്ഷണനം സ്വീകരിക്കുന്നതിൽ സതീശന് വളരെ സംശയം തോന്നി. ഒഴികഴിവു പറയുവാൻ തന്നെ അദ്ദേഹം ഉറച്ചു കഴിഞ്ഞു. പക്ഷെ ഒന്നുകൂടി ആലോചിച്ചു അദ്ദേഹം പോകുവാൻ തന്നെ തീർച്ചയാക്കി. "അതിലെന്തു തെററുണ്ടു്" സതീശൻ സ്വയം പറഞ്ഞു "ഒരു പഴയ പരിചയത്തെ പുതുക്കുന്നതിൽ? എന്നു തന്നെയല്ല, അതു വളരെ ആനന്ദപ്രദവും കൂടി ആയിരിക്കും. അദ്ദേഹം ഒന്നു മന്ദഹസിച്ചു—സംതൃപ്തിയുടെ വെള്ളക്കൊടി. ആ യുവാവ് തലമുടി ഒതുക്കി ഉമയുടെ ആതിഥ്യം സ്വീകരിക്കുവാൻ നടന്നു തുടങ്ങി.

(തുടരും)

യു. എസ്സ്.

# ഗ്രന്ഥവിഹാരം.

## 1. ഏകാന്തതയിൽ.

അന്ധവിശ്വാസങ്ങളുടെ അന്ധകാരത്തിൽ, മാമൂലുകളുടെ മഹാരണ്യത്തിൽ, അശരണമായി അലഞ്ഞുകൊണ്ടിരിക്കുന്ന ആധുനികലോകത്തെ, അശാന്തഭാവത്തിലാണെങ്കിലും, അനുകമ്പാകുലമായി വീക്ഷിക്കുന്ന ഒരു യുവാവിന്റെ ശക്തിയുക്തമായ ഹൃദയത്തിൽനിന്നു് പുറപ്പെടുന്ന ശബ്ദമാണു് "ഏകാന്തതയിൽ" ഞങ്ങൾ ശ്രവിക്കുന്നതു്. നവീനലോകത്തെ സംശയത്തോടും ഭയത്തോടുംകൂടി വീക്ഷിക്കുന്ന "സ്ഥിതിസ്ഥാപകരെ" നടുങ്ങിക്കുന്നതിനു്, അനുകരണീയങ്ങളായ ആദർശങ്ങളെ സ്വപ്നം കാണുന്ന യുവാക്കന്മാരെ ഉണർത്തുന്നതിനു്, പ്രാചീനതയുടെ ഇരുണ്ട മുഖത്തു് നവീനതയുടെ പ്രകാശം പരത്തുന്നതിനു്, ഈദൃശങ്ങളായ ഗ്രന്ഥങ്ങളുടെ ആവിർഭാവം അത്യന്താപേക്ഷിതമാകുന്നു.

'സൌന്ദര്യദർശനം', 'അസംതൃപ്തിയും അസമാധാനവും', 'കവിത' 'തൊഴിലാളിയുടെ കത്തു്', 'സങ്കല്പലോകം', 'പൊതുജനാഭിപ്രായം', 'പ്രയത്നം', 'കാമുകന്റെ കത്തു്', 'ഏകാന്തതയിൽനിന്നു', ഇങ്ങനെ ഒൻപതു ലഘുലേഖങ്ങളാണു് പ്രകൃത കൃതിയിൽ ഉള്ളതു്. ഉൽക്കൃഷ്ടവും സ്വാതന്ത്ര്യവും ആയ ചിന്ത, രണ്ടും അവിഭാജ്യമായ വിധത്തിൽ ആമേളിക്കുമ്പോളുണ്ടാകുന്ന അന്യാദൃശരാമണീയകത്തിനു് ഈ ഉപന്യാസങ്ങളിലെ പല ഭാഗങ്ങളും നിദർശനങ്ങളത്രെ.

"സൗന്ദര്യം" അസാന്മാർഗ്ഗികങ്ങളായ സാന്മാർഗ്ഗിക നിയമങ്ങൾ മനുഷ്യജീവിതത്തിന്റെ മനോഹാരിത നശിപ്പിക്കുന്നവയാണെന്നു് വിശദമാക്കുന്നു. എന്നാൽ, വ്യാസനു ബാലകൃഷ്ണന്റെ രൂപത്തിൽ പ്രത്യക്ഷമായ പ്രപഞ്ചസൗന്ദര്യത്തിൽ ഭക്തന്മാർ ഭഗവദ്രൂപം ദർശിച്ചതുകൊണ്ടു് എന്താണു ന്യൂനതയെന്നു് ഞങ്ങൾക്കു മനസ്സിലായില്ല. ഭീരുതയുടേയും അലസതയുടേയും മുഖഛായയുള്ള സന്തൃപ്തിയേയും സമാധാനത്തേയും ആഗ്രഹിച്ചു കഴിഞ്ഞുകൂടുന്ന ജനങ്ങൾ 'അസംതൃപ്തിയും അസമാധാനവും' ഒന്നു വായിച്ചിരിക്കേണ്ടതാണു്. ആപത്തിന്റെ ഇരുണ്ടനിഴലിൽകൂടിയാണു് അസംതൃപ്തിയുടേയും അസമാധാനത്തിന്റേയും മുള്ളുനിറഞ്ഞ പാതയിൽക്കൂടിയാണു് ശാന്തിയുടെ സൗധത്തിലേയ്ക്കുള്ള മാർഗ്ഗമെന്നു് 'ശിവാജി' 'നെപ്പോളിയൻ' 'ലെനിൽ' 'മഹാത്മജി' മുതലായ ആരാധ്യപുരുഷന്മാരുടെ ജീവിതത്തെ അവലംബിച്ചു സ്വാതന്ത്ര്യചിന്തകളാൽ സാധിക്കുന്ന ഈ ലഘുലേഖം അത്യന്തം ശ്രദ്ധേയമാകുന്നു. എന്നാൽ, ആർഷമായ ആദർശമാണു് ഭാരതത്തെ അലസമാക്കിയതെന്നു് പൂ

ൎണ്ണമായി സമ്മതിക്കുവാൻ ഞങ്ങൾ സന്നദ്ധരല്ല. അദൃശ്യമായിട്ടാണെങ്കിലും ഭാരതഹൃദയത്തെ ഇന്നും അക്രമരഹിതവും അഹിംസാപരവുമായ മാൎഗ്ഗത്തിൽക്കൂടിത്തന്നെ ഭൗതികദൎപ്പത്തിൻെറ കോടിയുടെ മുൻപിൽ തലതാഴ്ത്താതെ നയിക്കുന്നതു് ആ മഹനീയശക്തിവിശേഷത്തിൻെറ അവശേഷം മാത്രമല്ലയോ എന്നു് ഞങ്ങൾ ഗ്രന്ഥകാരനോടു ചോദിക്കുന്നു. 'വാക്യം രസാത്മകം കാവ്യം' എന്നു പറഞ്ഞു് ഉൽകൃഷ്ടചിന്തകളെ കവിതയുടെ പരിധിയിൽനിന്നു അകത്തിനിൎത്തുവാൻ യത്നിക്കുന്ന നിരൂപകവീരന്മാർ "കവിത" ഒന്നുവായിച്ചാൽ മലയാളസാഹിത്യത്തിനു വലിയ ഉപകാരമായിരിക്കും. ഇതര വിഷയങ്ങളുടെ പ്രതിപാദനവും പ്രശംസാവഹമായിട്ടുണ്ടെന്നു് സംക്ഷേപിക്കുവാനേ ഇവിടെ സ്ഥലം അനുവദിക്കുന്നുള്ളു.

"മനതതപശാസ്ത്രം" "മാൎദ്ദവവശം" "കവി ഏകാന്തനാകുന്നു", ഇങ്ങിനെ ചില അസാധുപ്രയോഗങ്ങൾ അങ്ങുമിങ്ങും കാണുന്നതു്, ആശയമാഹാത്മ്യത്തെ ബാധിക്കുന്നതല്ലെങ്കിലും, പ്രകാശനമാധുൎയ്യത്തിൻെറ പൂൎണ്ണതയ്ക്കുവേണ്ടി പരിവൎജ്ജിക്കേണ്ടതാണെന്നു് ഞങ്ങൾ ഗ്രന്ഥകാരനെ സ്നേഹപൂൎവ്വം സ്മരിപ്പിക്കുന്നു.

(പി. കേശവദേവ്, സ്വരാജ്യഗ്രന്ഥാവലി, പറവൂർ.)

## രാമാനുജാചാൎയ്യരും വൈഷ്ണവമതവും.

(തുടൎച്ച)

ഇതെങ്ങിനെ സാധിക്കാം? തൃഷ്ണയെ സംഹരിച്ചാൽ, ഇന്ദ്രിയങ്ങൾക്കു് സുഖം കൊടുക്കുന്ന വസ്തുക്കളെ ത്യജിച്ചാൽ, സംസാരസാഗരത്തിൽനിന്നു് കരകയറാം. ഇന്ദ്രിയങ്ങൾക്കു് സുഖം കൊടുക്കുന്നവസ്തുക്കളിലുള്ള ആശയാണു് സംസാരബന്ധത്തിനു് കാരണം. സംസാരബന്ധത്തിൽനിന്നു മോചനം ലഭിച്ചാൽ നിൎവ്വാണപ്രാപ്തിയുണ്ടാകുന്നു. നിൎവ്വാണവും മോക്ഷവും ഒന്നല്ല. നിൎവ്വാണപ്രാപ്തിയിങ്കൽ സംസാരദുഃഖമില്ലാതാകുന്നുവെന്നു് മാത്രമെ ബുദ്ധൻ പറയുന്നുള്ളു. സംസാരത്തിൽ നിന്നു് മോചനം ലഭിച്ചാൽ പിന്നത്തെ കഥയെന്തെന്നു് ബുദ്ധൻ പ്രസ്താവിക്കുന്നില്ല. -സന്മാൎഗ്ഗത്തിലൂടെ ജീവിതം നയിക്കുക. പരബ്രഹ്മസ്വരൂപം, ആത്മാവിൻെറ അവസാന പരിണാമം എന്നിവയെപ്പററി വൃഥാവാദം ചെയ്തു സമയം കളയാതിരിക്കുക" എന്നു അദ്ദേഹം ഒന്നിലധികം പ്രാവശ്യം പറഞ്ഞിട്ടുണ്ടുപോൽ. ആത്മാവു് വാസ്തവമായ ഒരു വസ്തുവാണെന്നോ, ദൈ

വവും ആത്മാവും ഒന്നാണെന്നൊ അല്ലെന്നൊ അദ്ദേഹം അന്വേഷിക്കുന്നില്ല. ഈ വക സംഗതികളെപ്പററി ശാശ്വതമായ ഒരു തീൎപ്പ് കല്പിപ്പാൻ നമുക്കു സാദ്ധ്യമല്ല. അതുകൊണ്ടു അവയെപ്പററിയുള്ള വിചിന്തനം കൊണ്ടു ജീവിതത്തിന് മഹാത്മ്യം കൂടുന്നതല്ലെന്ന് അദ്ദേഹം ധരിച്ചു. ബ്രഹ്മം ഉണ്ടായാലും കൊള്ളാം; ഇല്ലെങ്കിലും കൊള്ളാം. നിൎവ്വാണപ്രാപ്തിക്കു ശേഷം നില നില്ക്കുന്ന ഒരു ആത്മാവുണ്ടായാലും കൊള്ളാം; ഇല്ലെങ്കിലും കൊള്ളാം. ഈ വക സംഗതികളിലൊന്നിലും അദ്ദേഹം ശ്രദ്ധവച്ചില്ല. ഐഹിക ജീവിതം പരിശുദ്ധവും, അനുഗ്രഹിതവും, ശാന്തവുമായിരിക്കേണമെന്ന് മാത്രമെ അദ്ദേഹം ആശിച്ചിരുന്നുള്ളു. യാഗാദികൎമ്മങ്ങളെയും തത്വചിന്താശക്തിയേയും അദ്ദേഹം ഒരു പോലെത്യജിച്ചു. ബുദ്ധമതതത്വ സംഗ്രഹമാണിതു്; അദ്ദേഹം ദൈവത്തേയോ ആത്മാവിനേയോ നിഷേധിച്ചിട്ടില്ല എന്നതു വാസ്തവം തന്നെ.

പ്രാചീന ഹൈന്ദവചിന്താപദ്ധതിയെ ബുദ്ധൻ തടഞ്ഞു. ബുദ്ധമതപ്രചരണത്തിന് ബുദ്ധാനുയായികൾ ആവുന്നയത്നംചെയ്തു. ഇതരമതപ്രവാചകന്മാരെപ്പോലെ അവരും ബുദ്ധമതം ഒഴിച്ചുള്ള മതങ്ങളെപ്പററി വല്ലാതെ ആക്ഷേപിച്ചു. വൈദികഹിന്ദുമതത്തെ അവർ പുച്ഛിച്ചു. ഈ ആക്ഷേപങ്ങൾക്കു മറുപടിപറയാതെനിവൃത്തിയില്ലാതായപ്പോൾ ഹിന്തുക്കളുടെഇടയിൽ ഒരു മതപരിവൎത്തനമുണ്ടായി. ബുദ്ധമതം ഉത്തരധ്രുവത്തിലായിരുന്നുവെങ്കിൽ, ഹിന്ദുമതസംരക്ഷകന്മാർ ദക്ഷിണധ്രുവത്തിലായിരുന്നു. ബുദ്ധമതക്കാരുടെ ആക്ഷേപത്തിന് എതിർപറഞ്ഞു പുറപ്പെട്ടതു മീമാംസകന്മാരായിരുന്നു. വേദങ്ങളുടെ പ്രാബല്യത്തെ സ്ഥാപിപ്പാൻതന്നെയാണ് മീമാംസകന്മാർ ഉദ്യമിച്ചതു്. വേദങ്ങൾ ശാശ്വതവും സ്വതന്ത്രമായ സ്വരയോടുകൂടിയവയുമാണെന്ന് മീമാംസകന്മാർ വാദിച്ചുതുടങ്ങി. വൈദികമതത്തോടൊപ്പം യാഗാദികൎമ്മങ്ങളും പ്രബലങ്ങളാണെന്ന് മീമാംസകന്മാർപറഞ്ഞു. ഈ പുറപ്പാടുകൊണ്ടു ബുദ്ധമതതത്വങ്ങളെ ഖണ്ഡിപ്പാൻ കഴിഞ്ഞില്ല. ബ്രഹ്മാസ്ത്രഖണ്ഡനം ചെയ്വാൻ ബ്രഹ്മാസ്ത്രംതന്നെ വേണമെന്നസ്ഥിതിയായി. ബുദ്ധമതക്കാരുടെ തത്വശാസ്ത്രത്തെ ഖണ്ഡിപ്പാൻ തത്വശാസ്ത്രവും, അവരുടെ സന്മാൎഗ്ഗശാസ്ത്രത്തെ ഖണ്ഡിപ്പാൻ സന്മാൎഗ്ഗശാസ്ത്രവും ആവശ്യമായി. ഈ ശാസ്ത്രങ്ങളുടെ ആവിൎഭാവത്തിന് ഞെരുക്കമുണ്ടായിരുന്നില്ല. ദൈവത്തെപ്പററിയോ, ആത്മാവിന്റെ അവസാനസ്ഥിതിയെപ്പററിയോ ചിന്തിക്കാത്ത ഒരു മതത്തിൽ മനുഷ്യഹൃദയം സംതൃപ്തി അടയാത്തതിൽ എന്താണ് അത്ഭുതം? നമ്മുടെ ജീവിതം പരിശുദ്ധവും, പാപരഹിതവും, സ്വാൎത്ഥലേശമില്ലാത്തതും ആയിരിക്കണമെന്ന് പറയുന്നതു് നല്ലതുതന്നെ. നമ്മുടെ ജീവിതം അങ്ങിനെയു

കേണമെന്നു് പറവാൻ കാരണമെന്തു്? മനുഷ്യനിൽ രണ്ടു തരത്തിലുള്ള ശക്തികൾ വ്യാപരിക്കുന്നുണ്ടത്രെ. ഒന്നിൻെറ പ്രേരണമൂലം അയാൾ സൽക്കർമ്മം ചെയ്യുന്നു; മറേറതിൻെറ പ്രേരണമൂലം അയാൾ ദുഷ്കൃത്യം ചെയ്യുന്നു. ഈ രണ്ടു ശക്തികളും തമ്മിൽ മനുഷ്യഹൃദയത്തിൽ നിരന്തരമായ ആഹവം നടക്കുന്നു. ഈ ആഹവത്തിൽ സൽകൃത്യം ചെയ്വാൻ നമ്മെ പ്രേരിപ്പിക്കുന്ന ശക്തിക്കു് ജയം സിദ്ധമാകേണമെങ്കിൽ ആ ശക്തിക്കു് മതത്തിൻെറയും തത്വജ്ഞാനത്തിൻെറയും സഹകരണം ആവശ്യമാണു് എന്നത്രെ സെൻററ് പോൾ പറയുന്നതു്. ഈ സഹകരണമുണ്ടായാൽ തന്നെയും ചിലപ്പോൾ ദുരുപദേഷ്ടാവിന്നു് വിജയം ലഭ്യമാകുന്നു. അതുകൊണ്ടു മനുഷ്യഹൃദയത്തെ സമാധാനപ്പെടുത്തുവാൻ ബുദ്ധമതം പര്യാപ്തമായില്ല. ബുദ്ധമതത്തെ തടയുവാനുള്ള മീമാംസകന്മാരുടെ പരിശ്രമവും സഫലമായില്ലെന്നു് നാം കണ്ടുവല്ലൊ.

ബുദ്ധമതഖണ്ഡനം ചെയ്തു ഹൈന്ദവമതത്തിൻെറ പ്രാബല്യത്തെ പുനഃസ്ഥാപിച്ചതു് ശങ്കരാചാര്യരാണു്; അദ്ദേഹത്തിന്നു മുമ്പുതന്നെ ഗൌഡപാദാചാര്യർ ഇതിന്നു ശ്രമിച്ചിരുന്നു. ബുദ്ധൻെറ സന്മാർഗ്ഗശാസ്ത്രത്തിൻെറ മൂലം ഹിന്തുക്കളുടെ ഉപനിഷത്തുകളാണെന്നു് കാണിപ്പാനുള്ള ഒരു മാർഗ്ഗം ഗൌഡപാദർ കണ്ടുപിടിച്ചിരുന്നു. നമ്മുടെ പരിതസ്ഥിതികൾക്കു് നമ്മുടെ സ്വഭാവരൂപവൽക്കരണത്തിൽ എത്രത്തോളം പ്രാബല്യമുണ്ടെന്നു് നാം ഇപ്പോഴും അറിയുന്നില്ല. നമ്മുടെ വിചാരങ്ങളും പ്രവൃത്തികളും സ്വതന്ത്രങ്ങളാണെന്നു നാം വിചാരിക്കുന്നു. എന്നാൽ വാസ്തവം ഇതല്ലെന്നു് അല്പം ആലോചിച്ചാൽ നമുക്കു ബോദ്ധ്യം വരുന്നതത്രെ. ഒരു പ്രത്യേക സമയത്തും സ്ഥലത്തും ജീവിച്ചിരിക്കുന്ന ഒരു മനുഷ്യൻ ഒരു പ്രത്യേകരീതിയിൽ ആലോചിപ്പാനും പ്രവൃത്തിപ്പാനും പ്രത്യേകകാരണങ്ങളുണ്ടാകും. ഇതിന്നു ചരിത്രം സാക്ഷിയാണു്. ബുദ്ധമതഖണ്ഡനം ചെയ്വാൻ ഗൌഡപാദരും ശങ്കരാചാര്യരും ചരിച്ച പദ്ധതിയിൽക്കൂടി ചരിപ്പാൻ അവർക്കു പ്രത്യേകകാരണങ്ങളുണ്ടായിരുന്നു. വേദങ്ങളുടെ പ്രാബല്യത്തെ നിലനിർത്തേണമെന്നും; പരിശുദ്ധവും, പാപരഹിതവും, സ്വാർത്ഥരഹിതവുമായ ജീവിതമാണു് നാം നയിക്കേണ്ടതെന്നു് വേദങ്ങൾ തന്നെ ഘോഷിച്ചിരുന്നുവെന്നു പ്രഖ്യാപനം ചെയ്യേണമെന്നുമായിരുന്നു അവരുടെ ഉദ്ദേശം. ശങ്കരാചാര്യരുടെ ഹ്രസ്വമായ ഈ ജീവിതകാലത്തിന്നിടയിൽ ഒരു തത്വജ്ഞാനിയെന്ന നിലയിലും ഒരു മതപരിഷ്കാരിയെന്ന നിലയിലും അദ്ദേഹം അനിതരസാധാരണമായ വിഖ്യാതി സമ്പാദിച്ചു. വേദങ്ങൾ ശാശ്വതങ്ങളും അഖണ്ഡനീയങ്ങളുമാണെന്നു് മീമാംസകന്മാരെപ്പോലെതന്നെ സമ്മതിച്ചു, യാഗാദികർമ്മങ്ങളിൽ അവർക്കുണ്ടായിരുന്ന അതിരുകവിഞ്ഞ വിശ്വാസത്തെ ശങ്കരാചാര്യർ തടഞ്ഞു.

അദ്ദേഹത്തിന്റെ ഈ ആഹവത്തിൽ അദ്ദേഹത്തിനു് അസാമാന്യമായ വിജയം സിദ്ധമാണെന്നു് കാണിപ്പാൻ തെളിവുകളുണ്ടു്. ഈശ്വരനെക്കുറിച്ചു് അജ്ഞത പ്രകിടിപ്പിച്ചുകൊണ്ടുള്ള ബുദ്ധമതക്കാരുടെ സന്മാർഗ്ഗശാസ്ത്രത്തെക്കാളും മാഹാത്മ്യമേറിയതാണു് വൈദികസന്മാർഗ്ഗശാസ്ത്രമെന്നു് ആചാര്യർ സ്ഥാപിച്ചു. ബുദ്ധമതക്കാരോടുള്ള ആഹവത്തിലും അദ്ദേഹം വിജയം സമ്പാദിച്ചു. പുരാതനമായ അടിസ്ഥാനത്തിന്മേൽ തന്നെ ഹിന്ദുമതത്തെ യാതൊരു കളവുമില്ലാത്ത വിധത്തിൽ വീണ്ടും പ്രതിഷ്ഠിപ്പാൻവേണ്ടി ആചാര്യർ പ്രയത്നിച്ച സമയത്തുതന്നെ മനുഷ്യജീവിതവും മനുഷ്യസമുദായവും പരിശുദ്ധമായിരിക്കേണമെന്നും ആചാര്യർ സിദ്ധാന്തിച്ചു.

അദ്ദേഹത്തിന്റെ ജീവിതകാലം ഹ്രസ്വമായിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ആലോചനാരത്നങ്ങളിൽ നന്ന കുറച്ചു മാത്രമേ നമുക്കു സിദ്ധമായിട്ടുള്ളു. ആചാര്യർ കുറേക്കാലംകൂടി ജീവിച്ചിരുന്നുവെങ്കിൽ, ഭാരതീയതത്വജ്ഞാനത്തിൽ അന്ധകാരമയമായി കിടക്കുന്ന അനവധി തത്വങ്ങളെ അദ്ദേഹം പ്രശോഭിതമാക്കുമായിരുന്നു. ആചാര്യരുടെ കാലത്തിനുശേഷം ബുദ്ധമതക്കാർ ഹിന്ദുമതത്തെ ആക്ഷേപിപ്പാൻ പുറപ്പെടുകയുണ്ടായിട്ടില്ല. എന്നുമാത്രമല്ല, ഹിന്ദുമതത്തിന്റെ മുൻഗതിക്കു യാതൊരു പ്രതിബന്ധവും ഉണ്ടായിട്ടില്ല. ബുദ്ധമതാനുയായികളുടെ പരിശുദ്ധമായ ജീവിതത്തിൽനിന്നു ലഭ്യമാകുന്നതിലധികം സന്മാർഗ്ഗഗുണം വൈദിക ഹിന്ദുമതത്തിൽനിന്നും ജന്യമാകാൻ മാർഗ്ഗമുണ്ടെന്നു് അദ്ദേഹം കാണുകയും ഇതരന്മാരെക്കാണിച്ചുകൊടുക്കുകയും ചെയ്തു. ശങ്കരാചാര്യർക്കു സിദ്ധമായ ഈ വിജയം ചരിത്രപ്രധാനമായ ഒന്നുതന്നെ. ഹിന്ദുക്കളുടെ മതത്തെപ്പററി നിന്ദിപ്പാൻ ബുദ്ധമതക്കാർക്കു വഴിയില്ലാതായി. ഹിന്ദുമതം അജയ്യമാണെന്നുതന്നെ വന്നുകൂടി. ശങ്കരാചാര്യർ ഒരു വൈഷ്ണവനായിരുന്നുവെന്നു തെളിയിപ്പാനുള്ള ലക്ഷ്യങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലുണ്ടുപോൽ.

സാധാരണക്കാരായ ജനങ്ങൾക്കു ശങ്കരാചാര്യരുടെ വേദാന്തമതം ദുർഗ്രഹമായിരുന്നുവെന്നു സമ്മതിച്ചേ തീരു. ആത്മാവിനെ ദൈവത്തിങ്കൽ സമർപ്പിക്കേണമെന്നായിരുന്നു സാധാരണജനങ്ങളുടെ ആഗ്രഹം. തന്നെ രക്ഷിപ്പാൻ ശക്തനായ ഒരു ദൈവത്തെയാണു് സാധാരണമനുഷ്യൻ ആവശ്യപ്പെടുന്നതു്. ഇത്തരത്തിലുള്ള പരമകാരുണികനായ ഒരു ദൈവത്തെയല്ല ആചാര്യരുടെ വൈദികമതം പ്രത്യക്ഷമാക്കിയതു്. അതുകൊണ്ടു തങ്ങളുടെ ആത്മാവിന്നു് അഭയം പ്രദാനം ചെയ്വാൻ ശക്തനായ ഒരു ദൈവത്തെ ജനങ്ങൾ ആരാഞ്ഞു പുറപ്പെട്ടു

തിൽ എന്താണ് അത്ഭുതം? പുരാതന ഹിന്ദുമതം, ഭക്തവത്സലനും ആശ്രിതരക്ഷണനുമായ ഒരു ദൈവത്തെ പ്രഖ്യാപനം ചെയ്യിരുന്നു. ബുദ്ധമതോത്ഭവത്തിന്ന് മുമ്പുതന്നെ ഹിന്ദുക്കൾ ത്രിമൂൎത്തികളെ ആരാധിച്ചിരുന്നുവെന്നു തോന്നുന്നു. ബുദ്ധമതത്തിന്റെ തിരോഭാവത്തിന്നുശേഷം വൈദിക ഹിന്ദുമതം മുമ്പേത്തേക്കാളധികം പരിഷ്കൃതമായി. നമ്മുടെ ജീവിതം സ്വാൎത്ഥരഹിതവും പാപരഹിതവുമായിരിക്കേണമെന്ന് ഇതരമതങ്ങളെപ്പോലെ ഈ മതവും പ്രഖ്യാപനം ചെയ്യുതുടങ്ങി. എങ്കിലും മനുഷ്യഹൃദയത്തെ സമാധാനപ്പെടുത്തുന്നതിന്ന് പൎയ്യാപ്തമായ ഒരു മതത്തെക്കുറിച്ച് അതിന്നു മുമ്പുതന്നെ ഹിന്ദുക്കൾ അറിഞ്ഞിരുന്നു. മഹാഭാരതത്തിലും പുരാണങ്ങളിലും ഇത്തരത്തിലുള്ള ഒരു മതത്തിന്റെ സൂചനങ്ങൾ കാണാം. അപ്പോൾ—ഇത്തരത്തിലുള്ള ഒരു മതം ആവശ്യമായ സമയത്തു അതിനെപ്പററി പ്രസംഗിപ്പാൻ മതപരിഷ്കാരികൾ ജാതരായി. അവരിൽ പ്രഥമ സ്ഥാനാൎഹന്മാരായവരിൽ ഒരാളാണല്ലൊ രാമാനുജാചാൎയ്യർ. അദ്ദേഹത്തിന്റെ പ്രയത്നം എത്രയും സഫലമായിഭവിച്ചു. ശ്രീവൈഷ്ണവമതത്തിന്റെ ചിത്രം പരിശോധിക്കുന്നതായാൽ രാമാനുജന്ന് മാൎഗ്ഗദൎശികളായി അനവധി ആചാൎയ്യന്മാർ ജാതരായിട്ടുണ്ടെന്നു കാണാം. ഭാഗവതന്മാരുടെ മതതത്വങ്ങളോടു ശങ്കരാചാൎയ്യരുടെ അദ്വൈതതത്വങ്ങൾ സംഘടിപ്പിക്കമാത്രമാണ് രാമാനുജാചാൎയ്യർചെയ്യതു്. ദൈവത്തിന് ആത്മസമൎപ്പണം ചെയ്യു. ഭക്തന്മാരും ഈശ്വരാരാധകന്മാരുമായികാലം കഴിപ്പാൻ ജനങ്ങളെ പഠിപ്പിക്കേണമെന്നായിരുന്നു രാമാനുജരുടേ ഉദ്ദേശം. ജീവാത്മാവും പരമാത്മാവും ഒന്നാണെന്നും മററും അദ്ദേഹം വാദിപ്പാൻ പുറപ്പെട്ടില്ല. ജീവിതം പാപരഹിതവും സ്വാൎത്ഥരഹിതവുമായിരിക്കേണമെന്നു രാമാനുജക്കു മുമ്പു തന്നെ ഭാരതവൎഷത്തിൽ അനവധി ആചാൎയ്യന്മാർ പ്രസംഗിച്ചിട്ടുണ്ടു്. എന്നാൽ അവരുടെ തത്വമനുസരിച്ചു ജീവിതം നയിക്കേണ്ടതെങ്ങിനെയെന്ന് അവർ വ്യവസ്ഥാപിച്ചിരുന്നില്ല. തത്വജ്ഞാനപരമായ ചിന്തയാണൊ ഹൃദയനൈൎമ്മല്യമാണോ ഇതിന്നുള്ള മാൎഗ്ഗം എന്നായിരുന്നു വാസ്തവത്തിലുള്ള തൎക്കം. പരിശുദ്ധവും ഉൽകൃഷ്ടവുമായ സ്വഭാവ നിൎമ്മിതിക്കു ഈ രണ്ടു മാൎഗ്ഗങ്ങളും പൎയ്യാപ്തങ്ങളാണ് എന്നാൽ, അപരമാൎഗ്ഗമാണ് പൂൎവമാൎഗ്ഗത്തേക്കാളധികം സാധാരണക്കാൎക്കു എളുപ്പ മായിരിക്കുക.

(തുടരും)

വി. പി. രാമന്മേനോൻ.